# കുഷ്ഠരോഗചികിത്സാദർപ്പണം

(അനുഭവചികിത്സാഗ്രന്ഥം)

---

The Mathrubhumi Ptg. & Pblg. Co., Ltd.
CALICUT

പ്രബന്ധകൻ,

അഭിനവവാഗ്ഭടൻ

അനന്തപുരത്തു മൂത്തകോയിത്തമ്പുരാൻ തിരുമനസ്സിലെ ശിഷ്യൻ,

കെ. വി. കൃഷ്ണൻവൈദ്യൻ,

ശ്രീമൂലരാജവൈദ്യശാല, കൊല്ലം.

---

പ്രകാശകൻ,

കെ. ജി പരമേശ്വരൻപിള്ള

"ശ്രീരാമവിലാസം" പ്രസ്സ്—കൊല്ലം.

---

പകർപ്പവകാശം പ്രകാശകന്.

1-ാംപതിപ്പു കാപ്പി—500.

വില അണ 8.

1114.

Since 1923

# പ്രസ്താവന.

അഭിനവവാഗ്ഭടൻ എന്ന അപരാഭിധാനത്താൽ വിശ്രുതനും, എന്റെ വന്ദ്യഗുരുനാഥനുമായ അനന്തപുരത്തു മൂത്തകോയിത്തമ്പുരാൻ തിരുമനസ്സിലെ സന്നിധാനത്തിൽനിന്നും അവിടുത്തെ ആശിർവ്വാദാനുഗ്രഹങ്ങളോടുകൂടി ഞാൻ വൈദ്യവൃത്തിയിൽ ഏർപ്പെട്ടിട്ട് ഇപ്പോൾ നാല്പത്തിയഞ്ചുവർഷം കഴിഞ്ഞിരിക്കുന്നു. അദ്ധ്യയനകാലംമുതൽ നാളിതുവരെ നിരന്തരമായുള്ള ശാസ്ത്രപരിചയം, രോഗികളുമായുള്ള സാഹചര്യം ഇവയാൽ എനിക്ക് അനുഭവവേദ്യമായിട്ടുള്ളതും പ്രയോഗത്തിൽ സാദ്ധ്യമാണെന്നു ബോദ്ധ്യമുള്ളതുമായ ചികിത്സാവിധികൾ ആയുർവ്വേദഗ്രന്ഥങ്ങളിൽനിന്നു ഞാൻ സമഗ്രമായി സമാഹരിച്ചിട്ടുള്ളതിന്റെ ഒരു വിഭാഗമാണു് "കുഷ്ഠരോഗചികിത്സാദർപ്പണ"മെന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഈ വൈദ്യഗ്രന്ഥം.

കുഷ്ഠരോഗികൾ ദൈനംദിനം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. ശ്രുതിമാത്രയിൽതന്നെ ഭയപ്പെടുന്ന കുഷ്ഠരോഗം മനുഷ്യരിൽ വരുത്തിക്കൂട്ടുന്ന വൈരൂപ്യങ്ങൾ വിവിധങ്ങളാണു്. ഭയങ്കരമായ ഈ രോഗം ബാധിച്ചാൽ പരാശ്രയംകൂടാതെ അവരവർതന്നെ ചികിത്സിക്കാൻ കഴിയണമെന്നുള്ള വിചാരത്തോടുകൂടിയാണു ഞാൻ ഇതിനെ പ്രസാധനംചെയ്യുന്നതു്. എന്റെ ആഗ്രഹം സഫലമാകാൻ സാക്ഷാൽ ധന്വന്തരിമൂർത്തി സഹായിക്കട്ടെ!

ഇതിൽ വല്ല സ്ഖലിതങ്ങളും വന്നുപോയിട്ടുണ്ടെങ്കിൽ അതിനെ നിർമ്മത്സരബുദ്ധികൾ ക്ഷമിക്കുമെന്നുള്ള വിശ്വാസത്തോടുകൂടിയും, ഇതിന്റെ കയ്യെഴുത്തുകാപ്പി, പ്രൂഫ്പരിശോധന ഇവ ഭംഗിയായി നിർവ്വഹിച്ച് എന്നെ സഹായിച്ച എന്റെ സ്നേഹിതൻ ആനേക്കളീലിൽ മിസ്റ്റർ എസ്. ഗോപാലപിള്ളയോടു കൃതജ്ഞത പ്രകാശിപ്പിച്ചും, ഈ ഗ്രന്ഥത്തിന്റെ പ്രകാശകന്മാർക്ക് സർവ്വവിധമായ മംഗളങ്ങളെ അഭ്യർത്ഥിച്ചുകൊണ്ടും ഈ ഗ്രന്ഥത്തെ ഞാൻ ബഹുജനസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

24—2—114.
കൊല്ലം.

പ്രസാധകൻ,
ശ്രീമൂലരാജവൈദ്യശാല.

Since 1923

ചെയ്യുന്നവൎക്കും, പകൽ ഉറങ്ങുന്നവൎക്കും, ബ്രാഹ്മണർ ഗുരുക്കന്മാർ ഇവരെ നിന്ദിക്കുന്നവൎക്കും, പാപകൎമ്മങ്ങളെ ചെയ്യുന്നവൎക്കും വാതപിത്തകഫങ്ങൾ കോപിച്ചു തൊലിയേയും രക്തത്തേയും മാംസത്തേയും ദുഷിപ്പിക്കുന്നു. ഇവ കാരണമായി പതിനെട്ടുവക കുഷ്ഠങ്ങൾ ഉണ്ടാകുന്നു. അവയിൽ ഏഴു മഹാകുഷ്ഠങ്ങളും പതിനൊന്നു ക്ഷുദ്രകുഷ്ഠങ്ങളുമാകുന്നു.

കുഷ്ഠാനി സപ്തധാ ദോഷൈഃ പൃഥക് ദ്വന്ദ്വൈഃ സമാഗതൈഃ
സൎവ്വേഷ്വപി ത്രിദോഷേഷു വ്യപദേശോധികത്വതഃ

വാതം ഹേതുവായിട്ടും പിത്തം ഹേതുവായിട്ടും കഫം ഹേതുവായിട്ടും വാതപിത്തം ഹേതുവായിട്ടും വാതകഫം ഹേതുവായിട്ടും കഫപിത്തം ഹേതുവായിട്ടും വാതപിത്തകഫങ്ങൾ ഹേതുവായിട്ടും ഉണ്ടാകുന്നവയാകയാൽ കുഷ്ഠങ്ങൾ ഏഴുപ്രകാരത്തിലാകുന്നു. എല്ലാ കുഷ്ഠങ്ങളും ത്രിദോഷങ്ങൾ ഒരുമിച്ചു കോപിക്ക ഹേതുവായിട്ടു് ഉണ്ടാകുന്നു. എങ്കിലും ത്രിദോഷങ്ങളിൽ ഓരോന്നിന്റെ ആധിക്യത്തിൽ വാതകുഷ്ഠം, പിത്തകുഷ്ഠം, കഫകുഷ്ഠം എന്നും ഈ രണ്ടുദോഷങ്ങളുടെ ആധിക്യത്തിൽ വാതപിത്തകുഷ്ഠം, വാതകഫകുഷ്ഠം, പിത്തകഫകുഷ്ഠം എന്നിങ്ങനേയും വ്യവഹാരമുണ്ടു്.

### കുഷ്ഠത്തിന്റെ പൂൎവ്വരൂപം.

അതിശ്ലക്ഷ്ണഖരസ്പൎശ സ്വേദാസ്വേദ വിവൎണ്ണതാഃ
ദാഹഃ കണ്ഡൂസ്ത്വചിസ്വാപസ്തോദഃ കോഠോന്നതിർഭ്രമഃ
വ്രണാനാമധികം ശൂലം ശീഘ്രോല്പത്തിശ്ചിരസ്ഥിതിഃ
രൂഢാനാമപി രൂക്ഷത്വം നിമിത്തേല്പേതികോപനം.
രോമഹൎഷോസൃജഃ കാൎഷ്ണ്യം കുഷ്ഠലക്ഷണമഗ്രജം.

കുഷ്ഠങ്ങൾ ഉണ്ടാകാൻ തുടങ്ങുമ്പോൾ തൊലി ഏററവും മിനുമിനുപ്പാകയോ പരുപരുപ്പാകയോ ചെയ്യും. അധികം വിയൎക്കുകയോ അല്ലെങ്കിൽ ഒട്ടും വിയൎക്കാതിരിക്കുകയോ ചെയ്യും. നിറപ്പകൎച്ച, ചൂടു്, ചൊറിച്ചിൽ, തരിപ്പു്, കുത്തിനോവു്, വട്ടപ്പിണരുകൾകൊണ്ടു് തൊലി ഉയൎന്നിരിക്കുക, തലതിരിച്ചിൽ, വ്രണങ്ങളുണ്ടായാൽ അവയ്ക്കു് അതിവേദന, പെട്ടെന്നു വ്രണങ്ങളുണ്ടാക, അവ വളരെക്കാലം നില്ക്കുക, ഉണങ്ങിയാലും രൂക്ഷങ്ങളായിരിക്കുക, നിസ്സാരകാരണംകൊണ്ടു് അവ പിന്നെയും കോപിക്കുക, രോമാഞ്ചം ഉണ്ടാക, രക്തം കറുത്തിരിക്കുക എന്നിവയൊക്കെയും ഉണ്ടായിരിക്കും.

### കാപാലകുഷ്ഠലക്ഷണം.

കൃഷ്ണാരുണകപാലാഭം യദ്രൂക്ഷം പരുഷം തനു
കാപാലം തോദബഹുലം തൽകുഷ്ഠം വിഷമം സ്മൃതം.

ഏഴുവിധ മഹാകുഷ്ഠങ്ങളിൽ പെട്ട കാപാലകുഷ്ഠം കറുത്തനിറ

Since 1923

ത്തിലും ചുവന്നനിറത്തിലും കലത്തിന്റെ ഓട്ടുപോലെയും രൂക്ഷമായും പരുപരുപ്പോടുകൂടിയും നേൎത്തിട്ടും അധികം കുത്തിനോവോടുകൂടിയും ഇരിക്കും. ദുശ്ചികിത്സ്യവുമാണ്.

ഔദുംബരകുഷ്ഠലക്ഷണം.

രുഗ്ദാഹരാഗകണ്ഡൂഭിഃ പരീതം ലോമപിഞ്ജരം
ഉദുംബരഫലാഭാസം കുഷ്ഠമൌദുംബരം വദേൽ.

വേദനയോടും ചൂടോടും ചുവപ്പോടും ചൊറിച്ചിലോടും ചെമ്പിച്ച രോമങ്ങളോടുകൂടിയും അത്തിക്കായ്പോലെയും ഇരിക്കുന്ന കുഷ്ഠത്തിന് ഔദുംബരകുഷ്ഠമെന്നു പറയുന്നു.

മണ്ഡലകുഷ്ഠലക്ഷണം.

ശ്വേതം രക്തം സ്ഥിരസ്ത്യാനം സ്നിഗ്ദ്ധമുത്സന്നമണ്ഡലം
കൃച്ഛ്രമന്യോന്യസംയുക്തം കുഷ്ഠം മണ്ഡലമുച്യതേ.

വെളുത്തും ചുവന്നും ഉറച്ചും ആൎദ്രമായും മിനുത്തും ഉയൎന്ന മണ്ഡലത്തോടുംകൂടി പരസ്പരം ചേൎന്നിരിക്കുന്നതിനു മണ്ഡലകുഷ്ഠം എന്നുപറയുന്നു. ഇതു് കൃച്ഛ്രസാദ്ധ്യമായിട്ടുള്ളതാകുന്നു.

ഋശ്യജിഹ്വകുഷ്ഠലക്ഷണം.

കൎക്കശം രക്തപൎയ്യന്തമന്തഃ ശ്യാവം സവേദനം
യദൃശ്യ ജിഹ്വാ സംസ്ഥാനമൃശ്യജിഹ്വം തദുച്യതേ.

ഋശ്യജിഹ്വമെന്ന കുഷ്ഠം പരുപരുത്തും അരുകുചുവന്നും ഉള്ളുകറുവാളിച്ചും വേദനയോടുകൂടിയും മരമാനിന്റെ നാക്കുപോലെയും ഇരിക്കുന്ന കുഷ്ഠത്തിനു ഋശ്യജിഹ്വകുഷ്ഠമെന്നു പേർ.

പുണ്ഡരീകകുഷ്ഠലക്ഷണം.

സശ്വേതം രക്തപൎയ്യന്തം പുണ്ഡരീകദളോപമം
സോത്സേധഞ്ച സരാഗഞ്ച പുണ്ഡരീകം തദുച്യതേ.

മദ്ധ്യഭാഗം അല്പം വെളുത്തും ചുവന്ന അരുകോടുകൂടിയും വെൺതാമരയിലപോലെയും ഉയൎന്നും നടുവു ചുവന്നുമിരിക്കുന്ന കുഷ്ഠത്തിന് പുണ്ഡരീകകുഷ്ഠമെന്നു പറയുന്നു.

സിദ്ധ്മകുഷ്ഠലക്ഷണം.

ശ്വേതം താമ്രം തനു ച യദ്രജോ ഘൃഷ്ടം വിമുഞ്ചതി
പ്രായശ്ചോരസി തൽ സിദ്ധ്മമലാബുകുസുമോപമം.

വെളുത്തും ചെമ്പിച്ചും നേൎത്തുമിരിക്കുന്നതു സിദ്ധ്മകുഷ്ഠം. അതു ചൊറിഞ്ഞാൽ പൊടിപുറപ്പെടുകയും ചുരൽപ്പൂവിനോടു തുല്യമായിരിക്കയും ചെയ്യും. ഇതു് അധികവും നെഞ്ചിലാണുണ്ടാകുന്നതു്.

Since 1923

### കാകണകുഷ്ഠലക്ഷണം.

യൽ കാകണന്തികാവർണ്ണം സപാകം തീവ്രവേദനം
ത്രിദോഷലിംഗം തൽ കുഷ്ഠം കാകണം നൈവ സിദ്ധ്യതി.

മദ്ധ്യഭാഗം കുന്നിക്കുരുവിന്റെ മദ്ധ്യഭാഗംപോലെ കറുത്തും വക്കുചുവന്നും ഇരിക്കും. അല്ലാത്തപക്ഷം മദ്ധ്യം ചുവന്നും വക്കു കറുത്തുമിരിക്കും. അതിന്നു പഴുപ്പും അതിയായ വേദനയും ഉണ്ടാകും. പതിനെട്ടു കുഷ്ഠങ്ങളുടേയും ലക്ഷണം കാകണകുഷ്ഠത്തിന്നുണ്ടായിരിക്കും. ഇതു് അസാദ്ധ്യവുമാകുന്നു.

### ഏകകുഷ്ഠത്തിന്റെയും ചർമ്മകുഷ്ഠത്തിന്റെയും ലക്ഷണം.

അസ്വേദനം മഹാവാസ്തു യന്മത്സ്യശകലോപമം
തദേകകുഷ്ഠം ചർമ്മാഖ്യം ബഹളം ഹസ്തിചർമ്മവൽ.

വിയർപ്പില്ലാതെയും അടിയിൽ പരപ്പോടുകൂടിയും മത്സ്യത്തിന്റെ തൊലിയോടു തുല്യമായ തൊലിയോടുകൂടിയും ഇരിക്കുന്നതു് ഏകകുഷ്ഠവും, ശരീരം ആസകലം നിറഞ്ഞു് ആനത്തോലുപോലെ പരുപരുപ്പോടുകൂടിയിരിക്കുന്നതു് ചർമ്മകുഷ്ഠവുമാകുന്നു.

### കിടിപകുഷ്ഠലക്ഷണം.

ശ്യാവം കിണകരസ്പർശം പരുഷം കിടിപം സ്മൃതം.

കറുത്തും തഴമ്പുപോലെ തൊട്ടാൽ മാർദ്ദവമില്ലാത്തതായും പരുപരുപ്പോടുകൂടിയുമിരിക്കുന്നതിന്നു കിടിപകുഷ്ഠമെന്നു പറയുന്നു.

### വൈപാദികകുഷ്ഠലക്ഷണം.

വൈപാദികം പാണിപാദസ്ഫുടനം തീവ്രവേദനം.

ഉള്ളംകയ്യിലേയും കാലിന്റെ അടിയിലുള്ള മാംസത്തെയും ഭേദിച്ചു പുറപ്പെടുന്ന കുഷ്ഠത്തിന്നു വൈപാദികകുഷ്ഠമെന്നു പറയുന്നു. ഇതിന്നു സഹിക്കാൻപാടില്ലാതുള്ള വേദനയും ഉണ്ടായിരിക്കും.

### അലസകകുഷ്ഠലക്ഷണം.

കണ്ഡൂമത്ഭിസ്സരാഗൈശ്ച ഗണ്ഡൈരലസകം ചിതം.

ചൊറിച്ചിലോടും ചുവപ്പോടുംകൂടിയ മുഴകളാൽ നിറഞ്ഞിരിക്കുന്ന കുഷ്ഠത്തിന്നു അലസകകുഷ്ഠമെന്നു പറയുന്നു.

### ദദ്രുമണ്ഡലകുഷ്ഠലക്ഷണം.

സകണ്ഡൂരാഗപിടകം ദദ്രുമണ്ഡലമുൽഗതം.

ചൊറിച്ചിലും ചുവപ്പുമുള്ള കുരുക്കളോടുകൂടി തടിച്ചു വൃത്താകൃതിയിലിരിക്കുന്ന കുഷ്ഠത്തിന്നു ദദ്രുമണ്ഡലകുഷ്ഠമെന്നു പറയുന്നു.

Since 1923

### ചൎമ്മദലകുഷ്ഠലക്ഷണം.

രക്തം സശൂലം കണ്ഡൂമൽ സസ്ഫോടം യൽ ഗലത്യപി
തച്ചൎമ്മദലമാഖ്യാതം സംസ്പൎശാസഹമുച്യതേ.

ചുവന്നും വേദനയോടും പുളകങ്ങളോടുംകൂടി തൊട്ടാൽ സഹിക്കാൻപാടില്ലാത്തവിധത്തിലുമിരിക്കുന്നതിനു ചൎമ്മദലകുഷ്ഠമെന്നു പേർപറയുന്നു.

### പാമാകുഷ്ഠലക്ഷണം.

സൂക്ഷ്മാബഹ്വ്യഃ പിടകാസ്രാവവത്യഃ
പാമേത്യുക്താഃ കണ്ഡുമത്യസ്സദാഹാഃ

ചെറുതായിരിക്കുന്ന കുരുക്കൾ വളരെ ഉണ്ടാകയും അതു പഴുത്തു പൊട്ടിയൊലിക്കയുംചെയ്യും. ചൊറിച്ചിലും ചൂട്ടും അധികമായി ഉണ്ടായിരിക്കും. ഇതിനു പാമാകുഷ്ഠം എന്നു പറയുന്നു.

### കഛ്രൂകുഷ്ഠലക്ഷണം.

സൈവസ്ഫോടൈസ്തീവ്രദാഹൈരുപേതാ
ജ്ഞേയാ പാണ്യോഃ കഛരുഗ്യാസ്ഫിചോശ്ച.

മുകളിൽപ്രസ്താവിച്ച പാമതന്നെ സഹിക്കാൻവഹിയാത്ത ചൂടോടും വലിയ പുളകങ്ങളോടുംകൂടിയതായിരുന്നാൽ അതു് കഛ്രൂകുഷ്ഠമാകുന്നു. അതു കൈയുടെ പടത്തിലും പൃഷ്ഠത്തിലുമാണുണ്ടാകുന്നതു്. വളരെ കഠിനവുമാകുന്നു.

### ശതാരുഃകുഷ്ഠലക്ഷണം.

രക്തം ശ്യാവം സദാഹാൎത്തിഃ ശതാരുസ്സ്യാൽ ബഹുവ്രണം

ചുവന്നും കറുത്തും, ചൂട്ട് വേദന ഇവകാട്ടും വളരെ വ്രണങ്ങളോടും കൂടിയതിനു ശതാരുഃകുഷ്ഠം എന്നു പറയുന്നു.

### വിസ്ഫോടലക്ഷണം.

സ്ഫോടാഃ ശ്യാവാരുണാ ഭാസാ വിസ്ഫോടസ്സ്യുസ്തനുത്വചഃ

കറുവാളിച്ചോ ചുവന്നോ ഇരിക്കുന്ന പുളകങ്ങളോടും മിനുത്ത തൊലിയോടുംകൂടിയ കുഷ്ഠത്തിനു വിസ്ഫോടകുഷ്ഠമെന്നു പേർ പറയുന്നു.

### വിചൎച്ചികാകുഷ്ഠലക്ഷണം.

സകണ്ഡൂ പിടകാ ശ്യാവാ ബഹുസ്രാവാ വിചൎച്ചികാ.

വിചൎച്ചികയെന്ന കുഷ്ഠം ചൊറിച്ചിലോടും കുരുക്കളോടുംകൂടി കറുത്തും വളരെ ചലത്തോടുകൂടിയും ഇരിക്കുന്നതാകുന്നു.

### ദോഷത്രയജനിതകുഷ്ഠലക്ഷണം.

ഖരം ശ്യാവാരുണം രൂക്ഷം വാതകുഷ്ഠം സവേദനം
പിത്താൽ പ്രകുഥിതം ദാഹരാഗസ്രാവാന്വിതം സ്മൃതം
കഫാൽ ക്ലേദിഘനം സ്നിഗ്ദ്ധം സകണ്ഡൂശൈത്യഗൗരവം.

പരുപരുത്തിട്ടും കറുത്തും അല്ലെങ്കിൽ ചുവന്നും രൂക്ഷമായും വേദനയോടുകൂടിയുമിരിക്കുന്ന കുഷ്ഠം വാതംഹേതുവായിട്ടുണ്ടാകുന്നതാകുന്നു. കുത്തിനോവോടും ചൂടോടും ചുവപ്പോടും ചലത്തോടുകൂടിയതുമായ കുഷ്ഠം പിത്തം ഹേതുവായിട്ടുണ്ടാകുന്നതാകുന്നു. നലവോടുകൂടി കനത്തു മാർദ്ദവമായി ചൊറിച്ചിലോടും തണുപ്പോടും ഗുരുത്വത്തോടുംകൂടിയിരിക്കുന്ന കുഷ്ഠം കഫംഹേതുവായിട്ടുണ്ടാകുന്നതാകുന്നു. ഈ രണ്ടു ദോഷങ്ങളുടെ കോപംനിമിത്തമായിട്ടുണ്ടാകുന്ന കുഷ്ഠത്തിനു ആ രണ്ടു ദോഷങ്ങളുടെ കോപംനിമിത്തമായിട്ടുണ്ടാകുന്ന കുഷ്ഠങ്ങളുടെ ലക്ഷണങ്ങളുണ്ടാകും. വാതജാദി മൂന്നു കുഷ്ഠങ്ങളുടേയും ലക്ഷണം സന്നിപാതകുഷ്ഠത്തിനുണ്ടായിരിക്കും.

### ത്വഗാദിധാതുക്കളിൽനില്ക്കുന്ന കുഷ്ഠത്തിന്റെ ലക്ഷണം.

### രസധാതുഗതകുഷ്ഠലക്ഷണം.

ത്വക്സ്ഥേ വൈവർണ്യമംഗേഷു കുഷ്ഠേ രൌക്ഷ്യഞ്ച ജായതേ
ത്വക്സ്വാപോരോമഹർഷശ്ച സ്വേദസ്യാതിപ്രവർത്തനം.

രസ(ത്വക്)ധാതുവിൽ കുഷ്ഠം നില്ക്കുമ്പോൾ ദേഹത്തിനു നിറപ്പകർച്ചയും രൂക്ഷതയും കുത്തിനോവും തൊലിക്കു തരിപ്പും രോമാഞ്ചവും വളരെ വിയർപ്പുമുണ്ടാകും.

### രക്തഗതകുഷ്ഠലക്ഷണം.

കണ്ഡൂവിപൂയകശ്ചൈവ കുഷ്ഠേ ശോണിതസംശ്രിതേ.

കുഷ്ഠം രക്തധാതുവിൽനിന്നാൽ അധികമായ ചൊറിച്ചിലും പഴുപ്പുമുണ്ടാകും.

### മാംസഗതകുഷ്ഠലക്ഷണം.

ബാഹല്യവക്ത്രശോഷശ്ച കാർക്കശ്യം പിടകോദ്ഗമഃ
തോദസ്ഫോടസ്ഥിരത്വഞ്ച കുഷ്ഠേ മാംസസമാശ്രിതേ.

മാംസത്തിങ്കൽ കുഷ്ഠംനിന്നാൽ വർദ്ധിച്ചതായ വായ്‌വരൾച്ചയും ദേഹത്തിനു പരുപരുപ്പും കുരുക്കളും കുത്തിനോവും പോളകങ്ങളുമുണ്ടാകും. അവ സ്ഥായിയായി നില്ക്കുകയും ചെയ്യും.

Since 1923

### മേദോഗതകുഷ്ഠലക്ഷണം.

കൌണ്യം ഗതിക്ഷയോ ഽംഗാനാം സംഭേദഃ ക്ഷതസൎപ്പണം
മേദസ്ഥാനഗതേ ലിംഗം പ്രാഗുക്താനി തഥൈവ ച

കുഷ്ഠം മേദസ്സിങ്കൽനിന്നാൽ കൈയ്യും കാലും മുടങ്ങുകയും നടക്കാൻപാടില്ലാതാകയും അവയവങ്ങൾ പിളരുകയും വ്രണപ്പെട്ടുകയും മേൽപ്രസ്താവിച്ച ത്വഗാദി മൂന്നു ധാതുക്കളിലും കുഷ്ഠംനിന്നാലുള്ള ലക്ഷണങ്ങൾകൂടി കാണുകയുംചെയ്യുന്നു.

### അസ്ഥിമജ്ജഗതകുഷ്ഠലക്ഷണം

നാസാഭംഗോ ഽക്ഷിരാഗശ്ച ക്ഷതേഷു കൃമിസംഭവഃ
സ്വരോപഘാതശ്ച ഭവേദസ്ഥിമജ്ജാസമാശ്രിതേ.

അസ്ഥിയിലും മജ്ജയിലും കുഷ്ഠംനിന്നാൽ മൂക്കു വളയുകയും കണ്ണു ചുവക്കയും വ്രണങ്ങളിൽ കൃമിയുണ്ടാകയും ഒച്ചയടയ്ക്കുകയും ചെയ്യും.

### ശുക്ലാൎത്തവഗതകുഷ്ഠലക്ഷണം.

ദമ്പത്യോഃ കുഷ്ഠബാഹുല്യാൽ ദുഷ്ടശോണിതശുക്ലയോഃ
യദപത്യം തയോൎജ്ജാതം ജ്ഞേയം തദപി കുഷ്ഠിനം.

പുരുഷന്മാൎക്കോ സ്ത്രീകൾക്കോ കുഷ്ഠത്തിന്റെ ആധിക്യം ഹേതുവായിട്ടു ആൎത്തവവും ശുക്ലവും ദുഷിച്ചാൽ അവൎക്കുണ്ടാകുന്ന സന്തതികളും കുഷ്ഠമുള്ളവരായിത്തീരും.

### സാദ്ധ്യാദിഭേദം.

സാദ്ധ്യം ത്വഗ്രക്തമാംസസ്ഥം വാതശ്ലേഷ്മാധികഞ്ച ചേൽ
മേദസി ദ്വന്ദ്വജം യാപ്യം വൎജ്ജ്യം മജ്ജാസ്ഥിസംശ്രിതം
കൃമിതൃൾദാഹമന്ദാഗ്നിസംയുക്തം യത്ത്രിദോഷജം
പ്രഭിന്നം പ്രസ്രുതാംഗഞ്ച രക്തനേത്രം ഹതസ്വരം.
പഞ്ചകൎമ്മഗുണാതീതം കുഷ്ഠം ഹന്തീഹ മാനവം.

ത്വഗാശ്രയവും രക്താശ്രയവും മാംസാശ്രയവും വാതകഫാശ്രയമായും ഇരിക്കുന്ന കുഷ്ഠങ്ങൾ സാദ്ധ്യങ്ങളാകുന്നു. മേദസ്സുമാശ്രയമായും ദ്വന്ദ്വജമായുമിരിക്കുന്ന കുഷ്ഠം യാപ്യമാകുന്നു. പത്ഥ്യാചരണം കൊണ്ടു വലിയ ഉപദ്രവം നേരിടാതെ കഴിയാൻ സാധിക്കുന്നതാകുന്നു. മജ്ജ, അസ്ഥി, ശുക്ലം എന്നീ മൂന്നു ധാതുക്കളെ ആശ്രയിച്ചിട്ടുള്ള കുഷ്ഠം വൎജ്ജ്യമായിട്ടുള്ളതാകുന്നു. കൃമി, തണ്ണീർദ്ദാഹം, ചുട്ട്, അഗ്നിമാന്ദ്യം ഇവകളുള്ള കുഷ്ഠവും, സന്നിപാതകുഷ്ഠവും, പൊട്ടിയകുഷ്ഠവും, കണ്ണുചുവപ്പ്, ഒച്ചയടപ്പ് ഇവ പിടിപെട്ട കുഷ്ഠവും അസാദ്ധ്യ

Since 1923

ങ്ങളത്രേ. പൂവ്വാകൃതിയിലും ത്വഗാദി നാല്വ ധാതുക്കളേയും ആശ്ര യിച്ചിരിക്കുന്ന സന്ദർഭവും ചെയ്യുന്ന ക്രിയകളുടെ വീര്യങ്ങളെ കവി ഞ്ഞിരിക്കുന്ന കുഷ്ഠമാകട്ടെ, അല്ലെങ്കിൽ വമനവിരേചനാദി ഫലങ്ങ ളെ അധഃകരിച്ചിരിക്കുന്ന കുഷ്ഠമാകട്ടെ അസാദ്ധ്യമായിട്ടുള്ളതാകുന്നു.

### കുഷ്ഠങ്ങളിൽ ചികിത്സിക്കാൻവേണ്ടി പ്രധാനദോഷത്തെ പറയുന്നു.

വാതേന കുഷ്ഠം കാപാലം പിത്തേനൗദുംബരം കഫാൽ
മണ്ഡലാഖ്യം വിചാച്ചീ ച ഋഷ്യാഖ്യം വാതപിത്തജം
ചമ്മൈകകുഷ്ഠകിടിപസിദ്ധ്മാലസവിപാദികാഃ
വാതശ്ലേഷ്മോത്ഭവാ ശ്ലേഷ്മപിത്താ ദ്ദ്രുശതാരുഷീ
പുണ്ഡരീകം സവിസ്ഫോടം പാമാ ചമ്മദളം തഥാ
സവൈസ്സ്യാൽ കാകണം പൂവ്വം ത്രികം ദദ്രു സകാകണം
പുണ്ഡരീകഷ്യ ജിഹ്വേ ച മഹാകുഷ്ഠാനി സപ്ത തു

വാതപിത്തകഫങ്ങൾ ഒരുമിച്ചു കോപിക്കഹേതുവായിട്ടാണു് എല്ലാ കുഷ്ഠങ്ങളും ഉണ്ടാകുന്നതു്. എന്നാൽ ത്രിദോഷങ്ങളിൽ ഓരോ ന്നിന്റെ ആധിക്യത്താൽ വാതകുഷ്ഠം, പിത്തകുഷ്ഠം, കഫകുഷ്ഠം എന്നും, ഈരണ്ടു ദോഷങ്ങളുടെ ആധിക്യത്താൽ വാതപിത്തകുഷ്ഠം, വാതകഫകുഷ്ഠം, പിത്തകഫകുഷ്ഠം എന്നും ഒരു വ്യവഹാരമുണ്ടെന്നു പ്രാരംഭത്തിൽതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. വാതംനിമിത്തമായിട്ടു കാപാലം എന്നും, പിത്തംനിമിത്തമായിട്ടു് ഔദുംബരം എന്നും ഓ രോ കുഷ്ഠവും, കഫംഹേതുവായിട്ടു മണ്ഡലം, വിചച്ചിക എന്നിങ്ങ നെ രണ്ടു കുഷ്ഠങ്ങളും ഉണ്ടാകുന്നു. വാതപിത്തം നിമിത്തമായിട്ടു് ഋശ്യജിഹ്വ എന്ന കുഷ്ഠമുണ്ടാകുന്നു. വാതകഫംനിമിത്തമായിട്ടു ച മ്മകുഷ്ഠം, ഏകകുഷ്ഠം, കിടിപകുഷ്ഠം, സിദ്ധ്മകുഷ്ഠം, അലസകകു ഷ്ഠം, വൈപാദികകുഷ്ഠം ഇവയുണ്ടാകുന്നു. കഫപിത്തംനിമിത്തമാ യിട്ടു് ദദ്രുകുഷ്ഠവും, ശതാരുഃകുഷ്ഠവും, പുണ്ഡരീകകുഷ്ഠവും, വിസ്ഫോ ടകുഷ്ഠവും, പാമാകുഷ്ഠവും, ചമ്മദലകുഷ്ഠവുമുണ്ടാകുന്നു. വാതപിത്ത കഫങ്ങൾ നിമിത്തമായിട്ടു് കാകണമെന്ന കുഷ്ഠമുണ്ടാകുന്നു. ഇവ യിൽ കാപാലം, ഔദുംബരം, മണ്ഡലം, ദദ്രു, പുണ്ഡരീകം, ഋശ്യജി ഹ്വം, കാകണം എന്നി ഏഴും മഹാകുഷ്ഠങ്ങളത്രേ.

Since 1923

---

# കുഷ്ഠരോഗചികിത്സാദർപ്പണം

## (ഒരു അനുഭവചികിത്സാഗ്രന്ഥം).

...................

കുഷ്ഠദൈർല്ലഃ സ്നിഗ്ദ്ധദേഹസ്യ സ്നേഹൈഃ കുഷ്ഠവികാരിണഃ
യഥാ ദോഷബലം യുജ്യാത്സംശുദ്ധിം പുരതോ ഭിഷക്.

വൈദ്യൻ കുഷ്ഠരോഗമുള്ളവനെ ആദ്യമായി കുഷ്ഠത്തിനു പറഞ്ഞിരിക്കുന്ന വിരേചനങ്ങൾ ശരീരസ്ഥിതിയനുസരിച്ചു് ചെയ്യിപ്പിച്ചതിനുശേഷം രോഗത്തിനുതക്കവണ്ണമുള്ള എണ്ണകളേയും നെയ്കളേയും ശീലിപ്പിക്കണം.

വാതോത്തരേഷു സർപ്പിർവ്വമനം ശ്ലേഷ്മോത്തരേഷു കുഷ്ഠേഷു
പിത്തോത്തരേഷു മോക്ഷോ രക്തസ്യ വിരേചനം വിഹിതം.

വാതാധികമായ കുഷ്ഠത്തിനു നെയ്യു സേവിപ്പിക്കുകയും കഫാധികമായ കുഷ്ഠത്തിനു വമനം ആചരിക്കുകയും പിത്താധികമായ കുഷ്ഠത്തിനു രക്തമെട്ടുത്തുകളകയും വിരേചിപ്പിക്കയും ചെയ്യണം.

ലലാടഹസ്തപാദേഷു യഥാസന്നം സിരാവ്യധഃ
കാര്യോ യഥാബലം പശ്ചാച്ഛമനാനി പ്രയോജയേൽ.

നെററിയിലേയും കാലിലേയും കൈയിലേയും ഞരമ്പുകളെനോക്കി കൊത്തി ബലത്തിനുതക്കവണ്ണം ചോര കളയണം. അനന്തരം ശമനൌഷധങ്ങളെ സേവിപ്പിക്കണം.

പ്രഭൂതം വാ ജളൌകോഭി ശൃംഗാലാബുസിരാവ്യധൈഃ
സ്നിഗ്ദ്ധസ്യ മോക്ഷയേദ്രക്തം ദുഷ്ടം കുഷ്ഠേ പുനഃ പുനഃ.

കുഷ്ഠരോഗിക്കു് അട്ടയിട്ടോ, കൊമ്പു് ചുരങ്ങ ഇവവച്ചോ, ഞരമ്പു കൊത്തിയോ ദുഷിച്ചിട്ടുള്ള രക്തത്തിന്റെ അവസ്ഥയനുസരിച്ചു് ചോര കളയണം. എന്നാൽ അതിനുമുമ്പുതന്നെ സ്നിഗ്ദ്ധത വരുത്തിയിരിക്കയും വേണം.

സംശുദ്ധിരക്തമോക്ഷാഭ്യാം കൃത്വാ ദേഹസ്യ കുഷ്ഠിനഃ
അന്തർബഹിസ്സംപ്രയുക്തം ഭൈഷജ്യം സഫലം ഭവേൽ.

കുഷ്ഠരോഗിക്കു ദുഷിച്ച രക്തം കളഞ്ഞു് വമനവിരേചനങ്ങളാൽ ശോധനയും വരുത്തി ഉള്ളിലും പുറത്തും യോഗ്യതാനുസരണമുള്ള ഔഷധങ്ങൾ പ്രയോഗിച്ചാൽ രോഗം മാറുകതന്നെചെയ്യും.

### സാമാന്യനിയമം.

പക്ഷാൽ പക്ഷാൽ ഛർദ്ദനാന്യഭ്യുപേയാൻ
മാസാന്മാസാൽ സ്രംസനം ചാപ്യധസ്താൽ
ത്ര്യാഹ്യാത്ത്ര്യാഹ്യാന്നസ്തതശ്ചാവപീഡാ-
ന്മാസേഷ്വസൃങ്മോക്ഷയേൽ ഷട്സു ഷട്സു.

പതിനഞ്ചുദിവസംവീതംകൂട്ടുമ്പോൾ ഒരുദിവസം ഛർദ്ദിപ്പിക്കണം. മുപ്പതുദിവസംവീതംകൂട്ടുമ്പോൾ ഒരുദിവസം വയറിളക്കണം. മുമ്മൂന്നുദിവസംകൂട്ടുമ്പോൾ അവപീഡകനസ്യം ചെയ്യണം. ആറു മാസംകൂട്ടുമ്പോൾ ഒരിക്കൽ രക്തം കളയണം. ഇവയാകുന്നു കുഷ്ഠരോഗത്തിലെ സാമാന്യനിയമങ്ങൾ.

### ഛർദ്ദിപ്പിക്കാൻ കഷായം.

വചാ വാശാ പടോലാനാം നിംബസ്യ ഫലിനീത്വചഃ
കഷായോ മധുനാ പീതോ വാന്തി കൃന്മദനാന്വിതഃ

വയമ്പു്, ആടലോടകത്തിൻവേരു്, പടവലത്തണ്ടു്, വേപ്പിൻതൊലി, ഞാഴൽത്തൊലി ഇവകൊണ്ടു കഷായംവച്ചു തേൻ മേമ്പൊടിചേർത്തു സേവിക്കുക; ഛർദ്ദിയുണ്ടാകും. (വചാവാശാ എന്നതിനു പകരം "യവാവാശാ" എന്നും കാണുന്നുണ്ടു്.)

### വയറിളക്കുവാൻ കഷായം.

വിരേചനം തു കർത്തവ്യം ത്രിവൃദ്ദന്തീ ഫലത്രികൈഃ

ത്രികോല്പക്കൊന്ന, നാഗദന്തിവേരു്, കടുക്ക, താന്നിക്കാ, നെല്ലിക്കാ ഇവ സമം കഷായംവച്ചു സേവിക്കുക. വയറിളകും.

### സേവിപ്പാൻ കഷായങ്ങൾ.

#### പടോലത്രിഫലാദി.

പടോലത്രിഫലാരിഷ്ട ഗുളൂചീ ധാവനീ വൃഷൈഃ
സകരഞ്ജൈഃ കഷായോയം കുഷ്ഠജിദഷ്ടകം സ്മൃതം.

Since 1923

പടവലത്തണ്ട്, കടുക്കാ, താന്നിക്കാ, നെല്ലിക്കാ, വേപ്പിൻതൊലി, ചിററമൃത്, ചെറുവഴുതിനവേർ, ആടലോടകവേർ ഇവകൊണ്ടുള്ള കഷായം സേവിച്ചാൽ കുഷ്ഠം ശമിക്കും.

കാകോദുംബരികാവേല്ലചന്ദ്രരേഖാ ശൃതം ജലം
പീതം പ്രധാപയേശ്ചിത്രം കുഷ്ഠമൌദുംബരം തഥാ.

കാട്ടത്തിത്തൊലി, വിഴാലരിപ്പരിപ്പ്, കാർകോകിലരി ഇവ സമം കഷായംവച്ചു സേവിച്ചാൽ ശ്വിത്രത്തേയും ഔദുംബരകുഷ്ഠത്തേയും ശമിപ്പിക്കും.

ഖദിരാദി.

ഖദിരാരിഷ്ടഗുളൂചീ പടോലദാർവീ ഭൂരാലഭാ ക്വാഥഃ
കുഷ്ഠാനാം വിനിഹന്താ ദൈതേയാനാം നൃസിംഹ ഇവ.

കരിങ്ങാലിക്കാതൽ, വേപ്പിൻതൊലി, ചിററമൃത്, പടവലത്തണ്ട്, മരമഞ്ഞൾത്തൊലി, കൊടിത്തൂവവേർ ഇവകൊണ്ടുള്ള കഷായം ഏതുതരം കുഷ്ഠത്തേയും നിശ്ശേഷം ശമിപ്പിക്കും.

ഗുളൂചീ ത്രിഫലാ ദാർവീ ക്വാഥ ഉഷ്ണേശ്ച വാരിഭിഃ
ത്വഗ്ദോഷവ്രണശോഫഘ്നം പീതോ മാസം സഗുഗ്ഗുലുഃ

ചിററമൃത്, കടുക്ക, താന്നിക്ക, നെല്ലിക്ക, മരമഞ്ഞൾത്തൊലി ഇവ സമം കഷായംവച്ചു പിഴിഞ്ഞരിച്ചു തണുത്താൽ ഗുഗ്ഗുലു മേൻപൊടിചേർത്തു സേവിച്ചതിനുശേഷം കുറച്ചു ചൂടുവെള്ളംകൂടി കുടിക്കുക. ഒരുമാസക്കാലം ഇടവിടാതെ സേവിച്ചാൽ കുഷ്ഠം, വ്രണം, നീരു് എന്നിവകൾ ശമിക്കും.

കാകോദുംബരികാ വേല്ലനിംബാബ്ദൈർവ്യോഷകല്കവൽ
ഹന്തി വൃക്ഷകനിര്യൂഹഃ പാനാൽ സർവ്വത്വഗാമയാൻ.

കാട്ടത്തിത്തൊലി, വിഴാലരി, വേപ്പിൻതൊലി, മുത്തങ്ങാക്കിഴങ്ങ്, കുടകപ്പാലയരി ഇവ സമം കഷായംവച്ച് അതിൽ ചുക്കു, കുരുമുളകു, തിപ്പലിയും സമം അരച്ചുകലക്കി സേവിച്ചാൽ ഏതുതരം കുഷ്ഠവും ശമിക്കും.

ത്രിഫലോഗ്രാപിചുമന്ദസാരിണി രജനീലോഹിതയഷ്ടികാശൃതം
കുലകേന സമം വിശേഷതഃ കഫപിത്തോദ്ഭവകുഷ്ഠസൂദനം.

Since 1923

ത്രിഫല, വയമ്പ്, വേപ്പില, പ്രസാരിണി, മഞ്ഞൾ, ഇരട്ടിമധുരം, പടവലത്തണ്ട് ഇവ സമം കഷായംവച്ചു സേവിക്കുക; കഫപിത്തജമായ എല്ലാ കുഷ്ഠങ്ങളും ശമിക്കും.

ത്രിഫലാ ഖദിരം സദേവകാഷ്ഠം പിചുമന്ദേന ശൃതം സമസ്തകം
ത്രിഭവേഷു സമസ്തകുഷ്ഠകേഷു പരിപേയം കഫപാചനം ത്വിദം.

കടുക്ക, നെല്ലിക്ക, താന്നിക്ക, കരിങ്ങാലിക്കാതൽ, ദേവതാരം, വേപ്പിൻതൊലി ഇവ കഷായംവച്ചു സേവിക്കുക. ത്രിദോഷജമായ കുഷ്ഠം ശമിക്കും.

## മഞ്ജിഷ്ഠാദിക്വാഥം.

മഞ്ജിഷ്ഠാ ഖദിരാമൃതാ വിഷനിശാ തിക്താ വചാ രേണുഭിർ-
യഷ്ടീ നിംബകരഞ്ജകുഷ്ഠ വകുചീ ദേവദ്രു രാജദ്രുമൈഃ
കാകോളീ സഹദേവികാ സബദരീ യക്ഷ്യൈഃ സപാഠഃ ക്വാഥോ
മഞ്ജിഷ്ഠാദിരയം ച ചന്ദനഘനാനന്താ വിഡംഗാ വ്രജൈഃ.

ദുസ്പർശാ ത്രിഫലാകൃതഃ സമുദിതഃ കോശാതകീ തിക്തക-
ച്ഛിഞ്ചാ സിംഹമുഖീ യവൈർന്നിഗദിതസ്ത്വസ്യാനുപാനക്ഷമഃ
ക്വാഥോഽയം വരവൈദ്യഭൃത്പതിഗണൈരുക്തോ മഹാൻവിശ്രുതഃ
പൂർവാർദ്ധോ രസമാണികസ്യ ച വിധൌ സമ്മർദ്ദിതം വർണ്ണിതഃ.

മഞ്ചട്ടിപ്പൊടി, കരിങ്ങാലിക്കാതൽ, അമൃത്, അതിവിടയം, മഞ്ഞൾ, പുത്തരിച്ചുണ്ടവേര്, വയമ്പ്, അരേണുകം, ഇരട്ടിമധുരം, വേപ്പിൻതൊലി, പുങ്കിൻതൊലി, കൊട്ടം, കാർകോകിലരി, ദേവതാരം, കൊന്നത്തൊലി, കാകോളി, പൂവാംകുറുന്തൽ, ലന്തക്കുരു, പേരാലിൻതൊലി, പാടത്താളിക്കിഴങ്ങ് ഇവ സമം കഷായംവച്ചു സേവിക്കുക. അതിനുശേഷം ചന്ദനം, മുത്തങ്ങാക്കിഴങ്ങ്, കടുക്കാത്തോട്, വിഴാലരി, കൊടിത്തൂവവേര്, കടുക്ക, താന്നിക്ക, നെല്ലിക്ക, കാട്ടുപീച്ചത്തിൻകായ്, പുത്തരിച്ചുണ്ടവേര്, പുളിവേരിന്മേലെ തൊലി, ആടലോടകത്തിൻവേര്, യവം ഇവ കഷായംവച്ചു അനുപാനമായി സേവിക്കുകയും വേണം. എന്നാൽ കുഷ്ഠം എല്ലാം ശമിക്കും. ഇതിലെ പൂർവാർദ്ധത്തിൽ പറഞ്ഞയോഗം 'രസമാണികൻ' എന്ന ആചാര്യൻ പറഞ്ഞിട്ടുള്ളതാണ്.

## ത്രിഫലാദി.

ത്രിഫലാ നിംബപടോലം മഞ്ജിഷ്ഠാ രോഹിണീ വചാ രജനീ
ഏഷ കഷായോഽഭ്യസ്തോ നിഹന്തി കഫപിത്തജം കുഷ്ഠം.

ത്രിഫല, വേപ്പിൻതൊലി, പടവലത്തണ്ട്, മഞ്ചട്ടി, കടുകുരോഹിണി, വയമ്പ്, മഞ്ഞൾ ഇവ സമം കഷായംവച്ചു സേവിച്ചാൽ കഫകോപംകൊണ്ടും പിത്തകോപംകൊണ്ടും ഉണ്ടായ കുഷ്ഠം ശമിക്കും.

### മഹാകഷായം.

ശുണ്ഠി നിംബകിരാതതിക്തകകണാ പാഠാ ഹരിദ്രാ ദ്വയം
ത്രായന്തി ത്രിഫലാമൃതാബ്ജകടുകാ വാശാ വചാ വാകുചീ
മഞ്ജിഷ്ഠാതിവിഷാ ദുരാലഭമഹാനിംബാഗ്നിഷാംഗ്രന്ഥികാ
വ്യാധിഘ്നാ ഗജപിപ്പലീ ഭടാ സകടജാ ഭാർങ്ഗീ സമുസ്താ യവാ.
ദൂർവ്വാ ചൈവ പടോലപത്രസഹിതാ രക്തം തഥാ ചന്ദനം
ശ്യാമാ പർപ്പടശാരിബാ കൃമിഹരാ ഗായത്രികാ സംയുതാ!
ഗോമൂത്രേണ മഹാകഷായമരുണോദ്ഭൃതം പിബേദ്യഃ പുമാം-
സ്തസ്യാഷ്ടാദശയാന്തി നാശമചിരാൽ കുഷ്ഠാനി ദുഷ്ടാന്യപി.

ചുക്ക്, വേപ്പിൻതൊലി, കിരിയാത്തു്, തിപ്പലി, പാടക്കിഴങ്ങ് മഞ്ഞൾരണ്ടും, ബ്രഹ്മി, ത്രിഫല, ചിററമൃതു്, താമരയല്ലി, കടുകരോഹിണി, ആടലോടകവേരു്, വയമ്പു്, കാർകോകിലരി, മഞ്ചട്ടി, അതിവിടയം, കൊടിത്തൂവവേരു്, നീരട്ടിത്തൊലി, കൊട്ടുവേലിക്കിഴങ്ങ് വയമ്പ്, കൊന്നത്തൊലി, കാട്ടുവെള്ളരിവേരു്, കടകപ്പാലയരി, ചെറുതേക്കിൻവേരു്, മുത്തങ്ങാക്കിഴങ്ങ്,യവം, കറുക, (പെരുംകുരുമ്പവേരു്) പടവലത്തില, രക്തചന്ദനം, നാല്പ്പാമരക്കൊന്ന,പർപ്പടകപ്പുല്ല്, നന്നാറിക്കിഴങ്ങ്, കൃമിശത്രു, കരിങ്ങാലിക്കാതൽ ഇവ സമം കഷായം വച്ചു പിഴിഞ്ഞരിച്ചു് സമം ഗോമൂത്രം ചേർത്തു് ആററിക്കുറുക്കി പതിവായി രാവിലെ സേവിച്ചാൽ പതിനെട്ടുതരം കുഷ്ഠങ്ങളും പെട്ടെന്നു ശമിക്കും. ഇതിന്നു മഹാകഷായമെന്നു പേർപറയുന്നു.

### പടോലാദി.

പടോലഖദിരാരിഷ്ട ത്രിഫലാ കൃഷ്ണവേത്രജം
തിക്താശനഃ പിബേൽ കാഥം കുഷ്ഠീം കുഷ്ഠം വ്യപോഹതി.

പടവലം, കരിങ്ങാലിക്കാതൽ, വേപ്പിൻതൊലി, ത്രിഫല, കറുത്തചൂരൽതല ഇവ കഷായംവച്ചു സേവിക്കുകയും കയ്പുള്ള പദാർത്ഥങ്ങൾ ഭക്ഷിക്കുകയുംചെയ്താൽ കുഷ്ഠം ശമിക്കും.

### മഞ്ജിഷ്ഠാദി.

അരുണാ ത്രിഫലാ നിശാമൃതാ പിചുമന്ദകാഥിതം സതിക്തകം
സവചം പരിപീതമേതദേവ സകലാൻ കുഷ്ഠഗദാൻ നിഹന്തി ച.

മഞ്ചട്ടി, ത്രിഫല, മഞ്ഞൾ, അമൃതു്, വേപ്പിൻതൊലി, പത്തരിച്ചുണ്ടവേരു്, വയമ്പു് ഇവ സമം കഷായംവച്ചു സേവിക്കുക. സകലവിധ കുഷ്ഠങ്ങളും ശമിക്കും.

### മറെറാരുയോഗം.

കലകഖദിരനിംബശ്യാമവേത്രപ്രഭൃത-
ഹരനയനഫലാദിഃ കാഥമേകം പ്രപീതാ

ഹരതി സകലകുഷ്ഠം തിക്തഭോജ്യേരതസ്യ
വ്രണഗണമപി സർവം ഹന്തി ചിത്രം കപാലം.

പടവലത്തണ്ട്, കരിങ്ങാലിക്കാതൽ, വേപ്പിൻതൊലി, കരുത്ത ചൂരൽതല, കടുക്ക, താന്നിക്ക, നെല്ലിക്ക ഇവ സമം കഷായംവെച്ചു സേവിക്കുക. സകല കുഷ്ഠവും ശമിക്കും. കൈപ്പുരസമുള്ള സാധനങ്ങൾ ഭക്ഷിക്കുന്നവന് എല്ലാ വ്രണങ്ങളും കപാലകുഷ്ഠവും ശമിക്കും.

ബൃഹന്മഞ്ജിഷ്ഠാദി.

മഞ്ജിഷ്ഠാ കുടജാമൃതാ ഘനവചാ ശുണ്ഠി ഹരിദ്രാ ദ്വയം
ക്ഷുദ്രാരിഷ്ടപടോലപത്രകടുകാ ഭാർങ്ഗീ വിഡംഗാഗ്നികം
മൂർവ്വാദാരുകലിംഗഭൃംഗമഗധാ ത്രായന്തി പാഠാ വരീ
ഗായത്രീ ത്രിഫലാ കിരാതകമഹാനിംബാസനാരഗ്വധം

ശ്യാമാവല്ഗുജചന്ദനം വരുണകം പൂതീരസാക്ഷോഢകം
വാസാ പർപ്പടശാരിബാ പ്രതിവിഷാനന്താ വിശാലാ ജലം
മഞ്ജിഷ്ഠാദിമമും കഷായവിധിനാ നിത്യം പുമാന്യപിബേൽ
ത്വഗ്ദോഷാദചിരേണ യാന്തി വിലയം കുഷ്ഠാനി ചാഷ്ടാദശ

വാതരക്തേ പ്രസുപ്തൌ ച വിസർപ്പേ വിദ്രധൌ തഥാ
സർവേഷു വാതരോഗേഷു മഞ്ജിഷ്ഠാദിഃ പ്രശസ്യതേ.

മഞ്ചട്ടി, കുടകപ്പാലയരി, അമൃത്, മുത്തങ്ങാക്കിഴങ്ങ്, വയമ്പ്, ചുക്ക്, മഞ്ഞൾ, മരമഞ്ഞൾത്തൊലി, മൂവിലവേര്, വേപ്പിൻതൊലി, പടവലത്തണ്ട്, കടുകരോഹിണി, ചെറുതേക്ക്, വിഴാലരി, കൊടുവേലിക്കിഴങ്ങ്, പെരുംകുരുമ്പവേര്, ദേവതാരം, കുടകപ്പാലയരി, കഴ്യന്നി, ചെറുതിപ്പലി, ബ്രഹ്മി, പാടത്താളിക്കിഴങ്ങ്, ശതാവരിക്കിഴങ്ങ്, കരിങ്ങാലിക്കാതൽ, ത്രിഫലത്തോട്, പുത്തരിച്ചുണ്ടവേര്, വേപ്പിൻതൊലി, വേങ്ങക്കാതൽ, കൊന്നത്തൊലി, നാല്പൊപ്പക്കൊന്ന, കാർകോകിലരി, ചന്ദനം, നീർമാതളത്തിൻവേര്, ആവിൽത്തൊലി, ആടലോടകവേര്, പർപ്പടകപ്പുല്ല്, നറുനീണ്ടിക്കിഴങ്ങ്, അതിവിടയം, കാട്ടുവെള്ളരിവേര്, ഇരുവേലി ഈ കഷായം എല്ലാ ത്വഗ്ദോഷങ്ങളേയും പതിനെട്ടുവിധത്തിലുള്ള കുഷ്ഠത്തെയും വാതരക്തത്തെയും വിസർപ്പത്തെയും വിദ്രധിയേയും എല്ലാ വാതരോഗങ്ങളേയും ശമിപ്പിക്കും.

നിശാദി.

നിശോത്തമാ നിംബപടോലമൂല തിക്താമൃതാലോഹിതയഷ്ടികാഭിഃ
കൃതഃ കഷായഃ കഫപിത്തകുഷ്ഠം സുസേവിതോ മണ്ഡലമാശുഹന്തി.

മഞ്ഞൾ, കടുക്ക, നെല്ലിക്ക, താന്നിക്ക, വേപ്പിൻതൊലി, പട

വലവേരു്, പുത്തരിച്ചുണ്ടവേരു്, അമൃതു്, അകിൽ, ഇരട്ടിമധുരം ഇവ സമം കഷായം. ഈ കഷായം സേവിച്ചാൽ കഫപിത്തങ്ങൾകൊണ്ടുണ്ടായിട്ടുള്ള കുഷ്ഠത്തെ നശിപ്പിക്കും.

ഖദിരത്രിഫലാനിംബപടോലാമൃതവാശകൈഃ
അഷ്ടകോയം ജയേൽ കുഷ്ഠകണ്ഡൂവിസ്ഫോടകാനപി.

കരിങ്ങാലിക്കാതൽ, ത്രിഫല, വേപ്പിൻതൊലി, പടവലത്തണ്ടു്, ആടലോടകവേരു്, ആടലോടകത്തില ഇവകൊണ്ടുള്ള അഷ്ടകമെന്ന കഷായം സേവിച്ചാൽ കുഷ്ഠം, ചൊറി, പൊളക എന്നിതുകൾ ശമിക്കും.

ശ്രേഷ്ഠാഖദിരാദികഷായം.

ശ്രേഷ്ഠാ ഖദിരശീതാംശുരേഖാ നിംബപടോലകൈഃ
ത്രായന്തി കടുകോപേതൈഃ കഫാഥ പ്രാഗാച്ഛ കുഷ്ഠനൽ.

ത്രിഫല, കരിങ്ങാലിക്കാതൽ, കാർകോകിലരി, വേപ്പിൻതൊലി, പടവലത്തണ്ടു്, ബ്രഹ്മി, കടുകരോഹിണി ഇവ സമം കഷായം വച്ചു് തേൻ മേൻപൊടിചേൎത്തു സേവിക്ക. കുഷ്ഠം ശമിക്കും.

അമൃതാരിഷ്ടാദികഷായം.

അമൃതാരിഷ്ടദസ്പശാ ദാർവീഭിഃ ഖദിരേണ ച
സപടോലേന സംസിദ്ധഃ കഫാഥോത്ര മധുയുഗ്ഘിതഃ

അമൃതു്, വേപ്പിൻതൊലി, കൊടിത്തൂവവേരു്, മരമഞ്ഞൾത്തൊലി ഇവകൊണ്ടോ, കരിങ്ങാലിക്കാതൽ, പടവലത്തണ്ടു് ഇവകൊണ്ടോ, മേൽപറഞ്ഞ മരുന്നുകൾ എല്ലാംകൊണ്ടോ കഷായം വച്ചു് തേൻ മേൻപൊടിചേൎത്തു സേവിക്കുക. കുഷ്ഠം ശമിക്കും.

ദാരുസൈരേയകാദികഷായം.

ദാരുസൈരേയകാതങ്കരിപുചോര പുനൎന്നവൈഃ
പടോലഖദിരാഭ്യാഞ്ച കഫാഥഃ പേയോ ƒത്ര വാതജേ.

ദേവതാരം, കരിങ്കുറിഞ്ഞിവേരു്, കൊന്നവേരിൻതൊലി, കച്ചൂരിക്കിഴങ്ങു്, തമിഴാമവേരു്, പടവലത്തണ്ടു്, കരിങ്ങാലിക്കാതൽ ഇവകൊണ്ടു കഷായംവച്ചു് കുഷ്ഠഹരമായ തൈലം മുതലായവ മേൻപൊടിചേൎത്തു സേവിപ്പിക്ക; വാതകുഷ്ഠം ശമിക്കും.

പടോലഖദിരാദികഷായം.

പടോലഖദിരാരിഷ്ടവിശാലാ കടുകൌഷധൈഃ
നിഷ്കൃാഥോ വിഹിതക്ഷൌദ്രസഹിതഃ കഫകുഷ്ഠനൽ.

Since 1923

പടവലത്തണ്ട്, കരിങ്ങാലിക്കാതൽ, വേപ്പിൻതൊലി, കാട്ടു വെള്ളരിവേര്, കടുകുരോഹിണി, ചുക്ക് ഇവകൊണ്ടു കഷായംവച്ച് തേൻ മേൻപൊടിചേർത്തു സേവിക്കുക; കഫകുഷ്ഠം ശമിക്കും.

## ഭല്ലാതകപ്രയോഗം.

പഞ്ചഭല്ലാതകാം ഛിത്വാ സാധയേദ്വിധിവജ്ജലേ
കഷായം തം പിബേച്ഛീതം ഘൃതേനാക്തോഷ്ഠതാലുകഃ
പഞ്ചവൃദ്ധ്യാ പിബേദ്യാവൽ സപ്തതിം ഹ്രാസയേത്തതഃ
ജീർണ്ണേ/ദ്യാദോദനം ശീതം ഘൃതക്ഷീരോപസംഹിതം
ഏതദ്രസായനം മേധ്യം വലീപലിതനാശനം
കുഷ്ഠാശഃ ക്രിമിദോഷഘ്നം ദുഷ്ടശുക്ലവിനാശനം.

ശുദ്ധിചെയ്ത അഞ്ചു ചേർക്കുരു മുറിച്ച് വിധിപ്രകാരം പാകം ചെയ്തെടുത്ത കഷായം, ചുണ്ടിലും അണ്ണാക്കിലും നെയ് പുരട്ടിയതിൽപിന്നീടു സേവിക്കുക. ഇങ്ങനെ ദിവസം അഞ്ചു ചേർക്കുരുവീതം വർദ്ധിപ്പിച്ച് എഴുപതു ചേർക്കുരുവരെ ഇട്ട് കഷായംവച്ചു സേവിക്കുക. പിന്നീട് അഞ്ചുവീതം കുറച്ച് അഞ്ചു ചേർക്കുരുവരെ ആകുമ്പോൾ അവസാനിപ്പിക്കണം. ദിവസേന ഉപയോഗിക്കുന്ന ഔഷധം ദഹിച്ചതിനുശേഷം നെയ്യും പാലുംചേർത്ത ഭക്ഷണവും കഴിക്കണം. ഈ രസായനം പരിശുദ്ധവും ജരാനാകളെ നശിപ്പിക്കുന്നതുമാകുന്നു. കൂടാതെ കുഷ്ഠം, അശ്സ്സ്, ക്രിമിദോഷം, ശുക്ലദോഷം ഇവയ്ക്കും വളരെ വിശിഷ്ടമായിട്ടുള്ളതാകുന്നു.

## അരച്ചുതേയ്ക്കുവാൻ.

പഥ്യാ കരഞ്ജസിദ്ധാർത്ഥനിശാവല്ഗുജസൈന്ധവൈഃ
വിളംഗസഹിതൈഃ പിഷ്ടൈർല്ലേപമാത്രേണ കുഷ്ഠജിൽ.

കടുക്ക, ഉങ്ങിൻകുരുപ്പരിപ്പ്, കടുക്, വരട്ടുമഞ്ഞൾ, കാർകോകിലരി, ഇന്തുപ്പ്, വിഴാലരി ഇവ സമമായെടുത്ത് അരച്ചുതേച്ചാൽ കുഷ്ഠം ശമിക്കും.

ജംബീരനീരനിക്ഷിപ്തം തീക്ഷ്ണാംശുകിരണദ്രുതം
കംപ്രദിഹ്യാദ്യസ്തസ്യ സിദ്ധ്മാദയഃ കുതഃ

ചെറുനാരങ്ങാനീരിൽ കവിടി ഇട്ടു വെയിലത്തുവച്ചു ചൂടാകുമ്പോൾ എടുത്ത് അരച്ചു ദേഹത്തുതേയ്ക്കുക. കുഷ്ഠം ശമിക്കും.

നീലകുരണ്ടകപത്രം സ്വരസേനാലിപ്യ ഗാത്രമതിബഹുശഃ
ലിമ്പേന്മൂലകബീജൈസ്തക്രേണൈതദ്ധി സിദ്ധ്മനാശായ.

നീലക്കുറിഞ്ഞിയുടെ ഇല അതിൻെറ നീരിൽത്തന്നെ അരച്ച്

നല്ലതുപോലെ ദേഹത്തിൽതേച്ചതിനുശേഷം മൂലവരിയുടെ അരി മോരിൽ അരച്ചുതേയ്ക്കുക. സിദ്ധ്മകുഷ്ഠം ശമിക്കും.

ഗന്ധകസ്യ രജഃ സൂക്ഷ്മം നവനീതേന മർദ്ദയേൽ
ധുർദ്ധൂരം സമിശ്രേണ തേനാംഗേ സാധുലേപയേൽ
കണ്ഡൂൽബണാനി കുഷ്ഠാനി ശമയേൽ പഞ്ചഷൈർദ്ദിനൈഃ

ഗന്ധകം നല്ലവണ്ണം പൊടിച്ച് വെണ്ണനെയ്യും ഉമ്മത്തിലനീരും ചേർത്തു മർദ്ദിച്ച് അഞ്ചാറുദിവസം തേയ്ക്കുക. എല്ലാ കുഷ്ഠത്തേയും ശമിപ്പിക്കും.

വിഡംഗസൈന്ധവശിവാശശിരേഖാ സർഷപകരഞ്ജരജനീഭിഃ
ഗോജലപിഷ്ടോ ലേപഃ കുഷ്ഠഹരോ ദിവസനാഥസമഃ.

വിഴാലരി, ഇന്തുപ്പ്, കടുക്ക, കാർകോകിലരി, കടുക്, പുങ്കിൻതൊലി, മഞ്ഞൾ ഇവ സമം ഗോമൂത്രത്തിൽ അരച്ചു തേയ്ക്കുക. കുഷ്ഠം ശമിക്കും.

ഏലാ കുഷ്ഠവിഡംഗാനി ശതാഹ്വാ ചിത്രകം ബലാ
ദന്തീ രസാഞ്ജനം ചേതി ലേപഃ കുഷ്ഠവിനാശനഃ

ഏലത്തരി, കൊട്ടം, വിഴാലരി, ശതകുപ്പ, കൊട്ടവേലിക്കിഴങ്ങ്, കുറുന്തോട്ടിവേര്, നാഗദന്തിവേര്, രസാഞ്ജനം ഇവ സമമായെടുത്ത് അരച്ചുതേച്ചാൽ കുഷ്ഠം ശമിക്കും.

ശ്വേതകരവീരമൂലം കുടജകരഞ്ജത്വചോ ദാർവ്യാ
സുമനഃ പ്രവാളയുക്തോ ലേപഃ കുഷ്ഠാപഹസ്സിദ്ധഃ

വെളുത്ത കണവീരത്തിൻവേര്, കുടകപ്പാലത്തൊലി, ഉങ്ങിൻതൊലി, മരമഞ്ഞൾത്തൊലി, പിച്ചകത്തളിര് ഇവ സമം അരച്ചു തേയ്ക്കുക. കുഷ്ഠം ശമിക്കും.

ബലിവേല്ലാഗ്നിഭല്ലാതദന്തിശമ്യാകനിംബകൈഃ
കാഞ്ജികൈഃ പേഷിതൈർല്ലേപഃ ശ്വേതകുഷ്ഠവിനാശനഃ.

ഗന്ധകം, വിഴാലരി, കൊട്ടവേലിക്കിഴങ്ങ്, ചേർക്കുരു, നാഗദന്തിവേര്, കൊന്നത്തൊലി, വേപ്പില ഇവ സമം വെപ്പുകാടിയിൽ അരച്ചുതേയ്ക്കുക; കുഷ്ഠം ശമിക്കും.

പത്രാണി പിഷ്ട്വാ ചതുരംഗുലസ്യ
തക്രേണ പർണ്ണാന്യഥ കാകമാച്യാഃ
തൈലാക്തഗാത്രസ്യ നരസ്യ കുഷ്ഠം-
ന്യുദ്വർത്തയേദശ്വഹനച്ഛദൈശ്ച.

വൻകൊന്നയില, കറുന്തകാളിയില, കണവീരത്തിന്നില ഇവ

യിൽഏതെങ്കിലും അരച്ച് എണ്ണതേച്ചതിനശേഷം ദേഹത്തു തിരു മ്മിയാൽ കുഷ്ഠം ശമിക്കും.

ധാത്ര്യക്ഷപത്ഥ്യാ കൃമിശത്രു വഹ്നി
ഭല്ലാതകാ വല്ഗുജ ലൌഹഭൃങ്ഗൈഃ
ഭാഗാഭിവൃദ്ധൈസ്തിലതൈലമിശ്രൈഃ
സർവാണി കുഷ്ഠാനി നിഹന്തി ലേപഃ

നെല്ലിക്ക ഭാഗം ഒന്നു്; താന്നിക്ക ഭാഗം രണ്ടു്; കടുക്ക ഭാഗം മൂന്നു്; കൃമിശത്രു ഭാഗം നാലു്; കൊടുവേലിക്കിഴങ്ങു ഭാഗം അഞ്ചു്; ചേർക്കുരുഭാഗം ആറു്; കാർകോലരിഭാഗം ഏഴു്; ഉരുക്കുഭസ്മം ഭാഗം എട്ടു്; കയ്യുന്നിനീരു് ഭാഗം ഒൻപതു്. എല്ലാംകൂടി അരച്ച് എ ള്ളെണ്ണയിൽമർദ്ദിച്ചുതേച്ചാൽ എല്ലാവിധ കുഷ്ഠങ്ങളും ശമിക്കും.

സ്നുക്കാണ്ഡേ സർഷപാൽ കല്ക്കഃ കുക്കൂലാനലപാചിതഃ
ലേപാദ്വിചർച്ചികാം ഹന്തി രാഗവേഗ ഇവ ത്രപാം.

കടുകരച്ച് ഒരു പാത്രത്തിലാക്കി ഉമിത്തീയിൽവച്ച് കള്ളിപ്പാ ലത്തണ്ടുകൊണ്ടിളക്കി പാകമാക്കിയെടുത്തു ദേഹത്തുതേച്ചാൽ വിച ർച്ചികാകുഷ്ഠം ശമിക്കും.

ചക്രമർദ്ദകബീജാനി കരഞ്ജം ച സമാംശകം
സ്തോകം സുദർശനാമൂലം ദദ്രുകുഷ്ഠവിനാശനം.

തകരയരി, പുങ്കിൻഅരി ഇവ തുല്യമായെടുത്തു കുറച്ചു സുദർശ നാവള്ളിയുടെ വേരും ചേർത്തു് അരച്ചുതേച്ചാൽ ദദ്രു എന്ന കുഷ്ഠം ശ മിക്കും. (വെളുത്ത പൂവുള്ളതും, കരിമ്പിൻെറ ഇലപോലെ ചെറു തും നീളമുള്ള ഇലയുള്ളതുമായ ഒരു വള്ളിയാണു സുദർശനാലതയെന്ന് ഔഷധനിഘണ്ടു.)

ലേപനാദ് ഭക്ഷണാച്ചൈവ തൃണകം ദദ്രുനാശനം
യൂഥീപുന്നാഗമൂലം ച ലേപാൽ കാഞ്ജികപേഷിതം.
കാസമർദ്ദകമൂലം ച സൌവീരേണ ച പേഷിതം
ദദ്രൂകിടിഭകുഷ്ഠാനി ജയേദേതൽ പ്രലേപനാൽ.

൧. ഗന്ധകതൃണം അരച്ചുതേയ്ക്കുകയോ സേവിക്കുകയോ ചെ യ്ക; ൨. കുറുമൊഴിവേരു്, പുന്നവേരു് ഇവ കാടിയിലരച്ചുതേയ്ക്കുക; ൩. തകരയുടെ വേരു് കാടിയിലരച്ചു തേയ്ക്കുക; ഈ മൂന്നുയോഗങ്ങ ളും ദദ്രുകുഷ്ഠം, കിടിഭകുഷ്ഠം ഇവയെ ശമിപ്പിക്കും.

രസഗന്ധകയോഃ പിഷ്ടം കടുതൈലേന ഭൃങ്ഗജൈഃ
ദ്രവൈസ്സമ്മർദ്ദ്യ തല്ലേപാൽ സർവകുഷ്ഠം വിനശ്യതി.

രസം, ഗന്ധകം ഇവ സമംചേർത്തരച്ച് അതിൽ കടുകെണ്ണ

since 1923

യും കയ്യുന്നിനീരും ചേർത്തു മർദ്ദിച്ചു പുരട്ടിയാൽ ഏതുവിധത്തിലുള്ള കുഷ്ഠവും ശമിക്കും.

സ്നുക്കാണ്ഡേ സുഷിരേ ദത്വാ ഗൃഹധൂമം സസൈന്ധവം
അന്തർധൂമം തൈലയുക്തം ലേപാദ്ധന്തി വിചർച്ചികാം.

കള്ളിപ്പാലത്തണ്ടെടുത്തു ദ്വാരമുണ്ടാക്കി അതിൽ പുകയിറയും ഇന്തുപ്പും നിറച്ച് ഒരു കുടത്തിലിട്ടു പുക വെളിക്കുപോകാതെ കുടം ശീലമൺചെയ്തു ഭസ്മമാകുന്നതുവരെ തീയിടണം. ആ ഭസ്മമെടുത്തു എണ്ണചേർത്തു മർദ്ദിച്ചു തേച്ചാൽ വിചർച്ചികാകുഷ്ഠം ശമിക്കും.

മനശ്ശിലാലേ മരിചാനിതൈലമാർക്കം പയഃ കുഷ്ഠഹരഃപ്രദേഹഃ
കരഞ്ജബീജൈഡഗജം സകുഷ്ഠം ഗോമൂത്രപിഷ്ടശ്ച പരഃ പ്രദേഹഃ

൧. മനയോല, അരിതാരം, കുരുമുളക് ഇവ സമം അരച്ച് എണ്ണയും എരുക്കിൻപാലുംകൂട്ടി ചാലിച്ചു പുരട്ടുക. ൨. ഉങ്ങിൻ കുരുപ്പരിപ്പ്, തകരയരി, കൊട്ടം ഇവ സമം ഗോമൂത്രത്തിൽ അരച്ചു പുരട്ടുക. ഈ രണ്ടു യോഗങ്ങളും കുഷ്ഠരോഗഹരങ്ങളാകുന്നു.

പൂതീകാർക്കസ്നുങ്നരേന്ദ്രദ്രുമാണാം
മൂത്രേ പിഷ്ടാഃ പല്ലവാസ്സൌമനാശ്ച
ലേപാച്ശ്വിത്രം ഹന്തി ദദ്രൂവ്രണാംശ്ച
കുഷ്ഠാന്യർശാംസ്യുഗ്രനാഡീവ്രണാംശ്ച.

ആവിരുല്ക്കുന്ന്, എരുക്കിൻകറ, കള്ളിപ്പാലക്കറ, കൊന്നത്തളിര്, പിച്ചകത്തളിര് ഇവ ഗോമൂത്രത്തിലരച്ചു തേച്ചാൽ ശ്വിത്രം, ദദ്രുവ്രണം, കുഷ്ഠം, അർശസ്സ്, നാഡീവ്രണം ഇവ ശമിക്കും.

ഗന്ധപാഷാണചൂർണ്ണേന യവക്ഷാരേണ ലേപിതം
സിദ്ധ്മനാശം വ്രജത്യാശു കടുതൈലയുതേന വാ
കാസമർദ്ദകബീജാനി മൂലകാനാം തഥൈവ ച
ഗന്ധപാഷാണമിശ്രാണി സിദ്ധ്മാനാം പരമൌഷധം.

൧. ശുദ്ധിചെയ്ത ഗന്ധകവും ചവക്കാരവുംകൂടി കടുകെണ്ണയിൽ കുഴച്ചു തേയ്ക്കുക; ൨. തകരയരി, മൂലവരിയുടെഅരി, ഗന്ധകം ഇവ സമം അരച്ചു തേയ്ക്കുക; ഈ രണ്ടു യോഗങ്ങളും സിദ്ധ്മകുഷ്ഠത്തിനു വിശിഷ്ടങ്ങളാകുന്നു.

ധാത്രീരസഃ സർജ്ജരസഃ സപാക്യഃ
സൌവീരപിഷ്ടശ്ച തഥായുതശ്ച
ഭവന്തി സിദ്ധ്മാനി യഥാ ന ഭൂയ-
സ്തഥൈവമുദ്വർത്തനകം കരോതി.

Since 1923

ചെഞ്ചല്യം, തുവർച്ചിലയുപ്പ് ഇവ നെല്ലിക്കാനീരും അരിക്കാടി

യും ചേൎത്ത് അതിൽ അരച്ചു തേച്ചാൽ സിദ്ധ്മകുഷ്ഠം പിന്നെ ഉണ്ടാകയേഇല്ല.

ശൈലേയകമ്പില്ലകയഷ്ടിസാഹ്വ
സൌരാഷ്ട്രികാ സജ്ജരസോൽപലാനി
ശിലാ ച ചൂൎണ്ണോ നവനീതയുക്തഃ
കുഷ്ഠേ സ്രവത്യഭ്യധികഃ പ്രദിഷ്ടഃ.

ചേലയം, കമ്പിപ്പാലത്തൊലി, അതിമധുരം, തുവരിമണ്ണ്, ചെഞ്ചല്യം, ചെങ്ങഴനീക്കിഴങ്ങ്, മനയോല ഇവ സമം പൊടിച്ച് വെണ്ണനെയ്യും ചേൎത്തു മൎദ്ദിച്ചു പുരട്ടിയാൽ പഴുത്തു ചലം ഒലിക്കുന്നതായ കുഷ്ഠം ശമിക്കുവാൻ വളരെ നല്ലതാകുന്നു.

വിഡംഗൈഡഗജാകുഷ്ഠനിശാസിന്ധൂത്ഥസർഷപൈഃ
ധാന്യാമ്ലപിഷ്ടൈൎല്ലേപോയം ദദ്രുകുഷ്ഠരുജാപഹഃ.

വിഴാലരി, തകരയരി, കൊട്ടം, മഞ്ഞൾ, ഇന്തുപ്പ്, കടുക് ഇവ അരിക്കാടിയിൽ അരച്ചുതേയ്ക്കുക; ദദ്രുകുഷ്ഠത്താലുള്ള വേദന ശമിക്കും.

ദൂർവാഭയാ സൈന്ധവചക്രമൎദ്ദ കുഠേരകാഃ കാഞ്ജിക തക്രപിഷ്ടാഃ
ത്രിഭിഃ പ്രലേപൈരതിബദ്ധമൂലം ദദ്രും ച കുഷ്ഠം ച വിനാശയന്തി.

കറുക, കടുക്ക, ഇന്തുപ്പ്, തകരയരി, കാട്ടുതുളസി ഇവ സമമായെടുത്ത് അരിക്കാടിയും മോരും ചേൎത്തരച്ചു മൂന്നുപ്രാവശ്യം തേച്ചാൽ ദദ്രുകുഷ്ഠവും കുഷ്ഠങ്ങളും ശമിക്കും.

തുല്യോരസസ്സാലതരോസ്തുഷേണ സചക്രമൎദ്ദോപ്യഭയാ വിമിശ്രഃ
പാനീയഭക്തേന തദാംബുപിഷ്ടോ ലേപഃകൃതോ ദദ്രുഗജേന്ദ്ര സിംഹഃ

പയിൻകറ, നെല്ലിന്റെ ഉമി, തകരയരി, കടുക്ക ഇവ സമം കഞ്ഞിവെള്ളത്തിൽ അരച്ചു തേയ്ക്കുക ഇത് ദദ്രുകുഷ്ഠമെന്ന ആനത്തലവന് സിംഹമാകുന്നു. (ദദ്രുകുഷ്ഠത്തെ നിശ്ശേഷം നശിപ്പിക്കുമെന്നു സാരം.)

പ്രപുന്നാഡസ്യ ബീജാനി ധാത്രീ സജ്ജരസഃ സ്നുഹീ
സൌവീരപിഷ്ടം ദദ്രൂണാമേതദുദ്വൎത്തനം പരം.

തകരയരി, നെല്ലിക്കാത്തോട്, ചെഞ്ചല്യം, കള്ളിപ്പാലക്കറ ഇവ തുല്യമായെടുത്തു അരിക്കാടിയിൽ അരച്ചുതേച്ചാൽ ദദ്രുകുഷ്ഠം ശമിക്കും.

കുഷ്ഠം മൂലകബീജം പ്രിയങ്ഗവഃ സർഷപാസ്തഥാ രജനീ
ഏതൽ കേസരയുക്തം നിഹന്തി ബഹുവാൎഷികം സിദ്ധ്മ.

കൊട്ടം, മൂലവരിയുടെ അരി, ഞാഴൽപൂവ്, കടുക്, മഞ്ഞൾ, നാഗപ്പൂവ് ഇവ അരച്ചുതേച്ചാൽ ഏററവും പഴക്കംചെന്ന സിദ്ധ്മകുഷ്ഠവും ശമിക്കും.

ശിഖരിരസേനസുപിഷ്ടം മൂലകബീജം പ്രലേപതഃ സിദ്ധ്മ
ക്ഷാരേണ വാ കദല്യാ രജനീമിശ്രേണ നാശയതി.

മൂലവരിയുടെഅരി ചെറുകടലാടിനീരിൽ അരച്ചു കദളിവാഴമാണം ചുട്ട ഭസ്മവും മഞ്ഞളും ചേർത്തു് അരച്ചുതേച്ചാൽ സിദ്ധ്മകുഷ്ഠം ശമിക്കും.

കുഷ്ഠശമ്യാകസിദ്ധാർത്ഥനിശാ സുരസപല്ലവൈഃ
പ്രപുന്നാടാക്ഷ്ദശധാഗ്നി ദന്തീജന്തുഘ്നസൈന്ധവൈഃ
ഗൃഹധൂമവരാ ദാർവീ വാകുചീ തിലതോയദൈഃ
ഗോമൂത്രപിഷ്ടൈർല്ലേപോയം സുപ്തികണ്ഡൂതിനാശനഃ

കൊട്ടം, കൊന്നത്തളിരു്, വെൺകടുകു്, വറട്ടുമഞ്ഞൾ, തുത്താവിൻതളിർ, തകരയരി, എരുക്കിൻപാൽ, കൊടുവേലിക്കിഴങ്ങു്, നാഗദന്തിവേരു്, കൊന്നത്തൊലി, ഇന്തുപ്പു്, പുകയിറ, ത്രിഫല, മരമഞ്ഞൾത്തൊലി, കാർകോകിലരി, എള്ളു്, മുത്തങ്ങാക്കിഴങ്ങു് ഇവ സമം ഗോമൂത്രത്തിൽ അരച്ചുതേയ്ക്കുക. കുഷ്ഠംമൂലമുണ്ടാകുന്ന മരവിപ്പും ചൊറിയും മാറും.

ആരഗ്വധസ്യപത്രാണി ആരനാളേന പേഷയേൽ
ദദ്രുകിടിഭകുഷ്ഠാനി ഹന്തിസിദ്ധ്മാനമേവ ച.

കൊന്നയില കാടിയിൽ അരച്ചുതേച്ചാൽ ദദ്രു, കിടിഭം, സിദ്ധ്മം എന്നീ കുഷ്ഠങ്ങൾ ശമിക്കും.

ചക്രാഹ്വയം സ്നുഹിക്ഷീരഭാവിതം മൂത്രസംയുതം
രവിതപ്തം ഹി കിഞ്ചിത്തു ലേപനാൽ കിടിഭാപഹം.

തകരയരി കള്ളിപ്പാലക്കറയിൽ ഭാവനചെയ്തു ഗോമൂത്രവും ചേർത്തു വെയിലത്തുവച്ചു ചൂടുപിടിക്കുമ്പോൾ എടുത്തു തേച്ചാൽ കിടിഭകുഷ്ഠം ശമിക്കും.

കുഡവോഽവല്ഗുജബീജാദ്ധരിതാലചതുർത്ഥഭാഗസമ്മിശ്രഃ
മൂത്രേണ ഗവാം പിഷ്ടഃ സവർണ്ണകരണഃ പരഃ ശ്വിത്രേ.

കാർകോകിലരി കഴഞ്ചു ൪, അരിതാരം കഴഞ്ചു് ൧ ഇവ ഗോമൂത്രത്തിലരച്ചുതേച്ചാൽ തൊലിയുടെ നിറംമാററം ഇല്ലാതായി സ്വന്തം നിറമുണ്ടാകും.

അവല്ഗുജം കാസമർദ്ദം ചക്രമർദ്ദം നിശായുതം
മാണിമന്ഥേന തുല്യാംശം മസ്തുകാഞ്ജികപേഷിതം
കച്ഛൂം കണ്ഡൂം ജയത്യുഗ്രാം സിദ്ധഏഷ പ്രയോഗരാട്.

കാർകോകിലരി, പൊന്നാംതകരയരി, തകരയരി, മഞ്ഞൾ, ഇന്തുപ്പു് ഇവ സമമായി എടുത്തു് തൈരിൻവെള്ളം കാടി ഇവയിൽ അരച്ചു തേച്ചാൽ കച്ഛു എന്ന കുഷ്ഠവും ചൊറിയും വേഗത്തിൽ

ശമിക്കും. ഈ യോഗം പ്രയോഗത്തിൽ വളരെ ഫലം കണ്ടിട്ടുള്ളതാണ്.

നാരികേളോദകേന്യസ്താസ്തണ്ഡുലാഃ പൂതിതാം ഗതാഃ
ലേപാദ്വിപാദികാം ഘ്നന്തി ചിരകാലാനുബന്ധിനീം.

നാളികേരവെള്ളത്തിൽ അരിയിട്ടുവച്ചിരുന്നു ദുർഗ്ഗന്ധമുണ്ടായതിനുശേഷം അരച്ചുതേച്ചാൽ വളരെക്കാലമായി വിട്ടുമാറാതെനില്ക്കുന്ന വിപാദിക എന്ന കുഷ്ഠം ശമിക്കും.

സജ്ജരസഃ സിന്ധൂദ്ഭവഗുഡമധുമഹിഷാക്ഷഗൈരികം സഘൃതം
സിക്ഥമേതൽ പക്വം പാദസ്ഫുടനാപഹം സിദ്ധം.

ചെഞ്ചല്യം, ഇന്തുപ്പ്, ശക്കര, തേൻ, ഗുല്ഗുലു, കാവിമണ്ണ്, നെയ്യ്, പൊൻമെഴുക് ഇവ പാകമാക്കിയെടുത്ത് കാലിൽതേച്ചാൽ കാൽ വെടിക്കുന്നതു ശമിക്കും.

ഉന്മത്തകസ്യ ബീജേന മാണകക്ഷാരവാരിണാ
കടുതൈലം വിപക്തവ്യം ശിഘ്രം ഹന്ത്യാദ്വിപാദികാം.

ഉമ്മത്തിൻകായുടെ അരി കപ്പച്ചേമ്പിന്റെ ക്ഷാരവെള്ളത്തിൽ അരച്ചുകലക്കി കടുകെണ്ണചേർത്തുകാച്ചി തേച്ചാൽ വിപാദികാകുഷ്ഠം ശമിക്കും.

ബീജാനി വാ മൂലകസർഷപാണാം
ലാക്ഷാ രജന്യൗ പ്രപുന്നാഡബീജം
ശ്രീവേഷ്ടകവ്യോഷവിഡംഗകുഷ്ഠം
പിഷ്ട്വാ തു മൂത്രേണ ച ലേപനം സ്യാത്.
ദദ്രൂണി സിദ്ധ്മം കിടിഭാനി പാമാം
കാപാലകുഷ്ഠം വിഷമം ച ഹന്യാൽ.

മൂലവരിയുടെ അരി, കടുക്, കോലരക്ക്, മഞ്ഞൾ, തകരയരി, തിരുവട്ടപ്പശ, ചുക്ക, മുളക്, തിപ്പലി, വിഴാലരി, കൊട്ടം ഇവ ഗോമൂത്രത്തിലരച്ചു തേച്ചാൽ ദദ്രു, സിദ്ധ്മം, കിടിഭം, പാമ എന്നീ കുഷ്ഠങ്ങളും വിഷമാവസ്ഥയിലെത്തിയിട്ടുള്ള കാപാലകുഷ്ഠവും ശമിക്കും.

കുഷ്ഠം ഹരിദ്രേ സുരസം പടോലം
നിംബാശ്വഗന്ധേ സുരദാരു ശിഗ്രു
സസർഷപം തുംബുരു ധാന്യവന്യ-
ചണ്ഡാംശ്ച ദൂർവാശ്ച സമാനികുര്യാൽ
തൈസ്തക്രയുക്തൈഃ പ്രഥമം ശരീരം
തൈലാക്തമുദ്വർത്തയിതും യതേത
തസ്യാഥ കണ്ഡൂഃ പിടകാഃ സകോഠാഃ
കുഷ്ഠാനി ശോഥാശ്ച ശമം പ്രയാന്തി.

Since 1923

കൊട്ടം, മഞ്ഞൾ, മരമഞ്ഞൾ, തുളസി, പടവലത്തണ്ട്, വേപ്പില, അമുക്കുരം, ദേവതാരം, മുരിങ്ങത്തൊലി, കടുക്, തുമ്പൂണലരി കൊത്തമ്പാലരി, കഴിമുത്തങ്ങ, നാഗദന്തി, കറുക ഇവ സമമായെടുത്തു മോരിൽ അരച്ച് എണ്ണതേച്ചതിനുശേഷം ദേഹത്തു തേയ്ക്കുക. ചൊറിച്ചിൽ, കുരുക്കൾ, വട്ടപ്പുണ്ണ്, കുഷ്ഠം, നീര് ഇവ ശമിക്കും.

മനശ്ശിലാതാലകുടജാൽ സകുഷ്ഠാൽ സലോമശഃസൈഡഗജഃ കരഞ്ജഃ
ഗ്രന്ഥിശ്ച ഭൌർജ്ജഃ കരവീരമൂലം ചൂർണ്ണാനിസാദ്ധ്യാനിതുഷോദകേന
പലാശനിർദ്ദാഹരസേന വാപി കർഷോദ്ധൃതാന്യാഢകസമ്മിതേന
ദർവീപ്രലേപം പ്രവദന്തി ലേപമേതൽപരം കുഷ്ഠവിനാശനായ.

മനയോല, കടകപ്പാലത്തൊലി, കൊട്ടം, അന്നഭേദി, തകരയരി, പുങ്കിൻഅരി, പൂതണക്കിൻതൊലി, കണവീരത്തിൻവേര് ഇവ കഴഞ്ചു മുമ്മൂന്ന്. നാലിടങ്ങഴി കാടിവെള്ളത്തിൽ അരച്ചു കലക്കി അടുപ്പേററി പ്ലാശിൻവിറകുകൊണ്ടു തീകത്തിച്ചു ചട്ടുകത്തിൽ പററുന്ന പാകത്തിൽ വാങ്ങി ദേഹത്തു തേയ്ക്കുക. കുഷ്ഠം ശമിക്കും.

ഭല്ലാതകദ്വീപിസുധാർക്കമൂലം ഗുഞ്ജാഫലം ത്ര്യൂഷണശംഖചൂർണ്ണം
തുത്ഥംസകുഷ്ഠം ലവണാനിപഞ്ചക്ഷാരദ്വയം ലാംഗലികാംചപക്ത്വാ
സ്നുഹ്യർക്കദുഗ്ദ്ധേ ഘനമായസസ്ഥം ശലാകയാ തം വിദധീതലേപം
കുഷ്ഠേ കിലാസേ തിലകാലകേ ച അശേഷദുർന്നാമസു ചർമ്മകീലേ.

ചേക്കുരു, ചെറുവഴുതിനവേര്, അമൃത്, എരുക്കിൻവേര്, കുന്നിക്കുരു, ചുക്കു, മുളക്, തിപ്പലി, തുത്ത്, കൊട്ടം, അഞ്ചുതരം ഉപ്പ്, ചവക്കാരം, തുവച്ചിലക്കാരം, മേത്തോന്നിക്കിഴങ്ങ് ഇവ സമം പൊടിച്ചു കള്ളിപ്പാലക്കറയും എരിക്കിൻപാലും ചേർത്ത് ഇരുമ്പുപാത്രത്തിൽ പാകംചെയ്തു പാകമാകുമ്പോൾ വാങ്ങി ഇരുമ്പുകമ്പികൊണ്ടു തൊട്ടുതേച്ചാൽ കുഷ്ഠം, കിലാസം, തിലകാലകം, എല്ലാവിധ അർശസ്സ്, ചർമ്മകീലം ഇവ ശമിക്കും.

ആരഗ്വധഃ സൈഡഗജഃ കരഞ്ജോ വാശാ ഗുഡൂചീ മദനം ഹരിദ്രേ
ശ്യാഹ്വഃസുരാഹ്വഃഖദിരോധവശ്ചനിംബോവിഡംഗംകരവീരകത്വക്
ഗ്രന്ഥിശ്ച ഭൌർജ്ജോലശുനഃശിരീഷഃ സലോമശോ ഗുഗ്ഗുലുകൃഷ്ണഗന്ധേ
ഫണിജ്ഝകോ വത്സകസപ്തപർണ്ണൗ പീലൂനികുഷ്ഠം സുമനഃ പ്രവാളാഃ

വചാ ഹരേണു ത്രിവൃതാ നികുംഭീ ഭല്ലാതകം ഗൈരികമഞ്ജനം ച
മനശ്ശിലാലേ ഗൃഹധൂമ ഏലാ കാസീസലോദ്ധ്രാർജ്ജുനമുസ്തസർജ്ജാഃ
ഇത്യർദ്ധരൂപൈർവ്വിഹിതാഷഡേതേ ഗോപിത്തപീതാഃ പുനരേവപിഷ്ടാഃ
സിദ്ധാഃ പരം സർഷപതൈലയുക്താശ്ചൂർണ്ണപ്രദേഹാ ഭിഷജാ പ്രയോ
(ജ്യാഃ

കുഷ്ഠാനി കൃച്ഛ്റാണി നവം കിലാസം സുരേന്ദ്രലുപ്തം കിടിഭം സദദ്രും
ഭഗന്ദരാർശാംസ്യ പചീംസപാമാം ഹന്യുഃപ്രയുക്താ അചിരാന്നരാണാം

൧. കൊന്നയില, തകരയില, പുങ്കിൻഅരി, ആടലോടകത്തില, ചിററമൃത്, മലങ്കാരയ്ക്കാ, മരമഞ്ഞൾതൊലി. ൨. ഇലവർങ്ഗം, ദേവതാരം, കരിങ്ങാലിക്കാതൽ, ഞമ, വേപ്പിൻതൊലി, വിഴാലരി, നിർമരുതിൻതൊലി. ൩. പൂതണക്കിൻതൊലി, വെള്ളുള്ളി, നെന്മേനിവാകത്തൊലി, അന്നഭേദി, ഗുൽഗ്ഗുലു, കരിമുരിങ്ങത്തൊലി ൪. കർപ്പൂരത്തുളസി, കുടകപ്പാലത്തൊലി, ഏഴിലംപാലത്തൊലി, ഉകമരത്തിൻതൊലി, കൊട്ടം, പിച്ചകത്തില. ൫. വയമ്പ്, അരേണുകം, ത്രികോല്പക്കൊന്ന, നാഗദന്തിവേരു്, ചേക്കുരു, കാവിമണ്ണ്, അഞ്ജനക്കല്ല്. ൬ മനയോല, അരിതാരം, പുകയിറ, വ്യുലത്തരി, അന്നഭേദി, പാച്ചോററിത്തൊലി, നീർമരുതിൻതൊലി, മുത്തങ്ങ, ചെഞ്ചല്യം. ഈ ആറുയോഗങ്ങളും പശുവിൻപിത്തത്തിൽ ഭാവന ചെയ്തു അരച്ചു കടുകെണ്ണയിൽ കുഴച്ചു തേച്ചാൽ കഠിനകുഷ്ഠം, കിലാസം, ഇന്ദ്രലുപ്തം, കിടിഭം, ദദ്രു, ഭഗന്ദരം, അശ്സ്സ്, അപചി, പാമ എന്നിവ ശമിക്കും.

വിഷവരുണഹരിദ്രാ ചിത്രകാഗാരധൂമ-
മനലമരിചദൂർവാഃ ക്ഷീരമക്സ്നുഹീഭ്യാം
ദഹതി പതിതമാത്രാൽ കുഷ്ഠജാതീരശേഷാഃ
കുലിശമിവസരോഷാച്ഛക്രഹസ്താദപിമുക്തം.

വത്സനാഭി, നീർമരുതിൻതൊലി, മഞ്ഞൾ, കൊട്ടവേലിക്കിഴങ്ങ്, പുകയിറ, വെള്ളക്കൊട്ടവേലി, ചേക്കുരു, നല്ലമുളക്, കറുക ഇവ പൊടിച്ച് എരുക്കിൻെറയും കള്ളിപ്പാലയുടെയും കറയും ചേൎത്തു തേച്ചാൽ സകല കുഷ്ഠങ്ങളും ശമിക്കും.

വായസ്യേഡഗജാ കുഷ്ഠകൃഷ്ണാഭിർഗ്ഗുഡികാകൃതാ
ബസ്തമൂത്രേണ സംപിഷ്ടാ ലേപാശ്വിത്രവിനാശിനി

മണിത്തക്കാളി, തകരയരി, കൊട്ടം, തിപ്പലി ഇവ പൊടിച്ചു ഗുളികയാക്കി ആട്ടിൻമൂത്രത്തിൽ അരച്ചു തേച്ചാൽ ശ്വിത്രംശമിക്കും.

പിപ്പലീപൂതികായസ്ഥാ കുഷ്ഠഗോപിത്ത ചിത്രകൈഃ
ലേപം സമ്യക്പ്രശംസന്തി കിടിഭഘ്നം ചികിത്സകാഃ.

തിപ്പലി, പൂതവൃക്ഷം, കടുക്ക, കൊട്ടം, ഗോരോചന, കൊട്ടവേലിക്കിഴങ്ങ് ഇവ സമം അരച്ചു പുരട്ടിയാൽ കിടിഭകുഷ്ഠം ശമിക്കും.

ചക്രാകബീജം സ്നുക്ക്ഷീരഭാവിതം മൂത്രസംയുതം
രവിവേതസകന്ദഞ്ച ലേപനം കിടിഭാപഹം.

തകരക്കുരു, കള്ളിപ്പാലിൽ ഭാവനചെയ്തുണക്കുക. അതും എരുക്കിൻവേരും ആററുവഞ്ഞിവേരും സമംചേത്തരച്ച ഗോമൂത്രത്തിൽ ചാലിച്ചു പുരട്ടിയാൽ കിടിഭകുഷ്ഠം ശമിക്കും.

ഗോമൂത്രവാരിസംപിഷ്ടൈഃ ശിലാകാസീസതുത്ഥകൈഃ
ലേപഃ കിടിഭവീസപ്പകുഷ്ഠനാശായ പൂജിതഃ

മനയോല, കരുത്തീയം, തുത്ത് ഇവ തുല്യമായെടുത്തു ഗോമൂത്രംചേത്തരച്ചു തേച്ചാൽ കിടിഭകുഷ്ഠവും വിസപ്പവും ശമിക്കും.

## തൈലയോഗങ്ങൾ.

### അക്കതൈലം.

അക്കപത്രരസേ പക്വം കടുതൈലം നിശായുതം
മനശ്ശിലായുതം വാപി പാമാ കച്ഛ്വാദിനാശനം,

എരിക്കിലയുടെ നീരിൽ മഞ്ഞളോ മനയോലയോ കല്ക്കമായി കാച്ചിയ എണ്ണ പാമ, കച്ഛ്രു എന്നിവയെ നശിപ്പിക്കും.

### ആദിത്യപാകതൈലം.

മഞ്ജിഷ്ഠാ ത്രിഫലാ ലാക്ഷാ നിശാ ശിലാലഗന്ധകൈഃ
ചൂണ്ണിതൈസ്തൈലമാദിത്യപാകം പാമാഹരം പരം.

മഞ്ചട്ടി, കടുക്ക, ത്രിഫലത്തോട്, മഞ്ഞൾ, മനയോല, അരിതാരം, ഗന്ധകം ഇവ പൊടിച്ചു എണ്ണയിലിട്ടു സൂര്യരശ്മികൊള്ളിച്ചു പാകമാക്കി തേയ്ക്കുക. ഈ ആദിത്യപാകം തൈലം പാമാകുഷ്ഠത്തെ വളരെ വേഗത്തിൽ ശമിപ്പിക്കും.

### തൃണകതൈലം.

മഞ്ജിഷ്ഠാ രുങ് നിശാ ചക്രമദ്ദാരഗന്ധപല്ലവൈഃ
തൃണകസ്വരസേ സിദ്ധം തൈലം കുഷ്ഠഹരം കടു,

മഞ്ചട്ടി, കൊട്ടം, മഞ്ഞൾ, തകരയരി, കൊന്നത്തളിര് ഇവ തൃണപഞ്ചമൂലത്തിന്റെ നീരിൽ അരച്ചു കലക്കി കടുകെണ്ണ കാച്ചി തേച്ചാൽ കുഷ്ഠത്തെ ശമിപ്പിക്കും. (ദർഭ, കരുവിക്കരിമ്പ്, കരിമ്പ്, മുഞ്ജപ്പുല്ല്, വരിനെല്ല് ഇവ തൃണപഞ്ചമൂലം.)

### ദൂവാദിതൈലം.

സ്വരസേ ചൈവ ദൂവായാഃ പചേത്തൈലം ചതുർഗ്ഗുണം
കച്ഛൂവിചച്ചികാ പാമാ അഭ്യംഗാദേവ നാശയേൽ

എണ്ണയുടെ നാലുഗുണം കറുക ഇടിച്ചുപിഴിഞ്ഞ നീരു ചേത്തു

കാച്ചിയെടുത്ത എണ്ണ തേച്ചാൽ കച്ഛു, വിചർച്ചിക, പാമ എന്നിവ ശമിക്കും.

ഗണ്ഡീരാദ്യം തൈലം.

ഗണ്ഡീരികാ ചിത്രകമാർക്കവാർക്കകുഷ്ഠദ്രുമത്വഗ്ലവണൈഃ സമൂത്രൈഃ
തൈലം പചേന്മണ്ഡലദദ്രുകുഷ്ഠ ദുഷ്ടവ്രണാരുഃ കിടിഭാപഹാരി.

ചതുരക്കള്ളി, കൊട്ടവേലിക്കിഴങ്ങ്, കയ്യോന്നി, എരുക്ക്, കൊട്ടം, ദേവതാരം, ഇലവങ്ങം, ഉപ്പ് ഇവ ഗോമൂത്രത്തിൽ അരച്ചുകലക്കി എണ്ണ കാച്ചി തേച്ചാൽ ദദ്രുകുഷ്ഠം, ദുഷ്ടവ്രണം, വ്രണം, കിടിഭം എന്നിവ ശമിക്കും.

സോമരാജിതൈലം.

സോമരാജീ ഹരിദ്രേ ദ്വേ സർഷപാരഗ്വധം ഗദം
കരഞ്ജൈഡഗജാബീജം ഗർഭം ദത്വാ വിപാചയേൽ
തൈലം സർഷപസംഭൂതം നാഡീദുഷ്ടവ്രണാപഹം
അനേനാശു പ്രശാമ്യന്തി കുഷ്ഠാന്യഷ്ടാദശൈവ തു
നീലികാ പിടകാ വ്യംഗം ഗംഭീരം വാതശോണിതം
കണ്ഡൂന്യച്ഛപ്രശമനം കച്ഛു പാമാ വിനാശനം.

കാർകോകിലരി, മഞ്ഞൾ, മരമഞ്ഞൾ, കടുക്, കൊന്നത്തൊലി, കൊട്ടം, പുങ്കിൻകുരുവിൻപരിപ്പ്, തകരയരി ഇവ കല്ക്കംചേർത്തു കടുകെണ്ണ കാച്ചിഅരിച്ചു തേയ്ക്കുക. എന്നാൽ നാഡീവ്രണം, ദുഷ്ടവ്രണം, പതിനെട്ടുപ്രകാരത്തിലുള്ള കുഷ്ഠം, നീലിക, കുരു, മുഖത്തുള്ള കറുപ്പ്, വളരെ വർദ്ധിച്ചതായ വാതരക്തം, ചൊറിച്ചിൽ, കച്ഛു, പാമ എന്നിവയെ വളരെ വേഗത്തിൽ ശമിപ്പിക്കും.

ചിത്രകാദിതൈലം.

ചിത്രകസ്യാഥ നിർഗ്ഗുണ്ഡ്യാ ഹയമാരസ്യ മൂലതഃ
നാഡീകബീജാദപിഷ്ഠതഃ കാഞ്ജിപിഷ്ടം പലം പലം
കരഞ്ജതൈലാഷ്ടപലം കാഞ്ജികസ്യ പലം പുനഃ
മിശ്രിതം സൂര്യസന്തപ്തം തൈലം കുഷ്ഠവ്രണാസ്രജിൽ.

കൊട്ടവേലിക്കിഴങ്ങ്, കരുനൊച്ചിവേര്, കണവീരത്തിൻവേര്, തണ്ടൻചീരയരി, ശുദ്ധിചെയ്ത വത്സനാഭി ഇവ ഓരോ പലം കാടിയിൽ അരച്ചു ഇരുനാഴി പുങ്കിൻെറ എണ്ണയും ഉഴക്കു കാടിയുംകൂടി ചേർത്തു സൂര്യരശ്മി കൊള്ളിച്ചു വെള്ളംവററിച്ചു തേച്ചാൽ കുഷ്ഠം, വ്രണം, രക്തദുഷ്ട്യം ഇവ ശമിക്കും.

ആരഗ്വധാദിതൈലം.

ആരഗ്വധം ധവം കുഷ്ഠം ഹരിതാലം മനശ്ശിലാം
രജനീദ്വയസംയുക്തം പചേത്തൈലം വിധാനവിൽ

ഏതേനാഭ്യഞ്ജയേശ്വിത്രീ ക്ഷിപ്രം ശ്വിത്രം വിനശ്യതി.

കൊന്നത്തൊലി, ഞെമ, കൊട്ടം, അരിതാരം, മനയോല, മഞ്ഞൾ. മരമഞ്ഞൾ ഇവ കല്ക്കംചേൎത്തു എണ്ണകാച്ചി തേച്ചാൽ ശ്വിത്രം ഏത്രയും വേഗത്തിൽ ശമിക്കും.

കരവീരാദ്യം തൈലം.

ശ്വേതകരവീരരസോ ഗോമൂത്രം ചിത്രകം വിഡംഗം ച
കുഷ്ഠേഷു തൈലയോഗഃ സിദ്ധോऽയം സമ്മതോ ഭിഷജാം

വെളുത്ത കണവീരത്തിൻനീരും ഗോമൂത്രവും കൂട്ടിച്ചേൎത്തു അതിൽ കൊടുവേലിക്കിഴങ്ങു, വിഴാലരിപ്പരിപ്പ് ഇവ സമം കല്ക്കം അരച്ചു കലക്കി എണ്ണയുംചേൎത്തു കാച്ചി അരിക്കുക. ഇതു കുഷ്ഠത്തിനു സിദ്ധൌഷധമാണെന്നു വൈദ്യന്മാർ മുക്തകണ്ഠം സമ്മതിച്ചിട്ടുള്ള ഒരു വിശിഷ്ടതൈലമാകുന്നു.

ശ്വേതകരവീരാദ്യം തൈലം.

ശ്വേതകരവീരമൂലം വിഷാംശസാധിതം ഗവാം മൂത്രേ
ചൎമ്മദളപാമാ സിദ്ധ്മവിസ്ഫോടകൃമികിടിഭജിത്തൈലം

വെളുത്ത കണവീരത്തിൻവേരും വത്സനാഭിയും (ശുദ്ധിചെയ്തു) കൂടി ഗോമൂത്രത്തിൽ അരച്ചു കലക്കി എണ്ണയുംചേൎത്തു കാച്ചി അരിച്ചു തേച്ചാൽ ചൎമ്മദളം, പാമ, സിദ്ധ്മം, വിസ്ഫോടം, കൃമി, കിടിഭം ഇവയെ നശിപ്പിക്കും.

വിഷതൈലം

നക്തമാലം ഹരിദ്രേ ദ്വേ അൎക്കസ്തഗരമേവ ച
കരവീരം വചാ കുഷ്ഠമാസ്ഫോതാ രക്തചന്ദനം
മാലതീ സപ്തവൎണ്ണം ച മഞ്ജിഷ്ഠാ സിന്ദുവാരികാ
ഏഷാമൎദ്ധപലാൻ ഭാഗാൻ വിഷസ്യാപി പലം തഥാ
ചതുൎഗ്ഗുണേ ഗവാം മൂത്രേ തൈലപ്രസ്ഥം വിപാചയേൽ
ശ്വിത്രവിസ്ഫോടകിടിഭകീടലൂതവിചൎച്ചികാഃ
കണ്ഡൂകച്ഛ്വാവികാരാശ്ച യേ വ്രണാ വിഷദൂഷിതാഃ
വിഷതൈലമിദം നാമ്നാ സൎവ്വവ്രണവിശോധനം.

പുങ്കിൻതൊലി, മഞ്ഞൾ, മരമഞ്ഞൾതൊലി, എരിക്കിൻപാൽ, തകരം, കണവീരത്തിൻതൊലി, വയമ്പു, കൊട്ടം, വിഷ്ണുക്രാന്തി, രക്തചന്ദനം, പിച്ചകപ്പൂവ്, ഏഴിലമ്പാലത്തൊലി, മഞ്ചട്ടി, കരിനൊച്ചിവേരു ഇവ അരപ്പലം വീതം. ശുദ്ധിചെയ്ത വത്സനാഭി പലം ഒന്ന്. ഇവ എല്ലാംകൂടി നാലിടങ്ങഴി ഗോമൂത്രത്തിൽ അരച്ചു കലക്കി ഇടങ്ങഴി എണ്ണയുംചേൎത്തു കാച്ചുക. ഈ തൈലം ശ്വിത്രം

(പാണ്ഡു) വിസ്ഫോടം, കിടിഭം, പുഴ ചിലന്തി ഇവയുടെ വിഷം, വിചൎച്ചിക, ചൊറിച്ചിൽ, വിഷദൂഷിതങ്ങളായ വ്രണങ്ങൾ ഇവയെ ശമിപ്പിക്കും. സകലവിധവ്രണങ്ങളേയും ശുദ്ധിയാക്കും.

## മരിചാദ്യം തൈലം.

മരിചാലശ്ശിലാഹാലപയോഽശ്വാരിജടാ ത്രിവൃൽ
ശകൃദ്രസവിശാലാ രുങ് നിശായുഗ്ദാരു ചന്ദനൈഃ
കടുതൈലാൽ പചേൽ പ്രസ്ഥം ദ്വ്യക്ഷൈർവിഷപലാന്വി-
സഗോമൂത്രം തദഭ്യംഗാ ദദ്രു ശ്വിത്രവിനാശനം (തൈഃ
സൎവ്വേഷ്വപി ച കുഷ്ഠേഷു തൈലമേതൽ പ്രശസ്യതേ.

നല്ലമുളക, അരിതാരം, മനയോല, എരിക്കിൻപാല, കണവീരത്തിൻവേര, ത്രികോല്പക്കൊന്ന, ചാണകനീര, കാട്ടുവെള്ളരിവേര, കൊട്ടം, മഞ്ഞൾ, മരമഞ്ഞൾ, ദേവതാരം, ചന്ദനം ഇവ മുമ്മൂന്നുകഴഞ്ചുവീതം. ശുദ്ധിചെയ്ത വത്സനാഭി കഴഞ്ചു പന്ത്രണ്ട്. ഇവ കല്കം. നാലിടങ്ങഴി ഗോമൂത്രത്തിൽ അരച്ചുകലക്കി ഇടങ്ങഴി കടുകെണ്ണയുംചേൎത്തു കാച്ചിയരിച്ചു തേയ്ക്കുക. എന്നാൽ ദദ്രു, ശ്വിത്രം ഇവയും സകല കുഷ്ഠങ്ങളും ശമിക്കും.

## ബൃഹന്മരിചാദ്യം തൈലം.

മരിചം ത്രിഫലാ ദന്തീ ക്ഷീരമാൎക്കം ശകൃദ്രസം
ദേവദാരു ഹരിദ്രേദ്വേ മാംസീ കുഷ്ഠം സചന്ദനം
വിശാലാ കരവീരം ച ഹരിതാലം മനശ്ശിലാ
ചിത്രകോലാംഗലാഖ്യാ ച വിഡംഗം ചക്രമൎദ്ദകം
ശിരീഷം കുടജോ നിംബം സപ്തപൎണ്ണസ്നുഹാമൃതാഃ
സമ്പാകോ നക്തമാലോഽബ്ദം ഖദിരം പിപ്പലീ വചാ
ജ്യോതിഷ്മതീ ച പലികാ വിഷസ്യ ദ്വിപലം ഭവേൽ
ആഢകം കടുതൈലസ്യ ഗോമൂത്രം തു ചതുൎഗ്ഗുണം
മൃൽപാത്രേ ലൌഹപാത്രേ വാ ശനൈർമൃദ്വഗ്നിനാ പചേൽ
പക്വാ തൈലവരം ഹ്യേതൻമ്രക്ഷയേൽ കൌഷ്ഠികാൻവ്രണാൻ
പാമാ വിചൎച്ചികാ ദദ്രൂ കണ്ഡൂ വിസ്ഫോടകാനി ച
വലയഃ പലിതം ഛായാനീലീ വ്യംഗസ്തഥൈവ ച
അഭ്യംഗേന പ്രണശ്യന്തി സൌകുമാൎയ്യം ച ജായതേ
പ്രഥമേ വയസി സ്ത്രീണാം യാസാം നസ്യം തു ദീയതേ
പരാമപി ജരാം പ്രാപ്യ ന സ്തനായാന്തി നമ്രതാം
ബലീവൎദ്ദസ്തുരംഗോ വാ ഗജോ വാ വായുപീഡിതഃ

നല്ലമുളക, കടുക്ക, നെല്ലിക്ക, താന്നിക്ക, നാഗദന്തി, എരിക്കി

ൻപാൽ, ചാണകനീരു്, ദേവതാരം, മഞ്ഞൾ, മരമഞ്ഞൾ, മാഞ്ചി, കൊട്ടം, ചന്ദനം, കാട്ടുവെള്ളരിവേരു, കണവീരം, അരിതാരം, മനയോല, കൊട്ടുവേലിക്കിഴങ്ങു, നീർത്തിപ്പലി, വിഴാലരി, തകരയരി, വാകത്തൊലി, കുടകപ്പാലത്തൊലി, വേപ്പിൻതൊലി, ഏഴിലമ്പാലത്തൊലി, കള്ളിപ്പാലത്തണ്ടു, അമൃതു, കൊന്നത്തൊലി, പുങ്കിൻതൊലി, മുത്തങ്ങ, കരിങ്ങാലിക്കാതൽ, ചെറുതിപ്പലി, വയമ്പു, ചെറുപ്പുന്നയരി ഇവ ഓരോപലം വീതം. ശുദ്ധിചെയ്ത വത്സനാഭി പലം രണ്ടു്. ഇവ കല്ക്കമായി അരച്ചു കലക്കണം. കടുകെണ്ണ ഇടങ്ങഴി നാലു്. ഗോമൂത്രം ഇടങ്ങഴി പതിനാറു്. എല്ലാംകൂടി ചേൎത്തു മൺപാത്രത്തിലോ ലോഹപാത്രത്തിലോ ആക്കി മൃദ്വഗ്നിയിൽ പാകംചെയ്തു അരിച്ചെടുക്കണം. ഈ തൈലം ദേഹത്തു തേച്ചാൽ കുഷ്ഠവ്രണം, പാമ, വിചൎച്ചിക, ദദ്രു, ചൊറിച്ചിൽ, വിസ്ഫോടം, ജര, നീലി, മുഖത്തുള്ള കറുപ്പു് ഇവ ശമിക്കും. ദേഹത്തിനു സൌന്ദൎയ്യം ഉണ്ടാകും. സ്ത്രീകൾക്കു ബാല്യകാലത്തു് ഈ എണ്ണകൊണ്ടു നസ്യം ചെയ്താൽ വയസ്സായാൽ കൂടിയും അവരുടെ മുല വീഴുകയില്ല. വായുവിന്റെ ഉപദ്രവമുള്ള കാളയേയോ കുതിരയേയോ ഈ എണ്ണകൊണ്ടു അഭ്യംഗം ചെയ്താൽ അവ വളരെ ബലവും വായുവേഗമുള്ളവയുമായിത്തീരും.

## ഭല്ലാതക തൈലയോഗം.

തൈലം ഭല്ലാതകാനാം ച പിബേന്മാസം യഥാബലം
സൎവ്വോപതാപനിൎമ്മുക്തോ ജീവേദബ്ദശതം ദൃഢം.

ബലത്തിന്നനുസരിച്ചു് ഒരുമാസംവരെ ചേക്കുരുവിന്റെ എണ്ണ സേവിച്ചാൽ സൎവ്വദുഃഖങ്ങളും നീങ്ങി നൂറുവൎഷംവരെ ജീവിച്ചിരിക്കും. നിശ്ചയം.

## വജ്രകതൈലം.

സപ്തപൎണ്ണകരഞ്ജാൎക്കമാലതീകരവീരജം
മൂലം സ്നുഹീശിരീഷാഭ്യാം ചിത്രകാസ്ഫോതയോരപി
കരഞ്ജബീജം ത്രിഫലാം ത്രികടും രജനീദ്വയം
സിദ്ധാൎത്ഥകം വിഡംഗം ച പ്രപുന്നാഡതിലൈസ്സഹ.
മൂത്രപിഷ്ടൈഃ പചേത്തൈലമേഭിഃ കുഷ്ഠവിനാശനം
അഭ്യംഗാദ്വജ്രകം നാമ നാഡീ ദുഷ്ടവ്രണാപഹം.

ഏഴിലംപാലത്തൊലി, പുങ്കിൻതൊലി, എരുക്കു്, ചിത്രകത്തിൻവേരു, കണവീരത്തിൻവേരു, കള്ളിപ്പാലക്കിഴങ്ങു, നെന്മേനിവാകത്തൊലി, കൊട്ടുവേലിക്കിഴങ്ങു, വിഷ്ണുക്രാന്തിയുടെ വേരു, പുങ്കിൻഅരി, ത്രിഫലത്തോടു, ചുക്കു, മുളകു, തിപ്പലി, മഞ്ഞൾ, മരമഞ്ഞൾ

കടുക, വിഴാലരിപ്പരിപ്പ്, തകരയരി, കാരെള്ള് ഇവ എണ്ണയ്ക്കുസമം ഗോമൂത്രത്തിൽ അരച്ച് കലക്കി എണ്ണയുംകൂട്ടി കാച്ചി അരച്ചുതേയ്ക്കുക. വജ്രകമെന്നു പേരായ ഈ തൈലം ദേഹത്തു തേച്ചാൽ കുഷ്ഠവും നാഡീവ്രണവും ശമിക്കും.

മഹാതൃണകതൈലം.

ഹരിദ്രാ ത്രിഫലാ ദാരു ഹയമാരകചിത്രകം
സപ്തച്ഛദശ്ച നിംബത്വക് കരഞ്ജോ വാളകം നഖീ
കുഷ്ഠമേഢഗജാബീജം ലാംഗലീശണികാരികാ
ജാതീപത്രം ച ദാർവ്വീ ച ഹരിതാലം മനശ്ശിലാ
കലിംഗം തിലപത്രം ച അർക്കക്ഷീരം ച ഗുഗ്ഗുലുഃ
ഗുഡത്വങ് മരിചം ചൈവ കുങ്കുമം ഗ്രന്ഥിപർണ്ണകം
സജ്ജപർണ്ണാസ ഖദിര വിഡംഗം പിപ്പലീം വചാം
ഘനരേണ്വമൃതായഷ്ടി കേസരം ധ്യാമകം വിഷം
വിശാകടുഫലമഞ്ജിഷ്ഠാ ബോളസ്തുംബീഫലം തഥാ
സ്നുഹീസമ്പാകയോഃ പത്രം വാകുചീ ബീജമാംസികേ
ഏലാ ജ്യോതിഷ്മതീമൂലം ശിരീഷോ ഗോമയാദ്രസഃ
ചന്ദനേ കുഷ്ഠനിർഗ്ഗുണ്ഡീ വിശാലാ മല്ലികാദ്വയം
വാശാശ്വഗന്ധാ ബ്രാഹ്മീ ച ശ്ര്യാഹ്വം ചമ്പകകട്ഫലം
ഏതൈഃ കല്ക്കൈഃ പചേത്തൈലം തൃണകം സ്വരസദ്രവം
സർവ്വത്വഗ്ദോഷഹരണം മഹാതൃണകസംജ്ഞിതം.

മഞ്ഞൾ, കടുക്ക, താന്നിക്ക, നെല്ലിക്ക, ദേവതാരം, കണവീരത്തിൻവേര്, കൊട്ടുവേലിക്കിഴങ്ങ്, ഏഴിലംപാലത്തൊലി, വേപ്പിൻതൊലി, പുങ്കിൻതൊലി, ഇരുവേലി, അസ്വരനഖം, കൊട്ടം, തകരയരി, നീർതിപ്പലി, മുഞ്ഞവേര്, ജാതിപത്രി, മരമഞ്ഞൾ, അരിതാരം, മനയോല, കടകപ്പാലയരി, തിലപത്രം, എരുക്കിൻപാൽ, ഗുഗ്ഗുലു, ഇലവർങ്ഗം, നല്ലമുളക്, കുങ്കുമപ്പൂവ്, കരിമ്പണ്ണക്കിഴങ്ങ്, ചെഞ്ചല്യം, ചെറുതുളസി, കരിങ്ങാലിക്കാതൽ, വിഴാലരി, ചെറുതിപ്പലി, വയമ്പു, മുത്തങ്ങാക്കിഴങ്ങു, അരേണുകം, അമൃതു, അതിമധുരം, നാഗപ്പൂവു, നാന്മുകപ്പുല്ല്, ശുദ്ധിചെയ്ത വത്സനാഭി, ചുക്കു, കുമ്പിൾവേരു, മഞ്ചട്ടി, നറുമ്പശ, ചുരക്കായ്, കള്ളിപ്പാലക്കിളുന്നു, കൊന്നത്തളിരു, കാർകോകിലരി, ജഡാമാഞ്ചി, ഏലത്തരി, ചെറുപ്പുന്നവേരു, നെന്മേനിവാകത്തൊലി, ചാണകനീരു, ചന്ദനം, രക്തചന്ദനം, കൊട്ടം, കരുനൊച്ചിയില, കാട്ടുവെള്ളരിവേരു, മുല്ലപ്പൂവു, ആടലോടകവേരു, അമുക്കുരം, ബ്രഹ്മി, കൂവളത്തിൻവേരു, ചെമ്പകപ്പൂവ്, കുമ്പിൾവേര്, ഇവ സമം കല്കം. തൃണപഞ്ചമൂലത്തിന്റെ നീരിൽ അരച്ചുകലക്കി എണ്ണയുംചേർത്തു കാച്ചുക. മഹാതൃണകമെന്ന പേരോടുകൂടിയ

ഈ തൈലം എല്ലാ ത്വഗ്ദോഷത്തിനും വളരെ വിശേഷമായിട്ടുള്ള താകുന്നു.

### സിന്ദൂരാദിതൈലം.

സിന്ദൂരാൎദ്ധപലം പിഷ്ട്വാ ജീരകസ്യ പലം തഥാ
കടുതൈലം പചേന്മാനീം സദ്യഃ പാമാഹരം പരം.

ശുദ്ധിചെയ്ത അരപ്പലം സിന്ദൂരവും ഒരുപലം ജീരകവുംകൂടി അരച്ചുകലക്കി കാച്ചിയ കടുകെണ്ണ പാമ എന്ന കുഷ്ഠത്തെ പെട്ടെന്നു നിശ്ശേഷം നശിപ്പിക്കും.

### മഹാസിന്ദൂരാദിതൈലം.

സിന്ദൂരം ചന്ദനം മാംസീ വിഡംഗം രജനീദ്വയം
പ്രിയംഗു പത്മകം കുഷ്ഠം മഞ്ജിഷ്ഠാം ഖദിരം വചാം
ജാത്യൎക്കത്രിവൃതാ നിംബകരഞ്ജവിഷമേവ ച
കൃഷ്ണവേത്രകലോദ്ധ്രം ച പ്രപുന്നാടം ച സംഹരേൽ
ശ്ലക്ഷ്ണപിഷ്ടാനി സൎവ്വാണി യോജയേത്തൈലമാത്രയാ
അഭ്യംഗേന പ്രയുഞ്ജീത സൎവ്വകുഷ്ഠവിനാശനം
പാമാ വിചൎച്ചികാ കണ്ഡൂ വിസൎപ്പാദിവിനാശനം
രക്തപിത്തോത്ഥിതാൻ ഹന്തി രോഗാനേവംവിധാൻബഹൂൻ.

സിന്ദൂരംചന്ദനം, ജഡാമാഞ്ചി, വിഴാലരി, മഞ്ഞൾ, മരമഞ്ഞൾ, ഞാഴൽപ്പൂവു്, പതുമുകം, കൊട്ടം, മഞ്ചട്ടി, കരിങ്ങാലി, വയമ്പു, പിച്ചകമൊട്ടു്, എരുക്കിൻപാൽ, ത്രികോല്പക്കൊന്ന, വേപ്പിൻതൊലി, പുങ്കിൻതൊലി, വത്സനാഭി (ശുദ്ധിചെയ്തു്), കരുത്തചൂരൽത്തല, പാച്ചോററിത്തൊലി, തകരയരി ഇവ കൽക്കം അരച്ചുകലക്കി എണ്ണയും ചേൎത്തു കാച്ചിയരിച്ചു തേയ്ക്കുക; എല്ലാ കുഷ്ഠങ്ങളും ശമിക്കും. കൂടാതെ പാമ, വിചൎച്ചിക, ചൊറിച്ചിൽ, വിസൎപ്പം മുതലായവ ശമിക്കും. ഈ മഹാസിന്ദൂരാദിതൈലം രക്തപിത്തോത്ഭവങ്ങളായ മററു പലതരത്തിലുള്ള രോഗങ്ങൾക്കും വളരെ വിശേഷമായിട്ടുള്ളതാണു്.

### മഹാവജ്രകതൈലം.

ഏരണ്ഡതാൎക്ഷ്യഫലനിംബകദംബഭാൎങ്ഗീ
കമ്പില്യവേല്ലഫലിനീ സുരവാരുണീഭിഃ
നിൎഗ്ഗുണ്ഡ്യരുഷ്കരസുരാഹ്വസുവൎണ്ണദുഗ്ദ്ധാ
ശ്രീവേഷ്ടഗുൽഗ്ഗുലു ശിലാ പടുതാലവിശൈഃ
തുല്യസ്നുഗൎക്കദുഗ്ദ്ധം സിദ്ധം തൈലം സ്മൃതം മഹാവജ്രം
അതിശയിതവജ്രകഗുണാം ശ്വിത്രാൎശോഗ്രന്ഥിമാലാഘ്നം.

ആവണക്കിൻവേരു്, മാക്കീരക്കല്ലു്, മുത്തങ്ങാക്കിഴങ്ങു്, വേ

പ്പിൻതൊലി, കടമ്പിൻതൊലി, ചെറുതേക്കിൻവേരു്, കമ്പിപ്പാല വേരു്, വിഴാലരി, ഞാഴൽപ്പൂവു്, വട്ടപ്പുന്നാളിവേരു്, കരുനൊച്ചി വേരു്, ശുദ്ധിചെയ്ത ചേക്കുരു, ദേവതാരം, എരുമക്കള്ളിവേരു്, തിരു വട്ടപ്പശ, ഗുല്ഗുലു, കന്മദം, ഇന്തുപ്പു്, അരിതാരം, ചുക്കു് ഇവസമം വെള്ളത്തിലരച്ചുകലക്കി എണ്ണയും കള്ളിപ്പാലും എരുക്കിൻകറയും ഒരുപോലെ ചേൎത്തു കാച്ചിയരിച്ചു തേയ്ക്കുക. ഇതു വജ്രകതൈല ത്തേക്കാൾ വളരെവളരെ നല്ലതാണു്. ഈ തൈലം തേച്ചാൽ ത്വ ക്ദോഷങ്ങളും ദുഷ്ടങ്ങളായ നാഡീവ്രണങ്ങളും ശ്വിത്രവും, അൎശസ്സും, ഗ്രന്ഥിയും ശമിക്കും.

## പഞ്ചവല്ക്കാദിതൈലം.

പഞ്ചവല്ക്കനിശാ ഗോപീ കഷായേതി ജലേ പചേൽ
രംഭോദകന്ദമധുകതാക് സേവ്യാമയചന്ദനൈഃ
രക്തപിത്തോത്തരേ കുഷ്ഠേ വിസൎപ്പേ ക്ലേദവത്യപി.

നാല്പാമരത്തൊലി, കല്ലാൽത്തൊലി, മഞ്ഞൾ, നറുനീണ്ടിക്കി ഴങ്ങു് ഇവകൊണ്ടുള്ള കഷായത്തിൽ കദളിവാഴമാണം, അതിമധുരം, ഇലവർങ്ഗത്തൊലി, രാമച്ചം, കൊട്ടം, ചന്ദനം ഇവ കല്ക്കം അരച്ചു കലക്കി എണ്ണചേൎത്തു കാച്ചിത്തേയ്ക്കുക. രക്തപിത്തം, കുഷ്ഠം, വി സൎപ്പം ഇവ ശമിക്കും.

## ജീവന്ത്യാദിതൈലം.

ജീവന്തീ മഞ്ജിഷ്ഠാ ദാവീ കമ്പില്യകം പയസ്തുത്ഥം
ഏഷഘൃതതൈലപാകസ്സിദ്ധസ്സിദ്ധേ ച സൎജ്ജരസഃ
ദേയസ്സമധൂച്ഛിഷ്ടോ വിപാദികാതേന നശ്യതിഘൃക്തഃ
ചൎമ്മൈകകുഷ്ഠകിടിഭം സിദ്ധ്മം ശാമ്യത്യുദാരമലസഞ്ച.

അടപതിയൻകിഴങ്ങു്, മഞ്ചട്ടിപ്പൊടി, മരമഞ്ഞൾത്തൊലി, കമ്പിപ്പാലക്കറ, തുരിശു് ഇവ കല്ക്കംചേൎത്തു എണ്ണയും നെയ്യുംകൂട്ടി കാച്ചി അരിച്ച ചെഞ്ചല്യം, പൊന്മെഴുകു് ഇവ പാത്രപാകംചേൎത്തു തേയ്ക്കുക. വിപാദിക, ചൎമ്മകുഷ്ഠം, കിടിഭം, സിദ്ധ്മം, അലസക കുഷ്ഠം ഇവ ശമിക്കും.

## നാല്പാമരാദിതൈലം.

നാല്പാമരം ത്രിഫലചന്ദനസേവ്യകുഷ്ഠം
ചെറ്റുള്ളി ചോരമകിലെന്നിവ കല്ക്കമായി
പൈമഞ്ഞൾ പർപ്പടരസേ പരിപക്വമെണ്ണ
തേക്കിൽ കെടും ചൊറി ചിരങ്ങു വിസൎപ്പകുഷ്ഠം.

Since 1923

പച്ചമഞ്ഞൾ, പൎപ്പടകപ്പുല്ലു് ഇവ സമമായി ഇടിച്ചുപിഴി ഞ്ഞെടുത്തനീരു് ഇടങ്ങഴി നാലു്. കല്ക്കത്തിനു നാല്പാമരത്തൊലി,

കടുക്ക, താന്നിക്ക, നെല്ലിക്ക, ചന്ദനം, രാമച്ചം, കൊട്ടം, ചെമ്പ്രാവള്ളിക്കിഴങ്ങ്, കച്ചോലം, അകിൽ ഇവ ഒന്നേമുക്കാൽ കഴഞ്ചുവീതം അരച്ചുകലക്കി ഇടങ്ങഴി എണ്ണയും ചേൎത്തു കാച്ചിയരിച്ചു തേയ്ക്കുക. ചൊറി, ചിരങ്ങ്, വിസൎപ്പം, കുഷ്ഠം ഇവ നശിക്കും.

ദിനേശവല്ല്യാദിതൈലം.

ദിനേശവല്ലീ രജനീ ദിനേശ വ്യാഘ്രാതകക്ഷീരമഹീരുഹാണാം
കഷായകേന കല്ക്കേന പചേത തൈലം ത്വഗ്ദോഷശാന്ത്യൈ
പരിശീലമേതൽ.

വേമ്പാട, മഞ്ഞൾ, എരിക്കിൻവേര്, കൊന്നവേരിലെത്തൊലി, നാല്പാമരത്തൊലി ഇവ കഷായവും ഇതുകൾതന്നെ കല്ക്കമായും ചേൎത്തു കാച്ചിയെടുത്ത തൈലം ത്വക്ദോഷത്തെ ശമിപ്പിക്കും.

കുഷ്ഠരാക്ഷസതൈലം.

സൂതകം ഗന്ധകം കുഷ്ഠം സപ്തപൎണ്ണഞ്ച ചിത്രകം
സിന്ദൂരഞ്ച രസോനഞ്ച ഹരിതാലമവല്ഗുജം
ആരഗ്വധസ്യ ബീജാനി ജീൎണ്ണതാമ്രം മനശ്ശിലാ
പ്രത്യേകം കൎഷമേതേഷാം കടുതൈലം പലാഷ്ടകം
സാധയേൽ സൂൎയ്യതാപേന സൎവ്വകുഷ്ഠവിനാശനം
ശ്വിത്രമൌദുംബരം കഛ്രൂം മാംസവൃദ്ധിം ഭഗന്ദരം
വിചൎച്ചികാഞ്ച പാമാനം വാതരക്തം സുദാരുണം
ഗംഭീരഞ്ച തഥോത്താനം നാശയേദസ്യ ലേപനാൽ
കുഷ്ഠരാക്ഷസനാമേദം സൌവൎണ്ണ്യകരണം പരം
അശ്വിഭ്യാം നിൎമ്മിതം ഹ്യേതൽ ലോകാനുഗ്രഹസിദ്ധയേ.

രസം, ഗന്ധകം, കൊട്ടം, ഏഴിലമ്പാലത്തൊലി, കൊടുവേലിക്കിഴങ്ങ്, സിന്ദൂരം, വെള്ളുള്ളി, അരിതാരകം, കാർകോകിലരി, കൊന്നയരി, താമ്രഭസ്മം, മനയോല ഇവ മുമ്മൂന്നുകഴഞ്ചുവീതം കടുകെണ്ണ പലം എട്ട്. മേല്പറഞ്ഞ മരുന്നുകളെല്ലാംകൂടി കടുകെണ്ണയിൽ പൊടിച്ചിട്ടു വെയിലത്തുവച്ചു ചൂടുപിടിപ്പിച്ചു തേയ്ക്കുക. എന്നാൽ എല്ലാവിധത്തിലുള്ള കുഷ്ഠങ്ങളും ഭയങ്കരമായ വാതരക്തവും നശിക്കും. കൂടാതെ ശരീരത്തിനു വളരെ കാന്തിയുമുണ്ടാകും. ഈ തൈലം ലോകാനുഗ്രഹസിദ്ധിക്കായിക്കൊണ്ട് അശ്വിനീദേവകൾതന്നെ നിൎമ്മിച്ചിട്ടുള്ളതാകുന്നു.

വെയിൽകൊള്ളിച്ചുതേയ്ക്കുന്നവ.

ഗുൽഗുലമരിചവിഡംഗൈഃ സഷപകാസീസസജ്ജരസമുസ്തൈഃ
ശ്രീവേഷ്ടതാലഗന്ധാ മനശ്ശിലാ കുഷ്ഠകാസീസൈഃ
ഉദയഹരിദ്രാ സഹിതൈശ്ചാക്രികതൈലേന മിശ്രിതൈരേഭിഃ
ദിനകരകരാഭിതപ്തൈഃ കുഷ്ഠം ശ്ലേഷ്മഞ്ച നഷ്ടഞ്ച.

ഗുൽഗ്ഗുലു, മുളക്, വിഴാലരി, കടുക്, കാരീയം, ചെഞ്ചല്യം, മുത്തങ്ങാക്കിഴങ്ങ്, തിരുവട്ടപ്പശ, പനങ്കുരു, ഗന്ധകം, മനയോല, കൊട്ടം, കമ്പിപ്പാലവേമ്മേൽത്തൊലി, മഞ്ഞൾ, മരമഞ്ഞൾത്തൊലി ഇവ സമം പൊടിച്ചു കണയെണ്ണയിലിട്ട് വെയിലത്തുവച്ചു നല്ലപോലെ ചൂടുപിടിപ്പിച്ചു തേച്ചാൽ കുഷ്ഠം വർദ്ധിച്ചു വിണ്ടിരിക്കുന്നതിനെ ശമിപ്പിക്കും.

## മഹാപിണ്ഡതൈലം.

അമൃതായാഃ പലശതം സോമരാജീ തുലാം തഥാ
പ്രസാരണ്യാഃ പലശതം ജലദ്രോണേ പൃഥക് പചേൽ
പാദശേഷം ഗൃഹീത്വാ ച തൈലപ്രസ്ഥം പചേൽ ഭിഷക്
ക്ഷീരം ചതുർഗ്ഗുണം ദത്വാ മന്ദമന്ദേന വഹ്നിനാ
പിണ്ഡശാലജനിര്യ്യാസസിന്ദുവാരഫലത്രയം
വിജയാ ബൃഹതീ ദന്തീ കക്കോലകപുനർന്നവാഃ
വഹ്നി ഗ്രന്ഥിക കുഷ്ഠാനി നിശേ ദ്വേ ചന്ദനദ്വയം
പൂതിപൂതീകസിദ്ധാർത്ഥം വാകുചീ ചക്രമർദ്ദകം
വാശാ നിംബപടോലാനി വാനരീബീജമേവ ച
അശ്വാഹ്വാ സരളാ സർവ്വം പ്രതികർഷമിതം പചേൽ
ഏതത്തൈലവരം ഹന്തി വാതരക്തമസംശയം
കുഷ്ഠമഷ്ടാദശവിധം ഗ്രന്ഥിവാതം സുദാരുണം
കായഗ്രഹഞ്ചാമവാതം ഭഗന്ദരഗുദാമയം
ജ്വരമഷ്ടവിധം ഹന്തി മർദ്ദനാന്നാത്ര സംശയഃ

അമൃത്, കാർകോകിലരി, പ്രസാരണി ഇവ നൂറുപലംവീതം. ഇവ ഓരോന്നും പ്രത്യേകം പ്രത്യേകം പതിനാറിടങ്ങഴി വെള്ളത്തിൽ വീതം പചിച്ചു നാലൊന്നാക്കി വററിച്ചു പിഴിഞ്ഞരിച്ച് ഒരുമിച്ചു ചേർത്ത് ഇടങ്ങഴി എണ്ണയും നാലിടങ്ങഴി പാലും ചേർത്തു പഞ്ചമൻ പഴക്ക, ചെഞ്ചല്യം, കുന്തുരുക്കം, കരുനൊച്ചിവേര്, ത്രിഫലത്തോട്, മുഞ്ഞവേര്, ചെറുവഴുതിനവേര്, നാഗദന്തിവേര്, തക്കോലം, തമിഴാമവേര്, കൊട്ടവേലിക്കിഴങ്ങ്, കാട്ടുതിപ്പലിവേര്, കൊട്ടം, വരട്ടുമഞ്ഞൾ, മരമഞ്ഞൾത്തൊലി, ചന്ദനം, രക്തചന്ദനം, പൂതവൃക്ഷം, ആവിത്തൊലി, കടുക്, കാർകോകിലരി, തകരയരി, ആടലോടകവേര്, വേപ്പിൻതൊലി, പടവലത്തണ്ട്, നായ്ക്കുരണയരി, അമുക്കുരം, ചരളം ഇവ മുമ്മൂന്നു കഴഞ്ചുവീതം അരച്ചുകലക്കി മന്ദാഗ്നിയിൽ പചിച്ചു കാച്ചിയരിച്ചു തേയ്ക്കുക. ഈ തൈലം വാതരക്തവും, പതിനെട്ടുവിധമുള്ള കുഷ്ഠവും, ഗ്രന്ഥിവാതവും, ആമവാതവും, അർശസ്സും, ജ്വരവും നിശ്ശേഷം ശമിപ്പിക്കും.

### കച്ചൂരാദിതൈലം.

കച്ചൂരഹേമരജതാരി ധനേന്ദ്രവല്ലീ
സൈരേയകാരലതികാ ബലഭദ്രഭൃംഗീ
ഇക്ഷ്വാകുകുലരജനീ ഹരിപർണ്ണികാ സ്നുഗ്
ഘർമ്മാന്ത്രരോഗരിപു രക്ഷതികാപമാർഗ്ഗീ
കീടാരി കേതകീ സുരസ്യ ശ്രുഗഗ്നിജിഹ്വാ
ദ്രോണാവിതാനരസസിദ്ധവിശുദ്ധതൈലം
അർക്കാക്ഷ്വല്ല്യഗദപഞ്ചമഹീരുഹാണാ
മക്ഷാഭയാമലകവർണ്ണവതീ യുഗാനാം
ക്വാഥേ പചേൽ ഗദഫലത്രയകാലയാബ്ദ
മഞ്ജിഷ്ഠയാനപിതകഷായഗണൈശ്ച പിഷ്ടൈഃ
പക്വാ വിശാല്യ ശശിജേ സകലേ ച കുഷ്ഠേ
ചാഭ്യുജ്യതാം സഹവിശേഷിത ഏവ ഭിന്നേ.

കച്ചോലക്കിഴങ്ങ്, പൊന്നുമ്മത്തില, വെള്ളില, പൊസ്ത്തലച്ചി, ഉഴിഞ്ഞ, കരിംകുറിഞ്ഞി, കൈപ്പ, കുറുന്തോട്ടിവേരു്, ചെറുപൂള, കയ്യുന്നി, പേച്ചുര, പടവലത്തണ്ടു്, മഞ്ഞൾ, കുപ്പമഞ്ഞൾ, കള്ളിയില, എരിക്കില, കൊന്നയില, കുരുപ്പുരത്തിയില, ചെറുകടലാടി, വിഴാലരി, പൂക്കൈതവേരു്, തുളസി, അശോകത്തില, കൊഴപ്പ, തുമ്പ, കറിവേപ്പില ഇവയുടെ നീരും, എരുക്കിൻവേരു്, വേമ്പാട, കൊന്നത്തൊലി, നാല്പാമരത്തൊലി, കല്ലാലിൻതൊലി, ത്രിഫല, മഞ്ഞൾ, മരമഞ്ഞൾത്തൊലി ഇവകൊണ്ടുണ്ടാക്കിയ കഷായവും, എണ്ണയും ചേർത്തു് കൽക്കത്തിനു കൊട്ടം, ത്രിഫല, കുങ്കുമം, മുത്തങ്ങാക്കിഴങ്ങു്, മഞ്ചട്ടി ഇവ അരച്ചുകലക്കി കാച്ചിയരിക്കുക. പാത്രപാകം പച്ചക്കർപ്പൂരം. ഈ തൈലം എല്ലാ കുഷ്ഠത്തേയും ശമിപ്പിക്കും.

### സേവിപ്പാനും തേയ്ക്കാനുംതൈലം.

ക്ഷീരിദ്രുവല്ക്കാർക്കനിശാടഗോപീ
നിർഗ്ഗുണ്ഡികാ രാത്രി പടോല സേവ്യം
പൂതീകശമ്യാകകരഞ്ജനീലീ
ദ്വിപഞ്ചമൂലൈശ്ച കപീതനേന
ദിനേശവല്ല്യാച്ശ്രുതകേ കഷായേ
തൈലം തിലോത്ഥത്ര രവാസ്ഥിജഞ്ച
നൈംബഞ്ച ദാവീ മധു യഷ്ടി ചോരൈഃ
സ്പൃക്ജാതകത്രി ത്രിഫലാ പരാഗൈഃ
വചാ ച മുസ്താ ജലഗന്ധകൈശ്ച
കാസീസദോഷാഞ്ജനസേവ്യമുസ്തൈഃ

Since 1923

തൈലം പ്രസിദ്ധം പവനപ്രധാനാൽ
കുഷ്ഠാനശേഷാൻ വിനിഹന്തി ശീഘ്രം.

നാല്പാമരത്തിൻതോൽ, എരുക്കിൻവേരു്, കള്ളിവേരു്, നറുനീണ്ടിക്കിഴങ്ങു്, കരുനൊച്ചിയില, പച്ചമഞ്ഞൾ, പടവലത്തണ്ടു്, രാമച്ചം, ആവിലിത്തൊലി, കൊന്നത്തൊലി, പുങ്കിൻതൊലി, അമരി, ദശമൂലം, കല്ലാലിൻതൊലി, വേമ്പാട ഇവ സമമായെടുത്തു കഷായം വച്ചു് ആ കഷായനീരിൽ എള്ളെണ്ണ, നീരട്ടിഎണ്ണ, വേപ്പെണ്ണ ഇവ സമമായി ചേൎത്തു് കൽക്കത്തിനു മരമഞ്ഞൾത്തൊലി, ഇരട്ടിമധുരം, കച്ചോലം, ഏലം, ഇലവങ്ങം, പച്ചില, കുടകപ്പാലയരി, ചെറുപ്പുന്നയരി, വിഴാലരി, കാർകോകിലരി, നീരട്ടിക്കുരു, ചേൎക്കുരു, കടുക്ക, താന്നിക്ക, നെല്ലിക്ക, വയമ്പു്, മുത്തങ്ങാക്കിഴങ്ങു്, ഇരുവേലി, ഗന്ധകം, ഈയം, വരട്ടുമഞ്ഞൾ, അഞ്ജനക്കല്ലു്, രാമച്ചം, ആറ്റുമുത്തങ്ങാ ഇവ സമം ചേൎത്തു കാച്ചിയരിച്ചു സേവിക്കുകയും തേയ്ക്കുകയും ചെയ്താൽ എല്ലാ കുഷ്ഠങ്ങളും പെട്ടെന്നു ശമിക്കും. വിശേഷിച്ചു വാതപ്രധാനമായ കുഷ്ഠത്തെ നിശ്ശേഷം നശിപ്പിക്കും.

## കുഷ്ഠാന്തകതൈലം.

ദ്വാത്രിംശത്പാകുചീബീജം ജലദ്രോണേ വിപാചയേൽ
ചതുൎഭാഗാവശേഷന്തു കഷായമവതാരയേൽ
പൂതേ തസ്മിൻ കഷായേ തു ത്രികാന്തഞ്ച രസം തഥാ
പൃഥക് പൃഥക് പഞ്ചനിഷ്കം ചതുൎവ്വിംശതി നിഷ്കകം
ഗന്ധകം ചൈവ സംയോജ്യ നാഗവല്ലീരസേന തു
യാമമാത്രം തു പിഷ്ട്വാ തു സൂക്ഷ്മം ദൃഷദിലാളയേൽ
തൈലപ്രസ്ഥം പചേത്സമ്യക് ശനൈൎവ്യാപാലട്ടയേൽ
യാവച്ഛിക്കണതാം യാതി തത്തൈലമവതാരയേൽ
ധാന്യമദ്ധ്യേ തു നിഖനേൽ പക്ഷദ്വയമപേക്ഷയാ
ശുഭേ മുഹൂൎത്തേ നക്ഷത്രേ സകല്പ്യം തൈലമുത്തമം
ലേഹയേൽ പ്രാതരുത്ഥായ മാനവോ ഽമരതാം വ്രജേൽ
ക്ഷീരാന്നാശീ പരിഹരൻ വ്യവായാദീൻ ജിതേന്ദ്രിയഃ
പ്രലേപാൽ സൎവ്വകുഷ്ഠാനി നാശയേൽ സഹജാന്യപി
തദ്വല്ഗുന്മം രോമജം ശ്വിത്രം ദദ്രുജഞ്ച വിനാശയേൽ
കുഷ്ഠാന്തകമിദം നാമ്നാ തൈലമാത്രേയ നിൎമ്മിതം.

കാർകോകിലരി പലം മുപ്പത്തിരണ്ടു്. വെള്ളം ഇടങ്ങഴി മുപ്പത്തിരണ്ടു്. കുറുക്കി ഇടങ്ങഴി എട്ടു്. മൂന്നുവിധത്തിലുള്ള കാന്തവും രസവും പ്രത്യേകം പ്രത്യേകം കഴഞ്ചു് അഞ്ചുവീതം. ശുദ്ധിചെയ്ത ഗന്ധകം കഴഞ്ചു് ഇരുപത്തിനാലു്. എല്ലാംകൂടിച്ചേൎത്തു വെറ്റിലച്ചാറിൽ ഒരു യാമം അരയ്ക്കണം. നല്ലപോലെ അരഞ്ഞാൽ

എടുത്തു മുൻപറഞ്ഞ കഷായനീരിൽ ഇടങ്ങഴി എണ്ണയും അരച്ചെട്ടത്ത മരുന്നുംചേർത്തു് അടുപ്പേററി ചട്ടകംകൊണ്ടു സാവധാനത്തിൽ ഇളക്കി ചിക്കണ പാകത്തിൽ അരിച്ചെടുക്കണം. ആറിയശേഷം ഒരു നല്ല ഭരണിയിലാക്കി ഭദ്രമായി അടച്ചു് നെല്ലിൽ കഴിച്ചിട്ടേയ്ക്കുക. ഒരുമാസം കഴിഞ്ഞു ശുഭമായ നക്ഷത്രവും മുഹൂത്തവും നോക്കിയെടുത്തു രാവിലെ പഥ്യമായി സേവിക്കണം. പാലും ചോറും വഴിപൊലെ ഭക്ഷിക്കാം. യാതൊരുവിധത്തിലുള്ള ദേഹാദ്ധ്വാനവും ചെയ്യാൻ പാടില്ല; എന്നുതന്നെയുമല്ല ജിതേന്ദ്രിയനുമായിരിക്കണം. ഈവിധം അനുഷ്ഠിക്കുന്ന മനുഷ്യൻ ദേവന്മാരെപ്പോലെ കാന്തിയോടുകൂടിയവനായിരിക്കും. ഈ തൈലം ദേഹത്തു തേയ്ക്കുകയുംവേണം. എന്നാൽ എല്ലാ കുഷ്ഠങ്ങളും നശിക്കും. വിശേഷിച്ചും സഹജമായിരിക്കുന്ന കുഷ്ഠത്തേയും രോമം വെളുത്തുപോയ ശ്വിത്രത്തേയും തീപ്പൊള്ളിയപാടിലുണ്ടായ ശ്വിത്രത്തെപ്പോലും ശമിപ്പിക്കും. ആത്രേയമഹഷിയാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണു് ശ്രേഷ്ഠമായ ഈ കുഷ്ഠാന്തകതൈലം.

## ഘൃതയോഗങ്ങൾ.

### തിക്തകഘൃതം.

ത്രിഫലാ ദ്വിനിശാ വാശാ യാഷപപ്പടകുലകാൻ
ത്രായന്തീ കടുകാ നിംബാൻ പ്രത്യേകം ദ്വിപലോന്മിതാൻ.
ക്വാഥയിത്വാ ജലദ്രോണേ പാദശേഷേണ തേന തു
ഘൃതപ്രസ്ഥം പചേൽ കല്ക്കൈഃ പിപ്പലീഘനചന്ദനൈഃ
ത്രായന്തീ ശക്രഭൂനിംബൈബ്രഹ്മീഃ പീതം തിക്തകം ഘൃതം
ഹന്തി കുഷ്ഠജ്വരാശാംസി ശ്വയഥും ഗ്രഹണീഗദം
പാണ്ഡുരോഗം വിസപ്പം ച ക്ലീബാനാമപി ശസ്യതേ.

കടുക്ക, താന്നിക്ക, നെല്ലിക്ക, മഞ്ഞൾ, മരമഞ്ഞൾ, ആടലോടകവേരു്, കൊടിത്തൂവവേരു്, പപ്പടകപ്പുല്ലു്, പടവലത്തണ്ടു്, ബ്രഹ്മി, കടുകരോഹിണി, വേപ്പിൻതൊലി ഇവ ഈരണ്ടുപലംവീതം. പതിനാറിടങ്ങഴിവെള്ളത്തിൽ കഷായംവച്ചു നാലിടങ്ങഴിയാക്കി പിഴിഞ്ഞരിക്കണം. തിപ്പലി, മുത്തങ്ങാക്കിഴങ്ങു്, ചന്ദനം, ബ്രഹ്മി, കടകപ്പാലയരി, പുത്തരിച്ചുണ്ടവേരു് ഇവ കല്കംചേർത്തു് ഇടങ്ങഴി നെയ്യു് കാച്ചി സേവിക്കുക. കുഷ്ഠം, അശ്സ്സു്, നീക്കെട്ടു്, ഗ്രഹണീരോഗം, പാണ്ഡു, വിസപ്പം ഇവ ശമിക്കും. നപുംസകന്മാക്കും ഈ നെയ്യു് വളരെ നല്ലതാണു്.

### തിക്തകം മററൊന്ന്.

പടോലനിംബകടുകാ ദാർവ്വീ പാഠാ ദുരാലഭാഃ
പർപ്പടം ത്രായമാണാ ച പലാംശം പാചയേദപാം
ദ്വ്യാഢകേഷ്ടാംശശേഷേണ തേന കല്ക്കീകൃതൈസ്തഥാ
ത്രായന്തീ മുസ്തഭൂനിംബകലിംഗകണചന്ദനൈഃ
സർപ്പിഷോ ദ്വാദശപലം പചേത്തത്തിക്തകം ജയേൽ
പിത്തകുഷ്ഠപരീസർപ്പപിടകാ ദാഹതൃഡ് ഭ്രമാൻ
കണ്ഡൂ പാണ്ഡ്വാമയാൻ ഗണ്ഡദുഷ്ടനാഡീവ്രണാപചീഃ
വിസ്ഫോടവിദ്രധീ ഗുല്മശോഫോന്മാദമദാനപി
ഹൃദ്രോഗതിമിരവ്യംഗഗ്രഹണീ ശ്വിത്രകാമിലാഃ
ഭഗന്ദരമപസ്മാരമുദരം പ്രദരം ഗരം
അർശോഽസ്രപിത്തമന്യാംശ്ച സുകൃച്ഛ്രാൻ പിത്തജാൻ-
(ഗദാൻ.

പടവലത്തണ്ട്, വേപ്പിൻതൊലി, കടുകരോഹിണി, മരമഞ്ഞൾത്തൊലി, പാടത്താളിക്കിഴങ്ങ്, കൊടിത്തൂവവേര്, പർപ്പടകപ്പുല്ല്, ബ്രഹ്മി ഇവ പലം ഓരോന്ന്. എട്ടിടങ്ങഴിവെള്ളത്തിൽ കഷായം വച്ച് ഇടങ്ങഴിയാക്കി പിഴിഞ്ഞരിക്കണം. കല്ക്കത്തിന് ബ്രഹ്മി, മുത്തങ്ങാക്കിഴങ്ങ്, പുത്തരിച്ചുണ്ടവേര്, കുടകപ്പാലയരി, തിപ്പലി, ചന്ദനം ഇവ മുമ്മൂന്നുകഴഞ്ച് അരച്ചുകലക്കി മുന്നാഴി നെയ്യുംചേർത്തു കാച്ചിയരിച്ചു സേവിക്കുക. പിത്തകോപജങ്ങളായ കുഷ്ഠങ്ങൾ, വിസർപ്പം, കുരുക്കൾ, ചുട്ടുനീറൽ, തണ്ണീർദ്ദാഹം, തലതിരിച്ചൽ, ചൊറി, പാണ്ഡുരോഗം, ഗണ്ഡമാല, ദുഷിച്ച നാഡീവ്രണങ്ങൾ, അപചി, പൊളകൻ, വിദ്രധി, ഗുല്മൻ, നീര്, ഭ്രാന്ത്, മദം, ഹൃദ്രോഗം, തിമിരരോഗം, കാക്കപ്പുള്ളി, ഗ്രഹണി, ശ്വിത്രം, കാമില, ഭഗന്ദരം, അപസ്മാരം, മഹോദരം, രക്തസ്രാവം, കൈവിഷം, അർശസ്സ്, രക്തപിത്തം എന്നിതുകളും പിത്തജങ്ങളും അസാദ്ധ്യനിലയിലെത്തിയിട്ടുള്ള മററു പല രോഗങ്ങളും ശമിക്കും.

### മഹാതിക്തകം.

സപ്തച്ഛദം പ്രതിവിഷാം ശമ്യാകം തിക്തരോഹിണീം പാഠാം
മുസ്തമുശീരം ത്രിഫലാം പടോലം പിചുമന്ദപർപ്പടകം
ധന്വയവാഷകചന്ദനമുപകുല്യേ പത്മകം രജന്യൗ ച
ഷഡ്ഗ്രന്ഥാം സവിശാലാം ശതാവരീ ശാരിബേ ചോഭേ
വത്സകബീജം വാശാം മൂർവ്വാമമൃതാം കിരാതതിക്തം ച
കല്ക്കാൻ കുര്യാന്മതിമാൻ യഷ്ട്യാഹ്വം ത്രായമാണാം ച
കല്ക്കസ്യ ചതുർത്ഥഭാഗോ ജലമഷ്ടഗുണം രസോഽമൃതഫലാനാം

ടിഗ്ഗുണോഘൃതാച്ച ദേയസ്തൽ സപ്പിഃ പായയേൽ സിദ്ധം
കുഷ്ഠാനി രക്തപിത്തം പ്രബലാന്യശാംസി രക്തവാഹിനീ
വിസപ്പമമ്ലപിത്തം വാതാസൃക്പാണ്ഡുരോഗം ച
വിസ്ഫോടകാൻ സപാമാനുന്മാദകാൻ കാമിലാം ജ്വരം-
(പാണ്ഡും
ഹൃദ്രോഗഗുല്മപിടകാമസൃഗ്ദരം ഗണ്ഡമാലാം ച
ഹന്ത്യാദേതൽ സദ്യഃ പീതം കാലേ യഥാബലം സപ്പിഃ
യോഗശതൈരപ്യജിതാൻ മഹാവികാരാൻ മഹാതിക്തം.

ഏഴിലമ്പാലത്തൊലി, അതിവിടയം, കൊന്നത്തൊലി, കടുകരോഹിണി, പാടത്താളിക്കിഴങ്ങ്, മുത്തങ്ങ, രാമച്ചം, കടുക്ക, താന്നിക്ക, നെല്ലിക്ക, പടവലത്തണ്ട്, വേപ്പിൻതൊലി, പപ്പടകപ്പുല്ല്, കൊടിത്തുവവേര്, ചന്ദനം, ചെറുതിപ്പലി, വലിയതിപ്പലി, പതിമുകം, മഞ്ഞൾ, മരമഞ്ഞൾ, വയമ്പ്, കാട്ടുവെള്ളരിവേര്, ശതാവരിക്കിഴങ്ങ്, നറുനീണ്ടിക്കിഴങ്ങ്, പാൽവള്ളിക്കിഴങ്ങ്, കുടകപ്പാലയരി, ആടലോടകത്തിൻവേര്, പെരുംകുരുമ്പവേര്, അമൃത്, പുത്തരിച്ചുണ്ടവേര്, ഇരട്ടിമധുരം, ബ്രഹ്മി ഇവ സമം കല്ക്കം. കല്ക്കത്തിന്റെ നാലുഗുണം വെള്ളത്തിൽ അരച്ചുകലക്കണം. വെള്ളത്തിന്റെ രണ്ടു ഗുണം പച്ചനെല്ലിക്കാനീരും വെള്ളത്തിൽപകുതി നെയ്യുംകൂടിച്ചേർത്തു കാച്ചുക. (വെള്ളം രണ്ടിടങ്ങഴിയാണെങ്കിൽ പച്ചനെല്ലിക്കാനീര് ഇടങ്ങഴിയും ഒരിടങ്ങഴിനെയ്യും മൂന്നേകാൽകഴഞ്ചുവീതം കല്ക്കത്തിന്റെ മരുന്നുകളും ആയിരിക്കും. ഈക്രമത്തിനു എടുത്തുകൊള്ളണം.) ഈ നെയ്യ് പത്ഥ്യമായി സേവിച്ചാൽ കുഷ്ഠം, രക്തപിത്തം, രക്തം ഒഴുകിക്കൊണ്ടിരിക്കുന്ന മൂലക്കുരു, വിസപ്പം, അമ്ലപിത്തം, വാതരക്തം, പാണ്ഡുരോഗം, വിസ്ഫോടം, പാമ, ഉന്മാദം, കാമില, ജ്വരം, ശ്വിത്രം, ഹൃദ്രോഗം, ഗുല്മൻ, പിടക, ഭഗന്ദരം, ഗണ്ഡമാല ഇവ ശമിക്കും. കൂടാതെ വിവിധപ്രകാരത്തിലുള്ള വളരെ ഔഷധങ്ങൾ സേവിച്ചിട്ടും ശമിക്കാത്തതായ ഏതു വികാരങ്ങളേയും ഇതു ശമിപ്പിക്കുമെന്നും മനസ്സിലാക്കണം.

## ഗുൽഗ്ഗുലുതിക്തകം.

നിംബാമൃതാവൃഷപടോലനിദിഗ്ധികാനാം
ഭാഗാൻ പൃഥക് ദശപലാൻ വിപചേദ്ഘടേഽപാം
അഷ്ടാംശശേഷിതജലേന സുനിഃസൃതേന
പ്രസ്ഥം ഘൃതസ്യ വിപചേൽ പിചുഭാഗകല്കൈഃ
പാഠാ വിഡംഗസുരദാരുഗജോപകുല്യാ-
ദ്വിക്ഷാരനാഗരനിശാമിസി ചവ്യകുഷ്ഠൈഃ

തേജോവതീമരിചവത്സകദീപ്യകാഗ്നി-
രോഹിണ്യരുഷ്കരവചാ കണമൂലയുക്തൈഃ
മഞ്ജിഷ്ഠയാതിവിഷയാ വരയാ യവാന്യാ
സംശുദ്ധഗുൽഗ്ഗുലുപലൈരപി പഞ്ചസംഖ്യൈഃ
തൽ സേവിതം വിധമതിപ്രബലം സമീരം
സന്ധ്യസ്ഥിമജ്ജഗതമപ്യഥ കുഷ്ഠമീദൃക്
നാഡീവ്രണാർബ്ബുദഭഗന്ദരഗണ്ഡമാലാം
ജത്രൂർദ്ധ്വസർവ്വഗതഗുല്മഗുദോത്ഥമേഹാൻ
യക്ഷ്മാരുചിശ്വസനപീനസകാസശോഷ
ഹൃൽപാണ്ഡുരോഗഗളവിദ്രധി വാതരക്തം.

വേപ്പിൻതൊലി, അമൃതു്, ആടലോടകത്തിൻവേരു, പടവലം, ചെറുവഴുതിനവേരു് ഇവ പത്തുപലംവീതം. പതിനാറിടങ്ങഴി വെള്ളത്തിൽ കഷായം വച്ചു രണ്ടിടങ്ങഴിയാക്കി വാങ്ങണം. കല്ക്കത്തിനു പാടത്താളിക്കിഴങ്ങു, വിഴാലരി, ദേവതാരം, അത്തിത്തിപ്പലി, ചവക്കാരം. തുവർച്ചിലക്കാരം, ചുക്കു, മഞ്ഞൾ, ശതകുപ്പ, കാട്ടുമുളകിൻവേരു, കൊട്ടം, ചെറുപ്പുന്നയരി, നല്ലമുളകു്, കുടകപ്പാലത്തൊലി, അയമോദകം, കൊടുവേലിക്കിഴങ്ങു്, കടുകരോഹിണി, ചേക്കുരു, വയമ്പു്, കാട്ടുതിപ്പലിവേരു്, അരത്ത, മഞ്ചട്ടിപ്പൊടി, അതിവിടയം, ത്രിഫല, ജീരകം ഇവ മുമ്മൂന്നു കഴഞ്ചുവീതം. ശുദ്ധിചെയ്ത ഗുല്ഗുലു കഴഞ്ചു പലം അഞ്ചു്. എല്ലാംകൂടി അരച്ചുകലക്കി ഇടങ്ങഴി നെയ്യും ചേർത്തു കാച്ചിയരിച്ചു സേവിക്കുക. എന്നാൽ പ്രബലനായ വായു, സന്ധികളിലും അസ്ഥിയിലും മജ്ജയിലും പ്രവേശിച്ച കുഷ്ഠങ്ങളും, നാഡീവ്രണം, അർബ്ബുദം, ഭഗന്ദരം, ഗണ്ഡമാല, കണ്ഠത്തിനു മുകളിലുള്ള രോഗങ്ങളും, ഗുല്മം, അർശ്ശസ്സു്, പ്രമേഹം, രാജയക്ഷ്മാവു്, അരുചി, വായുമുട്ടൽ, പീനസം, ചുമ, ശോഷം,ഹൃദ്രോഗം,പാണ്ഡുരോഗം, ഗളഗണ്ഡം, വിദ്രധി, വാതരക്തം എന്നിവ ശമിക്കും.

### പഞ്ചതിക്തം.

നിംബം പടോലം വ്യാഘ്രീം ച ഗുഡൂചീം വാസകം തഥാ
കുര്യാദ്ദശപലാൻ ഭാഗാനേകൈകസ്യ സുകുട്ടിതാൻ
ജലദ്രോണേ വിപക്തവ്യം യാവൽ പാദാവശേഷിതം
ഘൃതപ്രസ്ഥം പചേത്തേന ത്രിഫലാ കല്ക്കസംയുതം
പഞ്ചതിക്തമിതി ഖ്യാതം സർപ്പിഃ കുഷ്ഠവിനാശനം
അശീതിം വാതജാൻരോഗാൻ ചത്വാരിംശച്ച പൈത്തികാൻ
വിംശതിം ശ്ലൈഷ്മികാൻ ചൈവ പാനാദേവാപകർഷതി
ദുഷ്ടവ്രണക്രിമീനാർശഃ പഞ്ചകാസാംശ്ച നാശയേൽ.

വേപ്പിൻതൊലി, പടവലം, ചെറുവഴുതിനവേര്, അമൃത്, ആടലോടകത്തിൻവേര് ഇവ പഞ്ചുപലംവീതം. ചതച്ചു ചെറുതാക്കി അരിഞ്ഞു പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലിടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു ത്രിഫല കല്ക്കവുംചേൎത്തു കാച്ചിയരിച്ചു സേവിക്കുക. ഇതു കുഷ്ഠത്തിനു് ഏററവും വിശിഷ്ടമായിട്ടുള്ളതാകുന്നു. പുറമേ വാതരോഗങ്ങൾ എൺപതിനും, ഇരുപതുവിധം പിത്തരോഗങ്ങൾക്കും, കഫരോഗം, ദുഷ്ടവ്രണം, കൃമി, അൎശസ്സ്, അഞ്ചുവിധം ചുമ ഇവയ്ക്കും വളരെ വിശേഷമാകുന്നു.

## തിക്തഷട്പലകം ഘൃതം.

നിംബം പടോലം ദാൎവ്വീം ദുരാലഭാം തിക്തരോഹിണീം ത്രിഫലാം
കുൎയ്യാദൎദ്ധപലാംശാൻ പൎപ്പടകം ത്രായമാണാം ച
സലിലാഢകസിദ്ധാനാം രസേഽഷ്ടഭാഗസ്ഥിതേ ക്ഷിപേൽ പൂതേ
ചന്ദനകിരാതതിക്തകമാഗധികാ ത്രായമാണാം ച.
മുസ്തകവത്സകബീജം കല്ക്കീകൃതമൎദ്ധകാൎഷികാൻ ഭാഗാൻ
നവസൎപ്പിഷശ്ച ഷട്പലമേതൽ സിദ്ധം ഘൃതം പേയം.
കുഷ്ഠജ്വരമൎശോഗ്രഹണീ പാണ്ഡ്വാമയശ്വയഥൂൻ
പാമാ വിസൎപ്പപിടകാൻ കണ്ഡൂമദപാണ്ഡനൽ സിദ്ധം.

വേപ്പിൻതൊലി, പടവലത്തണ്ട്, മരമഞ്ഞൾത്തൊലി, കൊടിത്തൂവവേര്, കടുകരോഹിണി, ത്രിഫല, പൎപ്പടകപ്പുല്ല്, ബ്രഹ്മി, ഇവ ആറുകഴഞ്ചുവീതം. നാലിടങ്ങഴി വെള്ളത്തിൽ കഷായംവച്ചു എട്ടിലൊന്നാകുമ്പോൾ പിഴിഞ്ഞരിച്ചു അതിൽ ചന്ദനം, പുത്തരിച്ചുണ്ടവേര്, തിപ്പലി, ബ്രഹ്മി, മുത്തങ്ങ, കടകപ്പാലയരി ഇവ ഒന്നരകഴഞ്ചുവീതം അരച്ചു കലക്കി നാഴൂരി നെയ്യുംചേൎത്തു കാച്ചിയരിച്ചു സേവിക്കുക. എന്നാൽ കുഷ്ഠം, ജ്വരം, ഗുല്മം, അൎശസ്, ഗ്രഹണി, പാണ്ഡു, നീർക്കെട്ടു്, പാമ, വിസൎപ്പം, പിടകകൾ, ചൊറി, മദം, ശ്വിത്രം ഇവകൾ ശമിക്കും.

## വജ്രകഘൃതം.

വാശാ ഗുഡൂചീ ത്രിഫലാ പടോല
കരഞ്ജനിംബാസനകൃഷ്ണവേത്രം
തൽ ക്വാഥകല്ക്കേന ഘൃതം വിപക്വം
തദ്വജ്രകം കുഷ്ഠഹരം പ്രദിഷ്ടം.
വിശീൎണ്ണകൎണ്ണാംഗുലിഹസ്തപാദഃ
കൃമ്യൎദ്ദിതോ ഭിന്നഗളോഽപി മൎത്ത്യഃ
പൌരാണികീം കാന്തിമവാപ്യ ജീവേ-
ദവ്യാഹതോ വൎഷശതം ച കുഷ്ഠീ.

Since 1923

ആടലോടകവേരു്, അമൃതു്, ത്രിഫല, പടവലത്തണ്ടു്, പങ്കിൻതൊലി, വേപ്പിൻതൊലി, വേങ്ങക്കാതൽ, കരുത്തച്ചൂരൽത്തല ഇവ കഷായംവെച്ചു് ഇവതന്നെ കല്ക്കംചേൎത്തു നെയ്യു കാച്ചി സേവിക്കുക. ഈ വജ്രകഘൃതം കുഷ്ഠത്തെ ശമിപ്പിക്കും. ചെവി, വിരൽ, കൈയ്, കാൽ ഇവ മുറിഞ്ഞവനും, കൃമിപീഡിതനും, കഴുത്തു വിണ്ടവനും ആയവന്റെ അവയവങ്ങൾക്കു പൂൎവ്വസ്ഥിതിയിലുള്ള അവസ്ഥ പ്രാപിച്ചു് അവൻ നൂറുവൎഷം ജീവിച്ചിരിക്കുകയും ചെയ്യും.

### മഹാഖദിരഘൃതം.

ഖദിരസ്യ തുലാഃ പഞ്ചശിംശപാസനയോസ്തുലേ
തുലാൎദ്ധം സൎവ്വ ഏവൈതേ കരഞ്ജാരിഷ്ടവേതസാഃ
പൎപ്പടകുടജശ്ചൈവ വൃഷഃ കൃമിഹരസ്തഥാ
ഹരിദ്രേ കൃതമാലശ്ച ഗുഡൂചി ത്രിഫലാ ത്രിവൃൽ.

സപ്തപൎണ്ണശ്ച സംക്ഷുണ്ണോ ദശദ്രോണേ തു വാരിണി
അഷ്ടഭാഗാവശേഷന്തു കഷായമവതാരയേൽ.
ധാത്രീരസഞ്ച തുല്യാംശം സൎപ്പിഷശ്ചാഢകം പചേൽ
മഹാതിക്തകകല്കൈസ്തു യഥോക്തൈഃ പലസമ്മിതൈഃ
നിഹന്തി സൎവ്വകുഷ്ഠാനി പാനാഭ്യംഗനിഷേവണാൽ
മഹാഖദിരമിത്യേതൽ പരം കുഷ്ഠവികാരനൽ.

കരിങ്ങാലിക്കാതൽ തുലാം ൫. ഇരുമുള്ളിൻകാതൽ തുലാം ൧. വേങ്ങക്കാതൽ തുലാം ൧. ഉങ്ങിൻതൊലി, വേപ്പിൻതൊലി, ആററുവഞ്ഞി, പൎപ്പടകപ്പുല്ലു്, കുടകപ്പാലത്തൊലി, ആടലോടകവേരു്, കൃമിശത്രു, വരട്ടുമഞ്ഞൾ, മരമഞ്ഞൾത്തൊലി, കൊന്നത്തൊലി, ചിററമൃതു്, ത്രിഫല, ത്രികോല്പക്കൊന്ന, ഏഴിലംപാലത്തൊലി ഇവ അമ്പതുപലംവീതം. എല്ലാം ചതച്ചു നുറുക്കി ൧൱൦ ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു ൧൨൦ ഇടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു അതിൽ അത്രയും പച്ചനെല്ലിക്കാനീരും ൪ ഇടങ്ങഴി നെയ്യും ചേൎത്തു മഹാതിക്തകത്തിനു പറഞ്ഞ "സപ്തഛദപ്രതിവിഷാദികൾ" ഓരോന്നും ഓരോ പലംവീതമെടുത്തു് അരച്ചു കല്ക്കമായി ചേൎത്തു കാച്ചിയരിച്ചു സേവിക്കുക. തേയ്ക്കുവാനും ഇതുപയോഗിക്കാം. ഏതുതരം കുഷ്ഠത്തേയും ഇതു ശമിപ്പിക്കും.

### ആവൎത്തനീഘൃതം.

ആരഗ്വധസ്യ മൂലേന ബഹുകൃത്വഃശതം ഘൃതം
പിബേൽ കുഷ്ഠം ജയത്യാശു പിബേൽ സഖദിരംജലം.

കൊന്നവേർ കഷായത്തിൽ നൂറുപ്രാവശ്യം ആവൎത്തിച്ചു കാച്ചിയെടുത്ത നെയ് സേവിച്ചു് അനുപാനമായി കരിങ്ങാലിക്കഷായ

വും സേവിക്കുക. എന്നാൽ എല്ലാ കുഷ്ഠത്തേയും ശമിപ്പിക്കും.

മറെറാന്നു്.

ആവൎത്തനീ തുലാം ദ്രോണേ പചേദഷ്ടാംശശേഷിതേ
തന്മൂലൈസ്തത്രനിൎവ്യൂഢേ ഘൃതപ്രസ്ഥം വിപാചയേൽ
പീത്വാ തദേകദിവസാന്തരിതം സുജീൎണ്ണേ
ഭുഞ്ജീത കോദ്രവമസംസ്കൃതകാഞ്ജികേന
കുഷ്ഠം കിലാസമപചിം ച വിജേതുമിച്ഛ-
ന്നിച്ഛൻ പ്രജാശ്ച വിപുലാം ഗ്രഹണം സ്മൃതിഞ്ച.

ആട്ടുകൊട്ടപ്പാലവേരു പലം നൂറു്. പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു എട്ടിലൊന്നാക്കി പിഴിഞ്ഞരിക്കണം. അതിൽ ആട്ടുകൊട്ടപ്പാലവേരുതന്നെ കല്ക്കമായി അരച്ചുകലക്കി ഇടങ്ങഴി നെയ്യുംചേൎത്തു കാച്ചിഅരിച്ചു ഒന്നിടവിട്ട ദിവസങ്ങളിൽ സേവിക്കുക. നെയ്യ് ദഹിച്ചു കഴിഞ്ഞാൽ വരകിൻചോറു കാടീക്കൂട്ടി ഊണുകഴിക്കണം. എന്നാൽ കുഷ്ഠം, കിലാസം, അപചി ഇതുകൾ ശമിക്കും. കൂടാതെ സന്തതിലബ്ധിക്കും ഗ്രഹണശക്തിക്കും ഓൎമ്മശക്തിക്കും ഈ നെയ്യു വളരെ നല്ലതാകുന്നു.

കാസീസാദ്യം ഘൃതം.

കാസീസം ദ്വേ നിശേ മുസ്തം ഹരിതാലം മനശ്ശിലാം
കമ്പില്ലകം ഗന്ധകഞ്ച വിഡംഗം ഗുൽഗ്ഗുലും തഥാ
തികൽകം മരിചം ശുണ്ഠീം തുത്ഥകം ഗൌരസൎഷപം
രസാഞ്ജനഞ്ച സിന്ദൂരം ശ്രീവാസം രക്തചന്ദനം
ഇരിമേദം നിംബപത്രം കരഞ്ജം ശാരിബാ വചാ
മഞ്ജിഷ്ഠാ മധുകം മാംസീ ശിരീഷം ലോദ്ധ്രപഞ്ചകം
ഹരീതകീ പ്രപുന്നാടം ചൂൎണ്ണയേൽ കാൎഷികം പൃഥക്
തതസ്തച്ചൂൎണ്ണമാലോഡ്യ ത്രിംശൽ പലമിതേ ഘൃതേ
സ്ഥാപയേത്താമ്രപാത്രേ ച ഘൎമ്മേ സപ്തദിനാനിവൈ
അസ്യാഭ്യംഗേന കുഷ്ഠാനി ദദ്രുപാമാവിചൎച്ചികാഃ
ശൂകദോഷവിസൎപ്പാംശ്ച വിസ്ഫോടാ വാതരക്തജാഃ
സിരാസ്ഫോടോപദംശാശ്ച നാഡീദുഷ്ടവ്രണാനി ച
ശോഫോഭഗന്ദരം ചൈവ ലൂതാഃ ശാമ്യന്തി ദേഹിനാം
ശോധനം രോപണഞ്ചൈവ സുവൎണ്ണകരണം ഘൃതം.

അന്നഭേദി, മഞ്ഞൾ, മരമഞ്ഞൾ, മുത്തങ്ങാക്കിഴങ്ങു്, അരിതാരം, മനയോല, കമ്പിപ്പാലത്തൊലി, ഗന്ധകം, വിഴാലരി, ഗുൽഗ്ഗുലു, പൊന്മെഴുകു്, ചുക്കു്, തുത്തു്, വെൺകടുകു്, രസാഞ്ജനം, സിന്ദൂരം, തിരുവട്ടപ്പശ, രക്തചന്ദനം, കരിവേലത്തൊലി, വേപ്പില, പ

ങിൻതൊലി, നറുനിണ്ടികിഴങ്ങ്, വയമ്പ്, മഞ്ചട്ടി, ഇരട്ടിമധുരം, ജഡാമാഞ്ചി, നെന്മേനിവാകത്തൊലി, പാച്ചോററിത്തൊലി, പത്മകം, കടുക്ക, തകരം ഇവ മുമ്മൂന്നു കഴഞ്ചുവീതം പൊടിക്കണം. നെയ്യ് പലം മുപ്പത്. എല്ലാംകൂടി ഒരു ചെമ്പുപാത്രത്തിലാക്കി ഏഴുദിവസം വെയിലത്തു വച്ചിരുന്നതിനു ശേഷം എടുത്തുതേയ്ക്കുക. കുഷ്ഠം, ചൊറി, ചുണങ്ങ്, വിസർപ്പം, വിസ്ഫോടം, വാതരക്തം, സിരാവ്രണം, ഉപദംശം, നാഡീവ്രണം, ദുഷ്ടവ്രണം, നീരു് ഇവ ശമിക്കും. വ്രണത്തെ ശുദ്ധമാക്കും. ദേഹം സ്വർണ്ണനിറമാക്കുകയും ചെയ്യും.

### അമൃതാദ്യം ഘൃതം.

അമൃതാകല്പാഥകല്കാഭ്യാം സക്ഷീരം വിപചേൽ ഘൃതം
വാതരക്തം ജയത്യാശു കുഷ്ഠം ജയതി ദുസ്തരം.

അമൃതു കഷായംവച്ച് അമൃതുതന്നെ കല്ക്കവുമായി പാലും നെയ്യും ചേർത്തു കാച്ചിയരിച്ചു സേവിക്കുക, വാതരക്തവും ദുസ്സാദ്ധ്യമായിട്ടുള്ള കുഷ്ഠവും ശമിക്കും.

## ചൂർണ്ണങ്ങൾ.

### അവല്ഗുജാദിയോഗങ്ങൾ.

ഘർമ്മസേവീ കദുഷ്ണേന വാരിണാ വാല്ഗുചീം പിബേൽ
ക്ഷീരഭോജീ ത്രിസപ്താഹാൽ കുഷ്ഠരോഗം വിമുച്യതേ.

നല്ലപോലെ ചൂടേററുകൊണ്ടു കാർകോകിലരി പൊടിച്ചു ചൂടുവെള്ളത്തിൽ ഇരുപത്തിയൊന്നു ദിവസം സേവിക്കുകയും ആഹാരത്തിനു പാൽമാത്രം ഉപയോഗിക്കുകയും ചെയ്താൽ കുഷ്ഠരോഗം ശമിക്കും.

ഏകസ്തിലസ്യ ഭാഗോ ദ്വൌ സോമരാജ്യാസ്തഥൈവ ച
ഭക്ഷ്യമാണമിദം പ്രാതർഗ്ഗുഹ്യദദ്രുവിനാശനം.

ഒരുഭാഗം എള്ളും രണ്ടുഭാഗം കാർകോകിലരിയുംകൂടി പൊടിച്ച് അതിരാവിലെ സേവിച്ചാൽ ഗുഹ്യത്തിലുള്ള ദദ്രുകുഷ്ഠം ശമിക്കും.

അവല്ഗുജാദ്ബീജകർഷം പീത്വാ കോഷ്ണേന വാരിണാ
ഭോജനം സർപ്പിഷാ കാര്യം സർവ്വകുഷ്ഠപ്രണാശനം.

മൂന്നുകഴഞ്ചു കാർകോകിലരി പൊടിച്ചു ചൂടുവെള്ളത്തിൽ സേവിക്കുക; നെയ്കൂട്ടി ആഹാരവും കഴിക്കുക. എന്നാൽ എല്ലാ കുഷ്ഠവും ശമിക്കും.

### സോമരാജീയോഗം.

തീവ്രേണ കുഷ്ഠേന പരീതദേഹോ
യഃ സോമരാജീം നിയമേന ഖാദേൽ
സംവത്സരം കൃഷ്ണതിലദ്വിതീയാം
സ സോമരാജീം വപുഷാതിശേതേ.

കാരെള്ളും കാർകോകിലരിയുംകൂടി പൊടിച്ചു മുടങ്ങാതെ ഒരു സംവത്സരം സേവിച്ചാൽ കഠിനകുഷ്ഠമുള്ള ശരീരവുംകൂടി നല്ല തേജസ്സുള്ളതായിത്തീരും.

### വിളംഗാദിചൂർണ്ണം.

വിഡംഗത്രിഫലാ കൃഷ്ണാ ചൂർണ്ണം ലീഢം സമാക്ഷികം
ഹന്തി കുഷ്ഠം ക്രിമീൻ മേഹാൻ നാഡീവ്രണഭഗന്ദരാൻ.

വിഴാലരി, കടുക്ക, നെല്ലിക്ക, താന്നിക്ക, തിപ്പലി ഇവ പൊടിച്ചു തേനിൽക്കുഴച്ചു സേവിച്ചാൽ കുഷ്ഠം, ക്രിമി, മേഹം, നാഡീവ്രണം, ഭഗന്ദരം ഇവ നശിക്കും.

### ജയന്തീയോഗം.

ശ്വേതജയന്തീമൂലം പിഷ്ടം പീതം ച ഗവ്യപയസൈവ
ശ്വിത്രം നിഹന്തി നിയതം രവിവാരേ വൈദ്യനാഥാജ്ഞാ.

വെളുത്ത മുഞ്ഞയുടെ വേരു് പശുവിൻപാലിൽ അരച്ചു കലക്കി ഞായറാഴ്ചദിവസം സേവിച്ചാൽ ശ്വിത്രം ശമിക്കും.

### വിജയാമൂലയോഗം.

ഇന്ദ്രാശനം സമാദായ പ്രശസ്തേഽഹനി ചോദ്ധൃതം
തച്ചൂർണ്ണം മധുസർപ്പിർഭ്യാം ലിഹേൽ ക്ഷീരഘൃതാശനഃ

ഒരു നല്ലദിവസം ചുവന്ന കുന്നിയുടെ വേരു പറിച്ചെടുത്തു പൊടിച്ചു് ആ പൊടി തേനും നെയ്യുംചേർത്തു നക്കുക. ആഹാരത്തിനു പാലും നെയ്യും പത്ഥ്യമായി ഉപയോഗിക്കുക. കുഷ്ഠം ശമിക്കും.

### തിലാജ്യാദിസമസപ്തയോഗം.

തിലാജ്യത്രിഫലാ ക്ഷൌദ്രവ്യോഷഭല്ലാതശർക്കരാഃ
വൃഷ്യാഃ സപ്തസമോമേധ്യഃ കുഷ്ഠഹാ കാമചാരിണഃ

എള്ളു്, കടുക്ക, താന്നിക്ക, നെല്ലിക്ക, ചുക്കു, മുളകു, തിപ്പലി, ചേർക്കുരു ഇവ സമമായെടുത്തു പൊടിച്ചു നെയ്യും തേനും പഞ്ചസാരയും ചേർത്തു പത്ഥ്യമില്ലാതെ സേവിച്ചാൽ കുഷ്ഠം ശമിക്കും. ഇതു ശുക്ലവൃദ്ധികരവുമാണു്.

### പലയോഗങ്ങൾ.

ഹത്വാ ച സർവ്വകുഷ്ഠാനി ജീവേദ്വർഷശതദ്വയം
യഃ ഖാദേദഭയാരിഷ്ടം മരിചാമലകാനി വാ

സ ജയേൽ സർവ്വകുഷ്ഠാനി മാസാദൂർദ്ധ്വം ന സംശയഃ

കടുക്കയും വേപ്പിലയുംകൂടിയോ, നല്ലമുളകും നെല്ലിക്കയുംകൂടിയോ ഒരു മാസക്കാലം സേവിച്ചാൽ സർവ്വവിധകുഷ്ഠവും ശമിക്കും.

ദഹ്യമാനാച്യുതഃ കുംഭേ മൂലഗേ ഖദിരാദ്രസഃ
സാജ്യധാത്രീരസക്ഷൗദ്രോ ഹന്യാൽ കുഷ്ഠം രസായനം.

കരിങ്ങാലിക്കാതലിൽ തീകത്തിച്ചു അതിന്റെ ചുവട്ടിൽ ഒരു കുടം വയ്ക്കണം. തീകത്തിയ കരിങ്ങാലിക്കാതലിൽനിന്നും വീഴുന്ന രസം എടുത്തു നെയ്യും നെല്ലിക്കാനീരും തേനുംചേർത്തു സേവിച്ചാൽ കുഷ്ഠം ശമിക്കും.

ധാത്രീരസേ വാ പ്രപിബേദിന്ദുരേഖാരജഃ പ്രഗേ.

കാർകോകിലരി പൊടിച്ചു നെല്ലിക്കാക്കഷായത്തിൽ അതിരാവിലെ സേവിച്ചാൽ എല്ലാ കുഷ്ഠത്തേയും കളയും.

ആരഗ്വധസ്യ വന്ദാകം ചൂർണ്ണയിത്വാ ഭജേൽ പ്രഗേ
നിംബതൈലേന കുഷ്ഠാനി മാസാഭ്യാസാദ്വിനാശയേൽ.

കൊന്നമരത്തിലുണ്ടാകുന്ന ഇത്തിൾക്കണ്ണി പൊടിച്ചു മൂന്നുകഴഞ്ചു പൊടിയെടുത്തു വേപ്പെണ്ണയിൽ കുഴച്ച് ഒരുമാസം സേവിച്ചാൽ എല്ലാ കുഷ്ഠത്തെയും കളയും.

ശശാങ്കരേഖാദിചൂർണ്ണം.

ശശാങ്കരേഖാ സവിഡംഗസാരാ
സപിപ്പലീ കാസഹുതാശമൂലാ
സായോമലാ സാമലകാ സതൈലം
കുഷ്ഠാനി കൃച്ഛ്റാണി നിഹന്തി ലീഢാ.

കാർകോകിലരി വിഴാലരിയോടുകൂടിയും, കൊടുവേലിക്കിഴങ്ങിനോടുകൂടിയും, പുരാണകിട്ടത്തിൻപൊടിയോടുകൂടിയും, നെല്ലിക്കയോടുകൂടിയും, തിപ്പലിയോടുകൂടിയും, എണ്ണയോടുകൂടിയും സേവിക്കാം. ഇതു കഷായമായിട്ടൊ, പൊടിയായിട്ടൊ സേവിച്ചാലും എല്ലാകുഷ്ഠങ്ങളും ശമിക്കും.

ഉപദേശം.

ഗന്ധകം സൂതസഹിതം പുനസ്സംശോഷ്യ ചാതപേ
സഞ്ചൂർണ്ണ്യ വാകുചീബീജയുക്തം തന്മാത്രയാ ഭജേൽ
നവനീതേന സഹിതം ലവണാമ്ലാദി വർജ്ജയേൽ
കുഷ്ഠമഷ്ടാദശവിധം ശ്വിത്രഞ്ചാപി ശമന്നയേൽ.

ശുദ്ധിചെയ്ത ഗന്ധകവും രസവും സമമായെടുത്തു വെയിലത്തു വച്ചുണക്കിപ്പൊടിച്ച് കാർകോകിലരി പൊടിച്ച പൊടിയുംകൂട്ടിച്ചേർത്തു പശുവിൻവെണ്ണയിൽ ചാലിച്ചു സേവിച്ചാൽ പതിനെട്ടുപ്രകാ

രത്തിലുള്ള കുഷ്ഠത്തെയും ശ്വിത്രത്തെയും കളയും. ഉപ്പും പുളിയും നിശ്ശേഷം വജ്ജിക്കണം.

അയസ്കാന്താദിചൂൎണ്ണം.

അയസ്കാന്തമയശ്ചൂൎണ്ണമയോമലരജാംസി ച
ഭല്ലാതകവിളംഗാനി തൌരവാണിഫലാനി ച
ലാംഗലീത്രിഫലം സവം തുല്യം സഞ്ചൂൎണ്ണയേത്തതഃ
ഖദിരാസനദേവദ്രു കഷായൈസ്താനി ഭാവയേൽ

ഗവാം മൂത്രേണ ഭൃങ്ഗാണാം സ്വരസേനാതപംനയേൽ
പുനസ്സഞ്ചൂർണ്യ തൽ പ്രാതമ്മാക്ഷികാജ്യപ്ലുതം ലിഹേൽ
ജീൎണ്ണക്ഷീരാശനോ ഭൃയാൽ കുഷ്ഠശ്വിത്രഹരംപരം.

അയസ്കാന്തം, ഇരിമ്പിൻപൊടി, പുരാണകിട്ടത്തിൻപൊടി, ചേക്കുരു, വിഴാലരി, നീരട്ടിക്കുരു, മേത്തോന്നിക്കിഴങ്ങ്, ത്രിഫല ഇവ സമം എടുത്തുണക്കി പൊടിക്കണം. കരിങ്ങാലി, വേങ്ങക്കാതൽ, ദേവതാരം ഇവ സമം കഷായംവച്ച വെള്ളത്തിൽമുക്കി ഉണക്കണം. അതുപോലെതന്നെ ഗോമൂത്രത്തിലും കയ്യുന്നിനീരിലുംമുക്കി ഉണക്കി പ്പൊടിക്കണം. അതിൽനിന്നും മുമ്മൂന്നുവെള്ളിത്തൂക്കം പൊടിയെടുത്തു തേനിലും നെയ്യിലും കുഴച്ച സേവിക്കുക. അതു ദഹിച്ചതിനു ശേഷം പാലുംകൂട്ടി ഊണുകഴിക്കണം. എന്നാൽ കുഷ്ഠത്തെയും ശ്വിത്രത്തെയും ശമിപ്പിക്കും.

സപ്തപാദിചൂൎണ്ണം.

സപ്തപകരഞ്ജരജനീദാരുനിശാദാരുമഞ്ജിഷ്ഠാഃ
ത്രിഫലാ ശഠീ പടീരശ്വേതാമൂൎവ്വാപ്രിയംഗുകാശ്മീരി
ത്രികടുത്രിഗന്ധകേസര ലാക്ഷാഭിശ്ചൈഷാം കൃതം രജഃ ശ്ലക്ഷ്ണം
ഉദ്ധൂളനേനര ക്തജപിത്തജവാതോത്ഥിതം വാപി
നിസ്തോദഭേദപിടികം കുഷ്ഠം സ്ഫുടനം വിനാശയതി.

കടുക്, ഉങ്ങിൻകുരുപ്പരിപ്പു, മഞ്ഞൾ, മരമഞ്ഞൾത്തൊലി, ദേവതാരം, മഞ്ചട്ടി, കടുക്ക, നെല്ലിക്ക, താന്നിക്ക, കച്ചൂരിക്കിഴങ്ങു, ചന്ദനം, കൃവപ്പൊടി, പെരുങ്കുരുമ്പ, ഞാഴൽപൂവു, ചുക്കു, മുളകു, തിപ്പലി ഏലത്തരി, ഇലവർങ്ഗം, പച്ചില, നാഗപ്പൂവു, കോലരക്ക് ഇവ സമം പൊടിച്ചപൊടി വിതറിയാൽ രക്തജമോ പിത്തജമോ വാതജമോ ആയതും കുത്തിനോവും പിളൎന്നു നോവുമുള്ളതും ഉള്ളിൽ കുരുക്കളുള്ളതും വിള്ളലുള്ളതുമായ കുഷ്ഠം ശമിക്കും.

ലാക്ഷാദന്ത്യാദി.

ലാക്ഷാ ദന്തി മധുരസവരാ ദ്വീപി പാഠാ വിളംഗ
പ്രത്യക്പുഷ്പീ ത്രികടു രജനീ സപ്തപൎണ്ണാടരൂഷം

രക്താ നിംബം സുരതരുകൃതം പഞ്ചമൂലേ ച ചൂൎണ്ണം
പീതം മാസാഞ്ജയതി ഹിതഭുഗ്ഗവ്യമൂത്രേണ കുഷ്ഠം.

കോലരക്ക്, നാഗദന്തിവേര്, പെരുങ്കുരുമ്പവേര്, ത്രിഫല, ചെറുവഴുതിനവേര്, പാടത്താളിക്കിഴങ്ങ്, വിഴാലരിപ്പരിപ്പ്, വലിയകടലാടിവേര്, ചുക്ക്, മുളക്, തിപ്പലി, മരമഞ്ഞൾ, ഏഴിലമ്പാലത്തൊലി, ആടലോടകവേര്, മഞ്ചട്ടി, വേപ്പിൻതൊലി, ദേവതാരം, ദശമൂലം ഇവ പൊടിച്ച് ഗോമൂത്രത്തിൽ സേവിക്കുക. വളരെ പത്ഥ്യാഹാരാനുഷ്ഠാനാദികളോടുകൂടിയിരുന്നാൽ കുഷ്ഠം ശമിക്കും.

## ഭൂനിംബാദിചൂൎണ്ണം.

ഭൂനിംബനിംബത്രിഫലാ പത്മകാതിവിഷാ കണാ
മൂൎവ്വാ പടോലദ്വിനിശാ പാഠാ തിക്തേന്ദ്രവാരുണീ
സകലിംഗവചാസ്ഥൂല്യാദ്വിഗുണാശ്ച യഥോത്തരം
ലിഹ്യാദ്ഗ്രന്ഥി ത്രിവൃൽ ബ്രാഹ്മീ ചൂൎണ്ണിതാ മധുസൎപ്പിഷാ
കുഷ്ഠമേഹപ്രസുപ്തീനാം പരമം സ്യാത്തദൌഷധം.

പുത്തരിച്ചുണ്ടവേര്, വേപ്പിൻതൊലി, കടുക്ക, താന്നിക്ക, നെല്ലിക്ക, പതുമുകം, അതിവിടയം, തിപ്പലി, പെരുംകുരുമ്പവേര്, പടവലം, മഞ്ഞൾ, മരമഞ്ഞൾ, പാടത്താളിക്കിഴങ്ങ, കടുകരോഹിണി, കാട്ടുവെള്ളരിവേര, കടകപ്പാലയരി, വയമ്പ് ഇവ ഓരോകഴഞ്ചുവീതം. നാഗദന്തിവേര കഴഞ്ചു രണ്ട്. ത്രികോല്പക്കൊന്ന കഴഞ്ചു നാല്, ബ്രഹ്മി കഴഞ്ചു ആറ്. ഇങ്ങനെ കൂട്ടി പൊടിച്ചു തേനം നെയ്യുംചേൎത്തു സേവിക്കുക. എന്നാൽ കുഷ്ഠം, പ്രമേഹം, തരിപ്പ് ഇവ ശമിക്കും.

## പഞ്ചനിംബചൂൎണ്ണം.

നിംബസ്യ പത്രം മൂലാനി സത്വക് പുഷ്പഫലാനി ച
ചൂൎണ്ണിതാനി ഘൃതക്ഷൌദ്രസംയുതാനി ദിനേ ദിനേ
ലിഹ്യാൽ പിബേദ്വാ മൂത്രേണ സംയുക്താന്യുദകേന ച
മദിരാമലതോയേന പയസാ വാ യഥാബലം

ഭുഞ്ജീത ഘൃതയൂഷാദ്യൈഃ ശാല്യന്നം പയസാപി വാ
കാമലാഞ്ച ഗദാനന്യാൻ തഥാ പിത്തകഫാസൃജാൻ
സംവത്സരപ്രയോഗേണ സൎവ്വജ്ജ്വവിവൎജ്ജിതാ
ജയത്യേതൽ പഞ്ചനിംബം രസായനമനുത്തമം.

വേപ്പിന്റെ ഇല, വേര്, തൊലി, പൂവ്, കായ് ഇവ സമമായി ഉണക്കിപ്പൊടിച്ചു നെയ്യും തേനംകൂട്ടിച്ചാലിച്ചോ, ഗോമൂത്രത്തിലോ, ശുദ്ധജലത്തിലോ, തെളിമദ്യത്തിലോ, പാലിലോ കലക്കിയോ അഗ്നിബലത്തിനുതക്കവണ്ണം ദിവസേന സേവിക്കുക. നെയ്യ്, യൂ

ഷം മുതലായവ കൂട്ടിയോ, പാൽക്കൂട്ടിയോ ഊണുകഴിക്കയും വേണം. കാമിലയും, പിത്തകോപം, കഫകോപം, രക്തദോഷം ഇവയിൽ നിന്നുണ്ടാകുന്ന മററു രോഗങ്ങളും ശമിക്കും.

### ബൃഹൽപഞ്ചനിംബചൂർണ്ണം.

പുഷ്പകാലേ ച പുഷ്പാണി ഫലകാലേ ഫലാനി ച
സഞ്ചൂർണ്യാ പിചുമർദ്ദസ്യ ത്വങ്മൂലാനി ദലാനി ച
ദ്വിരംശാനി സമാഹൃത്യ ഭാഗികാനി പ്രകല്പയേൽ
ത്രിഫലാ ത്ര്യൂഷണം ബ്രഹ്മീ ശ്വാദംഷ്ട്രാരുഷ്കരാഗ്നികാ
വിഡംഗസാരവാരാഹീ ലൌഹചൂർണ്ണാമൃതാഃ സമാഃ
ഹരിദ്രാ ദ്വയാ/വല്ഗുജാ വ്യാധിഘാതാസ്സശക്കരാഃ
കുഷ്ഠേന്ദ്രയവപാഠാശ്ച കൃത്വാ ചൂർണ്ണാസ്യ സംയുതം
ഖദിരാശനനിംബാനാം ഘനകാഥേന ഭാവയേൽ

സപ്തധാ പഞ്ചനിംബഞ്ച മാക്കവസ്വരസേന ച
സ്നിഗ്ദ്ധശുദ്ധതനുർദ്ധീമാൻ ശോളയേച്ഛുഭേ ദിനേ
മധുനാ തിക്തഹവിഷാ ഖദിരാശനവാരിണാ
സേവ്യമുഷ്ണാംബുനാ വാപി കോലവൃദ്ധ്യാ പലം പിബേൽ
ജീർണ്ണേ ച ഭോജനം കാര്യം സ്നിഗ്ദ്ധം ലഘുഹിതഞ്ച യൽ.
വിചർച്ചികോദുംബരപുണ്ഡരീകകപാലദദ്രൂകിടിമാലസാനി
ഉദാരവിസ്ഫോടവിസർപ്പപാപ്മാം കുഷ്ഠപ്രകോപം-
(വിവിധംകിലാസം.

ഭഗന്ദരം ശ്ലീപദവാതരക്തം
ജഡാന്ധ്യനാഡീവ്രണശീർഷരോഗാൻ
സർവാൻ പ്രമേഹാൻ പ്രദരാംശ്ച സർവാൻ
ദംഷ്ട്രാവിഷം മൂലവിഷം നിഹന്തി
സ്ഥൂലോദരസ്സിംഹകൃശോദരശ്ച
സുശ്ലിഷ്ടസന്ധിർമധുരോപയോഗാൽ
സമോപയോഗാദപി യേ ദശന്തി
സർപ്പാദയോ യാന്തി വിനാശമാശു
ജീവേച്ചിരം വ്യാധിജരാവിയുക്ത-
ശ്ശുഭേരതഃ ചന്ദ്രസമാനകാന്തിഃ

വേപ്പിൻപൂവ്, കായ്, തൊലി, വേര്, ഇല ഇവ ഈരണ്ടു ഭാഗം; കടുക്ക, താന്നിക്ക, നെല്ലിക്ക, ചുക്ക്, മുളക്, തിപ്പലി, ബ്രഹ്മി, നായ്ക്കുരുണവേര്, ചേക്കുരു, കൊട്ടവേലിക്കിഴങ്ങ്, വിഴാലരി, നിലപ്പനക്കിഴങ്ങ്, ലോഹഭസ്മം, അമൃത്, വരട്ടുമഞ്ഞൾ, മരമഞ്ഞൾത്തൊലി, കാർകോകിലരി, കൊന്നത്തൊലി, പഞ്ചസാര, കൊട്ടം, കു

ടകപ്പാലയരി, പാടത്താളിക്കിഴങ്ങ് ഇവ ഓരോഭാഗം; എല്ലാംകൂടി പ്പൊടിച്ചു കരിങ്ങാലിക്കാതൽ, വേങ്ങക്കാതൽ, വേപ്പിൻതൊലി, മുത്തങ്ങാക്കിഴങ്ങ്, ഇവ സമംചേൎത്തുണ്ടാക്കിയ കഷായത്തിലും കയ്യോന്നിനീരിലും ഏഴുദിവസം അരച്ചു ചെറുതേനിലോ തിക്തകഘൃതത്തിലോ, കരിങ്ങാലിക്കാതൽ; വേങ്ങക്കാതൽ ഇവകൊണ്ടുള്ള കഷായത്തിലോ ചൂടുവെള്ളത്തിലോ ഒന്നരക്കഴഞ്ചുമുതൽ മേല്പോട്ടു അഗ്നിബലം അനുസരിച്ചു ഒരു മാത്രനിശ്ചയിച്ചു സേവിക്കുക. ഔഷധംസേവിച്ചു പചിച്ചുകഴിഞ്ഞാൽ സ്നിഗ്ദ്ധമായും ലഘുവായും ഹിതമായുമിരിക്കുന്ന ഭക്ഷണംകഴിക്കണം. പതിനെട്ടുപ്രകാരത്തിലുള്ള കുഷ്ഠം, ഭഗന്ദരം, ശ്ലീപദം, വാതരക്തം, ജാഡ്യം, അന്ധത്വം, നാഡീവ്രണം, ശിരോരോഗം, എല്ലാവിധ പ്രമേഹങ്ങളും പ്രദരങ്ങളും സൎവ്വ വിഷങ്ങളും ശമിക്കും. ജരാനരകൾ കൂടാതെ ഏറെക്കാലം ജീവിച്ചിരിക്കും.

മുസ്താവ്യോഷാദിചൂൎണ്ണം.

മുസ്താ വ്യോഷം ത്രിഫലാ മഞ്ജിഷ്ഠാ ദാരു പഞ്ചമൂലേ ദ്വേ
സപ്തഛ്ഛദനിംബത്വക്സവിശാലശ്ചിത്രകോ മൂൎവ്വാ
ചൂൎണ്ണംതുല്യണഭാഗൈരേതദ്വിധിസ്സംയോജിതം സമധ്വംശം
നിത്യം കുഷ്ഠനിബൎഹണമേതൽ പ്രായോഗികം ഖാദേൽ
ശ്വയഥും സപാണ്ഡുരോഗം ശ്വിത്രം ഗ്രഹണി പ്രദോഷമൎശാംസി
പാപ്മഭഗന്ദരപിടകാ കണ്ഡൂകാേഠാെപചിർ ഹന്തി.

മുത്തങ്ങാക്കിഴങ്ങ്, ചുക്ക്, മുളക്, തിപ്പലി, കടുക്ക, താന്നിക്ക, നെല്ലിക്ക, മഞ്ചട്ടി, ദേവതാരം, ദശമൂലം, ഏഴിലംപാലത്തൊലി, വേപ്പിൻതൊലി, കാട്ടുവെള്ളരിവേര്, കൊട്ടുവേലിക്കിഴങ്ങ്, പെരുംകുരുമ്പവേര് ഇവ സമം പൊടിച്ചു ഒൻപതിരട്ടി മലപ്പൊടിയുംകൂട്ടി തേനിൽ കുഴച്ചു ദിവസേന സേവിക്കുക, കുഷ്ഠം ശമിക്കും.

ലഘുനിംബപഞ്ചകം.

കാലേ ത്വഗ്ദലസാരബീജകുസുമൈർ നിംബസ്യ തുല്യാംശകൈഃ
കൃത്വാ ചൂൎണ്ണമയഃ കടുത്രികനിശാ ധാത്ര്യക്ഷപത്ഥ്യായുതം
പഞ്ചാരിഷ്ടമിദം പയോമധുകൃതൈരുഷ്ണാംബുനാ യഃ പുമാ-
നശ്നാൻ കാസഗരപ്രമേഹപിടകാ കുഷ്ഠാദിഭിർമുച്യതേ.

വേപ്പിൻതൊലിയും ഇലയും വേരും അരിയും പൂവും സമമായെടുത്തു പൊടിച്ച് അത്രയും ചുക്കും മുളകും തിപ്പലിയും വാട്ടുമഞ്ഞളും നെല്ലിക്കാത്തോടും താന്നിക്കാത്തോടും കടുക്കാത്തോടുംകൂടി പൊടിച്ചു ചേൎത്ത് അതിൽനിന്നും ഒരു മാത്ര നിശ്ചയിച്ച് പാല്, തേൻ, നെയ്യ്, ചൂടുവെള്ളം ഇവയിൽ ഏതിലെങ്കിലും ചേൎത്തു സേവിക്കുക.

Since 1923

കാസം, കുഷ്ഠവിഷം, പ്രമേഹം, പിടക, കുഷ്ഠം ആദിയായ സകല രോഗങ്ങളും ശമിക്കും.

### താലകേശ്വരരസം.

താമ്രസ്യ പത്രാണി പൃഥക് പൃഥക് സ്യു-
രഭ്രസ്യ തുല്യാനി തു യസ്യ തത്ര
പുനൎന്നവായാഃ സ്വരസൈൎമ്മൎദ്ദിതൈകം
സമ്മൎദ്യ കുൎയ്യാദ്വരചക്രികാം ച.

വിശോഷ്യ സമ്യഗ് പ്രഥമം തു തസ്യ
താമേവ വൈദ്യസ്തു പുനൎന്നവായാഃ
ക്ഷാരേണ വാ പൂൎയ്യ ച പിണ്ഡികാപാം
ക്ഷാരോൽഭവമാധായ പിധാനപാത്ര്യാം.

മൃദ്വസ്ത്രമുദ്രാം സുദൃഢാം വിധായ
വിശോഷ്യ ഘൎമ്മേƒഥ വിധായ ചുല്യാം
മന്ദം ദിവാരാത്രമനല്പമല്പ-
ക്രമം പരിത്യജ്യ ഹുതാശനം ഹി.

പ്രജ്വാലയേദ്വൈദ്യവരഃ പ്രകാമം
സമക്രമേണാന്യദിനേ സ്വശീതം
നിഗൃഹ്യ പാത്രാദ്രമുത്തമം തു
താലേശ്വരാദ്യം തു ഗുഡൂചികാദ്യൈഃ

ഗുഞ്ജാമിതം പകാജലൈൎന്നിപീതം
രോഗാനി മാന്നാശയതി പ്രകാമം
കുഷ്ഠാനി ചാഷ്ടാദശ വാതരക്ത-
ഫിരംഗദേശോത്ഥരുജോ നിഹന്തി.

അമ്ലം തഥാപോലവണം വിഹായ
ഭജേച്ച സാത്മ്യാൎത്ഥമിഹാല്പസിന്ധൂൻ
കടമ്ലപാടഗ്നിനിഷേവണാനി
സന്ത്യജ്യ മത്സ്യം ച രസായനം ദ്രാക്.

താലേശ്വരാഖ്യഞ്ച സമസ്തകുഷ്ഠ-
വിനാശനാൎത്ഥം സുഭിഷക് പ്രഗീതഃ

ചെമ്പിൻതകിട്ട്, അഭ്രം ഇവ പ്രത്യേകം ചെറുതായി നുറുക്കി ഒരു ദിവസം തമിഴാമനീരിൽ ഇട്ടു വച്ചിരുന്നതിന്റെ ശേഷം എടുത്ത് ഉണക്കുക. ഒരു മൂശയിൽ തമിഴാമക്ഷാരം നിറച്ച് അതിന്റെ മുകളിൽ തകിട്ടുകഠംവച്ച് ഒരു പാത്രംകൊണ്ട് അടച്ച് കട്ടിക്കറഞ്ഞ മുണ്ടുകൊണ്ടു മൂടി വെയിൽകൊള്ളിച്ചുണക്കി അടുപ്പേററി പകൽസമയം അല്പമായും രാത്രിയിൽ നല്ലതുപോലെയും തീയെരിക്കണം. അ

ട്ടത്ത ദിവസം മൂശ പൊട്ടിച്ച് മൂശയ്ക്കകത്തുള്ള രസമെടുക്കുക. അതിൽനിന്നു കന്നിക്കുരുവിൻപ്രമാണം രസമെടുത്ത് അമൃതിൻകഷായത്തിൽ സേവിക്കുക. പതിനെട്ടുവിധം കുഷ്ഠം, വാതരക്തം, പറങ്കിപ്പുണ്ണ് ഇവ ശമിക്കും. ഉപ്പും പുളിയും മത്സ്യവും നിശ്ശേഷം ഉപേക്ഷിക്കണം. ഇന്തുപ്പ് അല്പമായി ഉപയോഗിക്കാം.

### മഹാതാലകേശ്വരരസം.

താലതാപ്യശിവവീര്യശിലാനാം തുല്യഭാഗമഖിലം പരിശുദ്ധം
സൈന്ധവേന സഹിതം സമഭാഗം ടങ്കണം ച രസകല്വഷധിതുല്യം
പാരദാ ദ്വിഗുണഗന്ധകമത്ര ഗന്ധകേന ച സമം മൃതതാമ്രം
സർവ്വമേവ ജംബീരരസേന മർദ്ദയേൽ ത്രിദിനപഞ്ചകമേതൽ

ഘർമ്മമധ്യഗതമാത്ര പുടൈർവ്വാ ഷഡ്ഭിരേവ പരിപാച്യ ക്രമേണ
പേഷ്യ പേഷ്യ ജംബീരരസേന ചാനവേലമഥവാ ലഘുടിസ്ഥം
ത്രിംശദംശമിതശുദ്ധവിഷേണ യോജ്യപേഷ്യ ഖലു നിഷ്കമിതാദ്ധം
മാഹിഷാജ്യപരിമിശ്രിതമേവ പുണ്ഡരീകശമനം പരിഭുക്തം

വാകുചീഭവരജഃ പരിയുക്തം മാക്ഷികാജ്യസഹിതം വിലിഹേച്ച
അസ്യ ചാനവിദിതശ്ച രസോയം താലകേശ്വര ഇതി പ്രഥിതോ ƒലം

ശുദ്ധിചെയ്ത അരിതാരം, മാക്കിരക്കല്ല്, രസം, മനയോല, ഇന്തുപ്പ് ഇവ തുല്യം. ഇവയെല്ലാം കൂടിയിടത്തോളം പൊൻകാരം. രസത്തിന്റെ ഇരട്ടി ഗന്ധകം ഗന്ധകത്തിനു തുല്യം മൃതതാമ്രം. എല്ലാംകൂടി ജോനകനാരങ്ങാനീരിൽ പതിനഞ്ചു ദിവസം അരച്ചു വെയിലത്തുവച്ചുണക്കി സ്ഫുടം ചെയ്തു പിന്നെയും ജോനകനാരങ്ങാനീരിൽ അരച്ചു സ്ഫുടംചെയ്യണം. ഇപ്രകാരം ആറു സ്ഫുടം ചെയ്തെടുത്ത് മുപ്പതിലൊരുഭാഗം ശുദ്ധിചെയ്ത വത്സനാഭിയും ചേർത്ത് അരച്ച് ഒന്നരക്കുന്നിയിടവീതം കന്നിൻനെയ്യിൽ സേവിക്കുക; പുണ്ഡരീകം എന്ന കുഷ്ഠം ശമിക്കും. ഈ ഭസ്മവും കാർകോകിലരിയുടെ പൊടിയുംകൂടി യോജിപ്പിച്ച് തേനും നെയ്യും ചേർത്ത് തേയ്ക്കുന്നതും നന്ന്.

### വംഗലേശ്വരരസം.

ഭസ്മസൂതവിഷവിശ്വവചാനാം ബ്രഹ്മബീജത്രിഫലാ ഭഹനാനാം
ജന്തുശത്രു വരഭല്ലിഫലാനാം ശൃംഗികാ സഹ സമം വരചൂർണ്ണം
കർഷമാത്രമശ്നാം ച ജനാനാമദ്ധ്വർഷമപി ഹന്തി കപാലം
വങ്ഗലേശ്വരരസഃ പ്രഥിതോയം സേവി ƒതോ ഹരതി മണ്ഡലമഗ്രം

രസഭസ്മം, വത്സനാഭിഭസ്മം, ചുക്ക്, വയമ്പ്, ബ്രഹ്മബീജം, കടുക്ക, താന്നിക്ക, നെല്ലിക്ക, കൊട്ടുവേലിക്കിഴങ്ങ്, വിഴാലരി, ചേ

ക്കരു, ജീവകം ഇവ പൊടിച്ച് മുമ്മൂന്നുകഴഞ്ചുവീതം സേവിക്കുക; കപാലകുഷ്ഠം ശമിക്കും.

### സോമേശ്വരരസം.

സൂതം ശുദ്ധം താമ്രമഭ്രം മൃതം ച
ഗന്ധം ശുദ്ധം മർദ്ദയേൽ സപ്തരാത്രം
നിർഗ്ഗുണ്ഡീജദ്രാവയുക്തം തതശ്ച-
രുദ്ധ്വാ പശ്ചാൽ ഭൂധരേ തദ്ദിനൈകം

പക്ത്വാ ധൃത്വാ വല്ഗുജൈസ്തൈലൈഃ കഷായൈ-
സ്തസ്യാപ്യേകം ഭാവയേത്ത്വാ ദിനം ഹി
ഘർമ്മേ തസ്യ പ്രായശോ നിഷ്കമേകം
വാകുച്യാഢ്യം കാകമാച്യാഃ ഫലാനാം
ചൂർണ്ണം കർഷം മാക്ഷികാദ്യൈസ്ത്രയാണാം
സമ്യക് ഭുക്ത്വാ ഹന്തി കുഷ്ഠം കപാലം
പ്രോക്തോ വൈദ്യൈരേഷ സോമേശ്വരാഖ്യഃ
കുഷ്ഠാൻ ഹന്തും നിത്യമേവ പ്രസേവ്യഃ

ശുദ്ധിചെയ്തതും മൃതവും ആയ രസം, താമ്രം, അഭ്രം, ഗന്ധകം ഇവ എല്ലാംകൂടി ഏഴുരാത്രി കരുനൊച്ചിനീരിൽ ഇട്ടു വച്ചിരുന്നു ഒരു ദിവസം ഭൂധരയന്ത്രത്തിൽ പചിച്ച് കാർകോകിലരിയുടെ എണ്ണയിലോ കഷായത്തിലോ ഒരുദിവസം ഭാവനചെയ്ത് വെയിൽകൊള്ളിച്ചുണക്കി കാർകോകിലരിയുടെ പൊടി മുക്കാൽകഴഞ്ചും മണിത്തക്കാളിയുടെ പൊടി മൂന്നുകഴഞ്ചും കൂട്ടി തേനിൽകുഴച്ചു സേവിക്കുക. കപാലകുഷ്ഠം ശമിക്കും.

### കാമധേനു രസം.

ശുദ്ധാൽ സൂതാൽ ഗന്ധകം തദ്ദ്വിഭാഗം
സമ്യങ് മിശ്രം ലോഹപാത്രേ ക്ഷണം തൽ
പക്ത്വാ ശീതം ചൂർണ്ണയിത്വാ ച വസ്ത്ര-
ഖണ്ഡേനേദോന്മാനഖണ്ഡൈകഖണ്ഡേ

ബദ്ധ്വാ കുംഭേപ്യാരനാളാന്തരസ്ഥേ
ദോളായന്ത്രേ പാചയേദ്ദ്വിരാത്രം
പശ്ചാൽ ഘർമ്മേ ശോഷയിത്വാ ദശാംശം
പിഷ്ട്വാ ദത്വാ വത്സനാഭം തതശ്ച

തൈലേ ഭാവ്യം വാകുചീനാം ത്ര്യഹം തൽ
മാഷോന്മാനം കാമധേനുഃ പ്രഗേതഃ
ഭുക്ത്വാ തസ്യ ത്രൈഫലം ഗുഗ്ഗുലും ച
ഗന്ധം തൈലം ചാത്ര പശ്ചാദ്ദ്വിനിഷ്കം

Since 1923

പീതാ പശ്ചാദ്രക്തജാന്യാത്തു യാനി
ഹന്യാത്താനിപ്രായശോ മണ്ഡലാനി
ശ്വേതസ്ത്ര്യാനസ്സിഗ്ദ്ധകോത്സേധയുക്താ-
ന്യന്യോന്യം വാ ദൂരജാനി സ്ഥിരാണി

ഒരുഭാഗം ശുദ്ധിചെയ്ത രസം. അതിന്റെ ഇരട്ടി ഗന്ധകം. രണ്ടും കൂടി ചേർത്തു് ഇരുമ്പുപാത്രത്തിൽ പചിച്ചു് ആറുമ്പോൾ എടുത്തു പൊടിച്ചു് ഒരു തുണിക്കഷണത്തിൽ കെട്ടി, കാടി നിറച്ച കുടത്തിൽ ദോളായന്ത്രത്തിൽ കെട്ടി നാലു രാത്രി പചിച്ചെടുത്തു് വെയിലത്തുണക്കി മരുന്നുകളുടെ പത്തിലൊരംശം ശുദ്ധിചെയ്ത വത്സനാഭിയും ചേർത്തു് കാർകോകിലരിയുടെ തൈലത്തിൽ മൂന്നു ദിവസം ഭാവനചെയ്തു് ആറു കുന്നിയിടവീതം രാവിലെ സേവിച്ചതിനുശേഷം ത്രിഫല, ഗുഗ്ഗുലു, ചന്ദനം ഇവ മൂന്നുകഴഞ്ചുവീതം എണ്ണയിൽ അനുപാനമായി സേവിക്കുക. ചുവന്നും, വെളുത്തും, തടിച്ചും, സ്നിഗ്ദ്ധമായും, ഉയൎന്നും, സ്ഥിരമായും ഇരിക്കുന്ന മണ്ഡലകുഷ്ഠം ശമിക്കും.

സങ്കോചഗോളരസം.

മൃതാഭ്രതാമ്രൌ സമഭാഗകൌ തു
തയോശ്ചതുർഭാഗമിതസ്തു സൂതഃ
ശുദ്ധശ്ച ഖല്വേ പരിമർദ്ദനീയോ
യാവദ് ഭവേദ്ഗാ ഖലു നഷ്ടപിഷ്ടി
തദ്ഗോളകം ചാപി വിധായ സമ്യക്
ഗോളോന്മിതം ഗന്ധകമേവ പേഷ്യ
ലോഹസ്യ പാത്രേ വിനിധായ തത്ര
മദ്ധ്യേ ച ഗോളം പരികല്പ്യ പശ്ചാൽ
മൃദ്വഗ്നിനാ ചൈകദിനം വിപാച്യാദ്
ഗോളം യദാജീർണ്ണവലിം നിരീക്ഷ്യ
യത്നാൽ സമുദ്ധൃത്യ വിശോഷ്യനിഷ്ക-
മസ്യാശിതം ഹന്തി ച കുഷ്ഠമുഗ്രം
ഔദുംബരം ഗുഗ്ഗുലു നിംബസവ-
ഫലത്രയാണാമമൃതാവിഷാഭ്യാം
സവ്യാധിഘാതേന പടോലകേന
ചൂർണ്ണം സമം മാക്ഷികസംപ്ലുതം ച.

മൃതമായ അഭ്രവും താമ്രവും തുല്യം. അതിന്റെ നാലുഗുണം ശുദ്ധിചെയ്ത രസം. എല്ലാംകൂടി നല്ലതുപോലെ അരച്ചു് ഒരു ഗോളകമാക്കണം. ഗോളകത്തിനു തുല്യം ഗന്ധകം അരച്ചു് ഒരു ഇരുമ്പു

പാത്രത്തിൽ വച്ച് അതിൻെറ നടുവിൽ ഗോളകം വച്ച് മൃദ്വഗ്നി യിൽ പാകംചെയ്ത് ഗോളകം ജീൎണ്ണിച്ചുകഴിഞ്ഞാൽ എടുത്തുണക്കി പ്പൊടിച്ച്, ഗുല്ഗ്ഗുലു, വേപ്പിൻതൊലി, കടുക്ക, താന്നിക്ക, നെല്ലിക്ക, ബ്രഹ്മി, അമൃത്, അതിവിടയം, കൊന്നത്തൊലി, പടവലം ഇവയും പൊടിച്ചുചേൎത്ത് മൂന്നു കുന്നിയിടപ്രമിതം തേനിൽ കുഴച്ചു സേവിക്കുക. ഔദുംബരകുഷ്ഠം ശമിക്കും.

സൂൎയ്യാവൎത്തരസം.

താപ്യഗന്ധകസുശുദ്ധരസാനാം അശ്മജാതജതുനാ സഹ തുല്യം
താമ്രഭസ്മകമിതഞ്ച വിമിശ്ര്യ ചാമ്ലവേതസഗുഡാജ്യമധൂകൈഃ
മാഷമാത്രമശിതോ ƒഖിലകുഷ്ഠാ ന്ഋശ്യജിഹ്വകമുഖാൻ വിനിഹന്തി

സൂൎയ്യാവൎത്തരസോ യമത്രഗദിതസ്തസ്യാനുപാനം സദാ
മുണ്ഡീ പഞ്ചസമസ്തചൂൎണ്ണമഥവാ കൎഷം തഥാ മാക്ഷികൈഃ
ചൂൎണ്ണം വാകുചികാ ഫലത്രയഭവം ലീഢം ച കുഷ്ഠാനലം
ധാരാസാരവിമുക്തനീരനികരാ സേകൈൎയ്യഥാഭ്രോദയം.

ശുദ്ധിചെയ്ത മാക്കിരക്കല്ല്, ഗന്ധകം, രസം, കന്മദം, കോലരക്ക്, താമ്രഭസ്മം ഇവ തുല്യമായി എടുത്തു പൊടിച്ച്, ഞെരിഞ്ഞാംപുളി ഇരിപ്പക്കാതൽ ഇവയുടെ പൊടിയും ചേൎത്ത് ഒരു ഉഴുന്നിടവീതമെടുത്ത് നെയ്യും ശൎക്കരയും ചേൎത്ത കുഴച്ചു സേവിക്കുക. ഋശ്യജിഹ്വം മുതലായ എല്ലാ കുഷ്ഠങ്ങളും ശമിക്കും. ഇതിന് അനുപാനമായി മൂന്നുകഴഞ്ച ശ്രാവണി സമൂലം പൊടിച്ചതോ മൂന്നുകഴഞ്ച കാൎകോകിലരിപ്പൊടിയോ തേനിൽകുഴച്ചു സേവിക്കണം.

ലങ്കേശ്വരരസം.

ശുദ്ധിചെയ്ത പൊൻകാരം, രസം, ചെമ്പ്, ഇരുമ്പ് ഇവയുടെ ഭസ്മവും തിപ്പലി, കൊട്ടം ഇവയുടെ ചൂൎണ്ണവുംകൂടി മലംഎരുമയുടെ നീരിൽ ഭാവനചെയ്ത് തേനിൽ സേവിക്കുക. വൈപാദികം എന്ന കുഷ്ഠം ശമിക്കും.

ലങ്കാധിപരസം.

സൂതാഭ്രശുല്ബാനി ച മാരിതാനി
സഗന്ധകം താപ്യശിലാജതുഭ്യാം
വിഷാമ്ലവേതൌ ച സമം സമസ്തം
ദിനത്രയം ചാമ്ലരസൈൎവിപേഷ്യ
സമാക്ഷികേണൈവ ഘൃതേന കുഷ്ഠം-
ദ്രാടിം ദ്രഢിഷ്ഠാം ച ശതാരു ഹന്തി
ലങ്കാധിപാഖ്യസ്തു രസഃ പ്രസിദ്ധോ
നിഹന്തി കുഷ്ഠാംശ്ച ശതാരുകാദീൻ.

Since 1923

ഫലത്രയം നിംബവചാരുണാദിഃ
പടോലമൂലം കടുകാ നിശാഭ്യാം
കഷായീകൃതം ചാനുപിബേച്ച നിത്യം
ലങ്കാധിപാഖ്യം തു രസം നിഷേവ്യ.

മാരിതവും ശോധിതവുമായ രസം, അഭ്രം, താമ്രഭസ്മം, ഗന്ധകം, മാക്കീരക്കല്ല്, കന്മദം, വത്സനാഭി, ഞെരിഞ്ഞാമ്പുളിക്കിഴങ്ങ് ഇവ തുല്യഭാഗങ്ങളായി എടുത്ത് മാതളനാരങ്ങാനീരിൽ അരച്ച് തേനും നെയ്യുംകൂടി ചേർത്ത് രണ്ടു കുന്നിയിടവീതം ഗുളികയുരുട്ടി സേവിക്കുക; ശതാരുകുഷ്ഠം മുതലായവ ശമിക്കും. രസം സേവിച്ചുകഴിഞ്ഞതിനുശേഷം ത്രിഫല, വേപ്പിൻതൊലി, വയമ്പ്, മഞ്ചട്ടി, പടോലവേര്, കടുകരോഹിണി, മഞ്ഞൾ ഇവ സമമായെടുത്തു കഷായംവെച്ച് അനുപാനമായി സേവിക്കയും വേണം

വജ്രപാണിരസം.

ശുദ്ധം സൂതം താലമഭ്രം മൃതം ച
സർവ്വം തുല്യം വാകുചീതൈലയുക്തം
കുര്യാദ്യാമം മർദ്ദ്യ ഗോളം ച തസ്യ
കൃത്വാ ലോഹേ പാത്രകേ ഗന്ധയുക്തം

തൈലേനൈവം പാചയേദ്യാമമേകം
യാവത്തൈലേ ജീര്യതേ ഗന്ധകം തൽ
തദ്ഗോളാംശം മാരിതൈർല്ലോഹകാംശൈ-
രേകീകൃത്യ പ്രായശോ നിംബചൂർണ്ണൈഃ

പഞ്ചാംഗോത്ഥൈർമ്മാക്ഷികൈർന്നിഷ്കമാത്രോ
ഹന്യാന്നിത്യം കൈടിപം വജ്രപാണിഃ
രാത്രിശ്യാമാ നാഗരോഗ്രൈലികാഗ്നി
താപ്യാൻ പിഷ്ട്വാ യഃ പ്രഗേ ചാനസേവേൽ

രജന്യാദ്യുത്തരഗണം ചാനുപാനം ഗവാം ജലൈഃ
വജ്രപാണിരസേ ഭുക്തേ കുര്യാൽ കിടിപനാശനം

മാരിതമായും ശോധിതമായുമിരിക്കുന്ന രസം, അരിതാരം, അഭ്രം ഇവ തുല്യമായെടുത്ത് കാർകോകിലരിയുടെ എണ്ണയിൽ മർദ്ദിച്ച് ഉരുളയാക്കി ഇരുമ്പുപാത്രത്തിലിട്ട് ഗന്ധകം ചേർത്ത് എണ്ണയിൽതന്നെ പാകമാക്കി ഗന്ധകം ഉരുകിയാൽ ഉരുളയ്ക്കു സമം മാരിതമായ ഇരുമ്പിൻപൊടിയും ചേർത്ത് ഒന്നിച്ച് വേപ്പിന്റെ സമൂലം എടുത്തു പൊടിച്ചുചേർത്ത് മൂന്നു കുന്നിപ്രമാണം [illegible] തേനിൽ കുഴച്ചു സേവിക്കുക. കിടിപം എന്ന കുഷ്ഠം ശമിക്കും. രസം സേവിച്ച തിനുശേഷം മഞ്ഞൾ, കടുക്ക, ചുക്ക്, വയമ്പ്, ചിറ്റേലം, കൊട്ട

വേലിക്കിഴങ്ങ്, സ്വർണ്ണമാക്ഷികക്കല്ല് ഇവ അരച്ച് അനുപാനമായി ഉപയോഗിക്കണം.

### ജ്യോതിഃപുഞ്ജരസം.

മൃതസൂതസമം തഥാഭ്രകം പരിമർദ്യാഥ സുവിലപജദ്രവൈഃ
അഥ നീലികയാഗ്നികീലയാ പിചുമന്ദസ്യ ച കംഗുണീഭവൈഃ
പരിമർദ്യ തതശ്ച തൈലകൈരപി കാർപ്പാസജബീജസംഭവൈഃ
അഥ മാഷമിതം ച ഭക്ഷിതം പരിലിപ്തം ഗജചർമ്മനാശനം.

ജ്യോതിഃപുഞ്ജോ രസോഽയം സകലഗദഹരോ
നിംബരാജദ്രുമൂല-
കപാഥൈരങ്കോലയുക്തൈഃ ഖദിരയുതതമൈ-
ശ്ചാനുപാനപ്രയുക്തൈഃ
കുഷ്ഠം ഹന്യാൽ സമസ്തം നിഖിലഗദഹരൈർ-
വൈദ്യഭൂപൈഃ പ്രയുക്ത-
സ്തസ്മാൽ സേവ്യോ രസോഽയം നിജതനുവികൃതേ-
ർമ്മുക്തികാമൈർവിശേഷാൽ

മൃതവും ശുദ്ധിചെയ്തുത്തമമായ രസവും അഭ്രവും തുല്യമായെടുത്ത് ആദ്യം കുവളവേരിൻകഷായത്തിലരയ്ക്കണം. പിന്നിട്ട് അമരിവേര്, താതിരിപ്പൂവ്, വേപ്പിൻതൊലി, വലിയ വാലുഴവം ഇവ ഓരോന്നും പ്രത്യേകം കഷായംവെച്ച് ഓരോ കഷായത്തിലും ക്രമേണ പ്രത്യേകം അരയ്ക്കണം. അനന്തരം പഞ്ഞിക്കുരുവിൻെറ എണ്ണചേർത്തു മർദ്ദിച്ച് ഉഴുന്നിൻപ്രമാണം സേവിക്കണം. ചർമ്മദളം ശമിക്കും. ഈ മരുന്നുകൾ എല്ലാംകൂടി അരച്ച് ദേഹത്തിൽ തേയ്ക്കുകയും ചെയ്യാം. ഈ രസം സേവിച്ചുകഴിഞ്ഞതിനുശേഷം വേപ്പിൻതൊലി, കൊന്നത്തൊലി, അങ്കോലത്തിൻതൊലി, കരിങ്ങാലിക്കാതൽ ഇവ സമം കഷായംവെച്ച് അനുപാനമായി സേവിക്കയും വേണം. എന്നാൽ സകല കുഷ്ഠവികാരവും ശമിക്കും.

### കിടിഭാരിരസം.

സൂതം മൃതം വാ നരീകാഗ്നി മുണ്ഡീ
സ കാകമാച്യാ ച ഗവാം ജലേന
പിഷ്ട്വാ ദിനിഷ്കം കിടിഭാരിസംജ്ഞം
സമശ്നതസ്സ്യാൽ കിടിഭസ്യ നാശഃ

മാരിതമായ രസം, നായ്ക്കുരുണപ്പരിപ്പ്, കൊടുവേലിക്കിഴങ്ങ്, ശ്രാവണി ഇവ മണിത്തക്കാളിയുടെ നീരിലും ഗോമൂത്രത്തിലും അരച്ചു ആറു കുന്നിപ്രമാണം ഗുളികയുണ്ടാക്കി ഭക്ഷിക്കുക. കിടിഭകുഷ്ഠം ശമിക്കും.

## കിടിപഭഗ്നരസം.

ശുദ്ധമായ രസം ഭാഗം ഒന്ന്. ഗന്ധകം ഭാഗം മൂന്ന്. ചുക്ക്, മുളക്, തിപ്പലി, കൊട്ടുവേലിക്കിഴങ്ങ് ഇവ രസത്തിനു തുല്യം. ഇവ എല്ലാംകൂടി കാട്ടത്തിയുടെ പാലിൽ അരച്ച് തേനും ചേൎത്തു ചാലിച്ച് ഉഴുന്നിൻപ്രമാണം ഗുളിക ചമച്ച് ഉണക്കി കൊട്ടുവേലിക്കിഴങ്ങ്, കാർകോകിലരി, വേപ്പു സമൂലം ഇവയെല്ലാംകൂടി പൊടിച്ച പൊടിയും ചേൎത്ത് സേവിക്കുക. കിടിപകുഷ്ഠം ശമിക്കും.

## ശ്വിത്രനാഗാന്തകരസം.

ശുദ്ധസൂതം സമം ഗന്ധകം തുത്ഥകം
തൽസമം മാരിതം താമ്രകം പേഷയേൽ
വാകുചീകാഥയുക്തം ദിനം നിഷ്കമേതൽ
ഭക്ഷിതം ശ്വിത്രകം നാശയേത്തൽ ദ്രുതം

ശ്വിത്രനാഗാന്തകം യോരസം ഭക്ഷയേ-
ദ്വാകുചീതൈലകർഷം തഥാ മാക്ഷികൈഃ
സാനുപാനം നരോ നിത്യമേതദ് ഭജേൽ
ശ്വിത്രകുഷ്ഠസ്യ നാശായ നിത്യം പരം

മാരിതവും ശോധിതവുമായ രസം; രസത്തിനു തുല്യം ഗന്ധകവും തുത്ഥും. രസം, ഗന്ധകം, തുത്ഥ് ഇവയ്ക്കു തുല്യം ശുദ്ധിചെയ്ത താമ്രം. എല്ലാംകൂടി കാർകോകിലരിക്കഷായത്തിൽ അരച്ചുണക്കി മൂന്നു കുന്നിയിടത്തൂക്കം വീതം സേവിക്കുക. അനുപാനമായി കാർകോകിലരിയുടെ എണ്ണ മൂന്നുകഴഞ്ചുവീതം തേനും ചേൎത്തു സേവിക്കണം. എന്നാൽ ശ്വിത്രകുഷ്ഠം ശമിക്കും.

## ബ്രഹ്മരസം.

പലാശബീജാനി ഗവാം ഘൃതേന
തുല്യേന താഭ്യാം തു മൃതം ഹി സൂതം
തുല്യം ച ഭാണ്ഡേ വിനിധായ സമ്യക്
സ്നിഗ്ദ്ധേതി സംമൃദ്യ സുധാന്യരാശൌ
മാസോഷിതം നിഷ്കമിതം പ്രഭുഞ്ജി-
ദ്യഥാബലം നിത്യമലം പ്രവൃദ്ധ്യ
ഘൃതോദനം ക്ഷീരമതോ ഽത്രാ പത്ഥ്യം
കുർവൻ ഗലൽ കുഷ്ഠസമസ്തകുഷ്ഠാൻ
ഹന്യാൽ ജരാമൃത്യുഹരഃ പ്രസിദ്ധോ
ബ്രഹ്മേവ ബ്രഹ്മാഖ്യരസഃ പ്രസിദ്ധഃ
ത്വഗ്ദോഷസംഘട്ടനവഹ്നിരൂപോ
നാനാഗദാൻ നാശയതി പ്രകാമം

Since 1923

പ്ലാശിന്നരി, പഞ്ചുവിൻനെയ് ഇവ തുല്യം. ഇവയ്ക്കു രണ്ടിനും സമം മാരിതവും ശോധിതവുമായ രസം. എല്ലാംകൂടി യോജിപ്പിച്ച് നെയ് തേച്ചു മയങ്ങിയ ഒരു കുടത്തിലാക്കി നെല്ലിൽ ഒരു മാസം കഴിച്ചിട്ടേയ്ക്കുക. അനന്തരം അവിടെനിന്നെടുത്തു മൂന്നു കുന്നിയിടവീതം എടുത്തു സേവിക്കുക. ശരീരബലമനുസരിച്ച് മാത്ര ദിവസേന വർദ്ധിപ്പിച്ചുകൊള്ളണം. നെയ്ച്ചോറും പാലും ഇതിനു പത്ഥ്യമാകുന്നു. ബ്രഹ്മരസം എന്നു പ്രസിദ്ധമായ ഈ വിശിഷ്ടരസം ഗളൽകുഷ്ഠത്തേയും എല്ലാവിധ കുഷ്ഠങ്ങളേയും ജരയേയും പലപ്രകാരത്തിലുള്ള മററു സുഖക്കേടുകളേയും നശിപ്പിക്കും.

## കനകസുന്ദരരസം.

ശുദ്ധിചെയ്ത അഭ്രം രസം ഇവ തുല്യം. ഗന്ധകം ഇവയ്ക്കു രണ്ടിനും തുല്യം. ഇവ ചുക്ക്, മുളക്, തിപ്പലി ഇവ മൂന്നു കുന്നിയിട വീതം. ശുദ്ധിചെയ്ത വത്സനാഭി അതിൽ പകുതി. ദേവതാരം കൊട്ടവേലിക്കിഴങ്ങ് ഇവ അതിൽ പകുതി. കർക്കടകശൃംഗി, രസത്തിൽ പകുതി. ഇവ എല്ലാംകൂടി ഉമ്മത്തിലനീരിൽ അരച്ചുരുട്ടി കുന്നിക്കുരുപ്രമാണം സേവിക്കുക. എന്നാൽ കഫകുഷ്ഠം ശമിക്കും.

## ധന്വന്തരീരസം.

സൂതഭാനുബലിവിശ്വഗദാനാം
രക്തചന്ദനകണാസമഭാഗാൻ
മാതുലുംഗപയസാ ച ദിനൈകം
മർദ്ദ്യ ശോഷ്യ ഖലു വല്ലമിതം യഃ
ഗോഘൃതേന ശിവയാ ച പിബേദ്വാ
സിന്ധുവിശ്വസഹിതേന തഥൈവ
കുഷ്ഠമേദസിഗതം വിനിഹന്തി
യോഽന്വഹം ച ഖലു തസ്യ തനുസ്ഥം

രസഭസ്മം, താമ്രഭസ്മം, ഗന്ധകം, ചുക്ക്, കൊട്ടം, രക്തചന്ദനം, തിപ്പലി ഇവ സമമായി എടുത്തു മാതളനാരങ്ങയുടെ നീരിൽ ഒരു ദിവസമരച്ച് വെയിലത്തുവച്ചുണക്കി വിഴാലരിപ്രമാണം ഗുളിക ചമയ്ക്കുക. ഈ ഗുളിക പഞ്ചുവിൻനെയ്യിലോ കടുക്കാക്കഷായത്തിലോ ഇന്തുപ്പും ചുക്കുംകൂടി കഷായംവച്ചതിലോ സേവിക്കുക. എന്നാൽ മേദസ്സിൽ പ്രാപിതമായ കുഷ്ഠം ശമിക്കും.

## അന്യരസം.

രസസ്യൈകഭാഗം ബലേശ്ച ദ്വിഭാഗം
ത്രിഭാഗം ച ഭാനോർ വിമൃദ്യാഥ ഭൃംഗൈഃ

Since 1923

ദ്രവൈർവ്വാകുചീനാം രസൈഃ പേഷ്യ സമ്യക്
പുടേ പാചിതഃ സേവിതശ്ചാമലക്യാഃ കഷായൈഃ
കിലാസാരുണം മണ്ഡലം ഹന്തി നിത്യം
നിപീതോ നിതാന്തം സുതക്രാശിനശ്ച
കിലാസസ്യ ജേതാ രസോഽയം പ്രസിദ്ധഃ
സ്വനാമ്നാ പ്രഗീതോ ജയീ തസ്യ നിത്യം.

ശുദ്ധിചെയ്ത രസം ഭാഗം ഒന്ന്, ഗന്ധകം ഭാഗം രണ്ട്, താമ്രം ഭാഗം മൂന്ന് ഇവ കയ്യൂന്നിനീരിലും കാർകോകിലരിയുടെ നീരിലും അരച്ച് സ്ഫുടംചെയ്തെടുത്ത് കീഴാർനെല്ലികഷായത്തിൽ സേവിക്കുക; കിലാസം, മണ്ഡലകുഷ്ഠം ഇവ ശമിക്കും.

രസം.

ശുദ്ധിചെയ്ത ഗന്ധകവും രസവും തുല്യം. ചേക്കുരു, ത്രിഫല, കാർകോകിലരി, കയ്യൂന്നി, വേപ്പരി, കാരെള്ള് ഇവ എല്ലാംകൂടി പൊടിച്ചുചേർത്ത് കയ്യൂന്നിനീരിൽ വീണ്ടുംവീണ്ടും മർദ്ദിച്ച് വെയിലത്തുവെച്ച് ഉണക്കി മൂന്നു കുന്നിയിടവീതമെടുത്തു സേവിക്കുക. വാതജമായ ശ്വിത്രം ശമിക്കും.

ഖദിരാരിഷ്ടം.

ഖദിരസ്യ തുലാർദ്ധന്തു ദേവദാരു ച തത്സമം
വാകുചീ ദ്വാദശപലാ ദാർവീ സ്യാൽ പലവിംശതി
ത്രിഫലാ വിംശതിപലാന്യഷ്ടദ്രോണേഽംഭസഃ പചേൽ
കഷായേ ദ്രോണശേഷേ ച പൂതേ ശീതേ വിനിക്ഷിപേൽ
തുലാദ്വയം മാക്ഷികസ്യ തുലൈകാ ശർക്കരാ മതാ
ധാതക്യാ വിംശതിപലം തക്കോലം നാഗകേസരം
ജാതീഫലം ലവംഗൈലാ ത്വക് പത്രാണി പൃഥക് പൃഥക്
പലോന്മിതാനി കൃഷ്ണായാ ദദ്യാൽ പലചതുഷ്ടയം
ഘൃതഭാണ്ഡേ വിനിക്ഷിപ്യ മാസാദൂർദ്ധ്വം പിബേത്തതഃ
മഹാകുഷ്ഠാനി ഹൃദ്രോഗം പാണ്ഡുരോഗാർബുദം തഥാ
ഗുല്മം ഗ്രന്ഥി ക്രിമീൻ കാസം തഥാ പ്ലീഹോദരം ജയേൽ
ഏഷവൈ ഖദിരാരിഷ്ടഃ സർവ്വകുഷ്ഠനിവാരണഃ.

കരിങ്ങാലിക്കാതൽ, ദേവതാരം ഇവ അൻപത്തു പലംവീതം. കാർകോകിലരി പലം പന്ത്രണ്ട്. മരമഞ്ഞൾത്തൊലി, കടുക്കാ, താന്നിക്കാ, നെല്ലിക്കാ ഇവ ഇരുപത്തുപലംവീതം. എല്ലാംകൂടി നൂററിഇരുപത്തിയെട്ടിടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു പതിനാറിടങ്ങഴിയാക്കി പിഴിഞ്ഞരിക്കണം. നല്ലപോലെ തണുത്തതിനുശേഷം രണ്ടു തുലാം തേനും ഒരുതുലാം പഞ്ചസാരയും അതിൽ കല

ക്കണം. താതിരിപ്പൂവു പലം ഇരുപതു്; തക്കോലം, നാഗപ്പൂവു്, ജാതിക്കാ, ഗ്രാമ്പൂവു്, ഏലത്തരി, ഇലവർങ്ഗം, പച്ചില ഇവ ഓരോ പലം; ചെറുതിപ്പലി പലം നാലു്; ഇവയെല്ലാം പൊടിച്ചുചേർത്തു് നെയ്പുരണ്ടു മയങ്ങിയ ഒരു പാത്രത്തിലാക്കി വാമൂടിക്കെട്ടി സൂക്ഷിച്ചുവയ്ക്കുക. ഒരുമാസം കഴിഞ്ഞശേഷം ഒരു മാത്രനിശ്ചയിച്ചു സേവിക്കുക. എല്ലാവിധ കുഷ്ഠങ്ങളും, ഹൃദ്രോഗം, പാണ്ഡുരോഗം അർബ്ബുദം, ഗുല്മം, ഗ്രന്ഥി, കൃമി, കാസം, പ്ലീഹോദരം ഇവ ശമിക്കും.

### കനകാരിഷ്ടം.

ഖദിരകഷായം ദ്രോണം സർപ്പിഷ്കുംഭേ നിധാപയേന്മദ്ധ്യേ
പലികാമാത്രാൻ ക്ഷേപ്യാൻ കൃത്വാ തു താനേവ സൂക്ഷ്മചൂർണ്ണാൻ
ത്രിഫലാ ത്രികടുകരജനീ കനകത്വഗ്വാകുചീ ഗുളൂചീ ച
സവിളംഗമത്ര മധുപലശതദ്വയം പ്രക്ഷിപേൽ സർവ്വം.

ധാതക്യാശ്ച പലാന്യഷ്ടൗ കൃത്വാ മാസസ്ഥിതിം പ്രദേയാനി
പ്രാതഃ പ്രാതസ്തു പിബേന്നാശയതി ചിരോത്ഥിതം കുഷ്ഠം
മാസേന സർവ്വരോഗാൻ വിനിഹന്തി ച സർവ്വശോഫമേഹാംശ്ച
നിർജ്ജിതകാസശ്വാസോ ഗുദകീലഭഗന്ദരൈർമ്മുക്തഃ

കനകാരിഷ്ടം പ്രപിബൻ ഭവതി പുമാൻ കനകകാന്തിശ്ച.

കരിങ്ങാലിക്കാതൽ പലം നൂറ്. അറുപത്തിനാലിടങ്ങഴി വെള്ളത്തിൽ കഷായംവച്ചു പതിനാറിടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു് നെയ്പുരണ്ടു മയങ്ങിയ കുടത്തിലാക്കുക. കടുക്കാ, നെല്ലിക്കാ, താന്നിക്കാ, ചുക്കു്, മുളകു, തിപ്പലി, വരട്ടുമഞ്ഞൾ, ഉമ്മത്തിൻപൂവു്, ഇലവർങ്ഗത്തൊലി, കാർകോകിലരി, അമൃതു്, വിഴാലരി ഇവ ഓരോ പലംവീതം പൊടിച്ചു ശീലപ്പൊടിയെടുത്തു് അതും മുവൽ ഇടങ്ങഴി തേനും എട്ടുപലം താതിരിപ്പൂവും ചേർത്തു കഷായത്തിൽ യോജിപ്പിച്ചു കുഴിച്ചിടുക. ഒരുമാസം കഴിഞ്ഞെടുത്തു് ഒരു മാത്ര നിശ്ചയിച്ചു രാവിലെ സേവിക്കുക. ഒരുമാസം സേവിച്ചാൽ എത്ര പഴക്കംചെന്ന കുഷ്ഠവും ശമിക്കും. നീരു്, പ്രമേഹം, കാസശ്വാസങ്ങൾ, മൂലക്കുരു, ഭഗന്ദരം എന്നിതുകളും ശമിക്കും. കൂടാതെ ശരീരത്തിനു സ്വർണ്ണനിറം ഉണ്ടാകയും ചെയ്യും.

### മാണിഭദ്രഗുളം.

വിളംഗസാരാമലകാഭയാനാം
പലം പലം ത്രീണി പലാനി കുംഭാൽ
ഗുളചസ്യ ച ദ്വാദശഭാഗമേതൽ
ജിതാത്മനാഹന്ത്യുപയുജ്യമാനഃ

കുഷ്ഠശ്വിത്രശ്വാസകാസോദരാർശോ
മേഹപ്ലീഹഗ്രന്ഥിരുഗ്ജന്തുഗുല്മാൻ
സിദ്ധം യോഗം പ്രാഹയക്ഷോ മുമുക്ഷോ-
ർഭിക്ഷോഃ പ്രാണാൻ മാണിഭദ്രഃ കിലേമം.

വിഴാലരി, നെല്ലിക്കാ, കടുക്കാ ഇവ ദാരോപലംവീതം. ത്രികോല്പക്കൊന്ന പലം മൂന്ന്. ഇവയെല്ലാംകൂടി പൊടിച്ച് പന്ത്രണ്ടു പലം ശർക്കര പാവാക്കി അതിൽ പൊടി വിതറി ലേഹപാകത്തിൽ വാങ്ങി സൂക്ഷിച്ചുവച്ചിരുന്ന് ജിതേന്ദ്രിയനായി സേവിക്കുക. കുഷ്ഠം, ശ്വിത്രം, ശ്വാസം, കാസം, മഹോദരം, അർശസ്സ്, പ്രമേഹം, പ്ലീഹ, ഗ്രന്ഥി, വേദന, കൃമി, ഗുല്മം ഇവ ശമിക്കും. പ്രസിദ്ധമായ ഈ യോഗം യക്ഷനായ മാണിഭദ്രനാൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതാകുന്നു.

ഗന്ധകരസായനം.

ഷട്പലം ഗന്ധകംചൂർണ്ണം ത്രിപലം ചിത്രതണ്ഡുലം
ശുണ്ഠീ മരിച വൈദേഹീ ഷഡ്നിഷ്കന്തു പൃഥക് പൃഥക്
ത്രിഷു ഗന്ധാ വരാ രാസ്നാ വാകുചീ ഭൃങ്ഗരാജകം
പ്രത്യേകം ച ത്രിനിഷ്കഞ്ച ലോഹഭസ്മം സമം തഥാ

തദസർവ്വം ചൂർണ്ണിതം കൃത്വാ ഘൃതേ മധുഗുളാന്വിതം
അക്ഷപ്രമാണം തദ്ഭുക്ത്വാ ലവണാമ്ലാദി വർജ്ജയേൽ
ക്ഷീരയുക്താശനം പത്ഥ്യം സേവയേദേകമണ്ഡലം
ദീർഘായുശ്ച ബലീ ചൈവ ദിവ്യദൃഷ്ടിർഭവേന്നരഃ

ദിവ്യദേഹീ ച യോഗീ ച സ്ഥിരതാഞ്ച പ്രജായതേ
തസ്യ മൂത്രപുരീഷഞ്ച ശുക്ലം ഭവതു കാഞ്ചനം
കുഷ്ഠമഷ്ടാദശം ചൈവ ഗുല്മം പഞ്ചവിധം തഥാ
അർശാംസി പാണ്ഡുരോഗഞ്ച ഗന്ധകാദിരസായനം.

ശുദ്ധിചെയ്ത ഗന്ധകം പലം ആറ്. വെളുത്താവണക്കരി പലം മൂന്ന്. ചുക്ക്, മുളക്, തിപ്പലി ഇവ ആറുകഴഞ്ചുവീതം. ഏലം, ഇലവർങ്ഗം, പച്ചില, ത്രിഫല, ചിററരത്ത, കയ്യോന്നി, ലന്തക്കുരു ഇവ മൂന്നുകഴഞ്ചുവീതം. ഉരുക്കുഭസ്മം കഴഞ്ചു മൂന്ന്. ഇവ പൊടിയാക്കി ശർക്കരയും തേനും നെയ്യുംചേർത്തു രസായനമാക്കി താന്നിക്കാപ്രമാണം കാലത്തും വൈകുന്നേരവും സേവിക്കുക. ഉപ്പും പുളിയും ഉപേക്ഷിക്കണം. പാൽക്കൂട്ടി ഉണ്ണുകയും വേണം. ഇങ്ങനെ നാല്പത്തിഒന്നുദിവസം സേവിക്കുന്നവൻ ദീർഘായുസ്സോടുകൂടിയവനായും, ബലവാനായും, ദിവ്യദൃഷ്ടിയായും, ദിവ്യശരീരിയായും, യോഗിയായും, ധൈര്യവാനായും ഭവിക്കും. പതിനെട്ടുവിധത്തിലുള്ള കുഷ്ഠവും, ഗുല്മവും അർശസ്സും പാണ്ഡുരോഗവും ശമിക്കും.

### മഹാഭല്ലാതകഗുഡം.

നിംബം ഗോപാരുണാ കടീ ത്രായന്തി ത്രിഫലാ ഘനാ
പൎപ്പടാവൽഗുജാനന്താ വചാ ഖദിരചന്ദനം
പാഠാ ശുണ്ഠീ ശടീ ഭാൎങ്ങ്ഗീ വാസാ ഭൂനിംബവത്സകം
ശ്യാമേന്ദ്രവാരുണി മൂൎവ്വാ വിഡംഗേന്ദ്രവിഷാനലം
ഹസ്തികൎണ്ണാമൃതാദ്രേക പടോലം രജനീദ്വയം
കണാരഗ്വധസപ്താഹ്വ കൃഷ്ണവേത്രോച്ചടാഫലം
ഭൂകന്ദം തൃണപൎണ്ണഞ്ച ഝിണ്ടിപത്മാടമൂഷലീ
വിഷ്വക്സേനാചകൈവൎത്ത്യശരപുംഖാഥ കഞ്ചുകീ
ഏഷാം ദ്വിപലികാൻ ഭാഗാൻ ജലദ്രോണേ വിപാചയേൽ
അഷ്ടഭാഗാവശിഷ്ടന്തു കഷായമവതാരയേൽ
ഭല്ലാതകസഹസ്രാണി ത്രീണി ഛിത്വാൎമ്മണോംഭസഃ
ചതുൎഭാഗാവശേഷന്തു കഷായമവതാരയേൽ
തൌ കഷായൌ സമാദായ വസ്ത്രപൂതൌ ചകാരയേൽ
ഗുഡസ്യ തു തുലാം താഭ്യാം കഷായാഭ്യാം പചേൽ ഭിഷക്
ഭല്ലാതകസഹസ്രാണാം മജ്ജാനാം തത്ര ദാപയേൽ
ത്രികടു ത്രിഫലാ മുസ്താ സൈന്ധവാനാം പലം പലം
ദീപ്യകസ്യ പലം ചൈവ ചതുൎജ്ജാതം പലാംശികം
സഞ്ചൂൎണ്ണ്യ പ്രക്ഷിപേത്തത്ര ഗന്ധകഞ്ച ചതുഃ പലം
സ്നിഗ്ദ്ധഭാണ്ഡേ വിനിക്ഷിപ്യ സ്ഥാപയേൽ കുശലോ ഭിഷക്
മഹാഭല്ലാതകോഹ്യേഷ മഹാദേവേന നിൎമ്മിതഃ
ജഗതസ്തു ഹിതാൎത്ഥായ ജയേൽ ശീഘ്രം നിഷേവിതഃ
ശ്വിത്രമൌദുംബരം ദദ്രുമൃശ്യജിഹ്വം സ കാകണം
പുണ്ഡരീകഞ്ച ചൎമ്മാഖ്യം വിസ്ഫോടം മണ്ഡലം തഥാ
കണ്ഡൂം കപാലകണ്ഡൂം ച പാമാനം സ വിപാദികം
വാതരക്തമുദാവൎത്തം പാണ്ഡുരോഗം വ്രണം കൃമീൻ
അൎശാംസി ഷട്പ്രകാരാണി കാസം ശ്വാസം ഭഗന്ദരം
തദഭ്യാസേന പലിതമാമവാതം സുദുസ്തരം
അനുപാനേ പ്രയോക്തവ്യം ഛിന്നാ ക്വാഥം പയോഥവാ
ഭോജനേ ച തഥാ യോജ്യമുഷ്ണഞ്ചാന്നം വിശേഷതഃ

വേപ്പിൻതൊലി, നറുനീണ്ടിക്കിഴങ്ങ്, അതിവിടയം, ഏലത്തരി, ബ്രഹ്മി, കടുക്ക, താന്നിക്ക, നെല്ലിക്ക, മുത്തങ്ങാക്കിഴങ്ങ്, പപ്പടകപ്പുല്ല്, കാർകോകിലരി, കൊടിത്തൂവവേര്, വയമ്പ്, കരിങ്ങാലിക്കാതൽ, ചന്ദനം, പാടത്താളിക്കിഴങ്ങ്, ചുക്ക്, കച്ചോലം, ചെറുതേക്ക്, ആടലോടകവേര്, പുത്തരിച്ചുണ്ടവേര്, കടകപ്പാലയരി,

Since 1923

തമിഴാമവേരു്, കാട്ടുവെള്ളരി, പെരുംകുരുമ്പവേരു്, വിഴാലരിപ്പരിപ്പു്, കുടകപ്പാലയരി, താമരവളയം, കൊട്ടവേലിക്കിഴങ്ങു്, ആവണക്കിൻവേരു്, അമൃതു്, ആര്യവേപ്പിൻതൊലി, പടവലത്തണ്ടു്, മഞ്ഞൾ, മരമഞ്ഞൾ, ചെറുതിപ്പലി, കൊന്നത്തൊലി, ഏഴിലംപാലത്തൊലി, കാരകിൽ, ചൂരൽത്തല, കീഴാനെല്ലി, തക്കോലം, കാട്ടുചേന, ചോനകപ്പുല്ലു്, മഞ്ചട്ടി, തകരയരി, നിലപ്പനക്കിഴങ്ങു്, ഞാഴൽപ്പൂവു്, കുമിഴിൻവേരു്, കൊഴിഞ്ഞവേരു്, നെന്മേനിവാകത്തൊലി ഇവ പലം ഈരണ്ടു്. വെള്ളം ഇടങ്ങഴി പതിനാറു്. കുറുക്കി ഇടങ്ങഴി രണ്ടു്. ചേക്കുരു എണ്ണം ആയിരം. മുറിച്ചു മുപ്പത്തിരണ്ടിടങ്ങഴിവെള്ളത്തിൽ പചിച്ചു് എട്ടിടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു മുൻപറഞ്ഞ കഷായവും ഇതുമായി ഒന്നിച്ചുചേൎത്തു്, അതിൽ ഒരുതുലാം ശർക്കരകൂടി കൂട്ടി, കഷായത്തിൽനിന്നരിച്ചെടുത്ത ചേക്കുരുകൂടി അതിൽ എടുത്തുചേൎത്തു പചിച്ചു ലേഹപാകമാക്കി ചുക്കു്, മുളകു്, തിപ്പലി, നെല്ലിക്ക, താന്നിക്ക, കടുക്ക, മുത്തങ്ങാക്കിഴങ്ങു, ഇന്തുപ്പു്, അയമോദകം, ഏലം, ഇലവൎങ്ഗം, പച്ചില, നാഗപ്പൂവു് ഇവ പലം ഓരോന്നും ശുദ്ധിചെയ്ത ഗന്ധകം പലം നാലുംകൂടി പൊടിച്ചുചേൎത്തു നെയ്പുരണ്ട മയങ്ങിയ ഒരു പാത്രത്തിലാക്കി സൂക്ഷിച്ചുവച്ചിരുന്നു കുറേശ്ശ സേവിക്കുക. കുഷ്ഠം പതിനെട്ടും, വാതരക്തം, പാണ്ഡു, കൃമി, വ്രണം, അൎശസ്സു്, കാസം, ശ്വാസം, ഭഗന്ദരം, ജരാനര, ആമവാതം എന്നീ രോഗങ്ങളും മററനേക രോഗങ്ങളും ശമിക്കും. ഔഷധം സേവിച്ചതിന്നശേഷം അമൃതുകഷായമോ പാലോ അനുപാനമായി സേവിക്കയുംവേണം.

### പീയൂഷഭല്ലാതകം.

ഭല്ലാതകപ്രസ്ഥയുഗം ച ശസ്ത്രൈഃ
ഛിത്വാ പചേദ് ദ്രോണജലേ ഗുഡൂച്യാഃ
പ്രസ്ഥദ്വയം ക്ഷുണ്ണമലം പ്രദായ
പാദാവശേഷം പടപൂതനീരം

ദത്വാ കടാഹേഽഥ ശരാവമാത്രേ
ഗോസൎപ്പിഷാ ഗോപയസാഢകേന
സിതാ തഥാ പ്രസ്ഥമിതാം പ്രദായ
സിതാൎദ്ധമാനേന ച മാക്ഷികേണ

മൃദ്വഗ്നിനാ പാച്യ തതോഽവതാൎയ്യ
ക്ഷേപ്യാണി വില്വാഗ്നമൃതായവാനി
ജന്തുഘ്നധാത്രീ രജനീ ശിവാനാം
ശുണ്ഠീ കണാ പപ്പട സിന്ധുപത്ര-
ത്രികണ്ടകോശീരഫലനോഷണാനാം.
കൎപ്പൂരകാലാ പിചുമന്ദതൈല-

Since 1923

ദ്വിചന്ദനാനാം ഗജകേസരസ്യ
ചൂർണ്ണാനി നിക്ഷിപ്യ പലാർദ്ധകാനി
പൃഥക് പൃഥക് ചാപി ച സോമരാജ്യാഃ
നിധായ പാത്രേ പ്രയതഃ പ്രഭാതേ
പലോന്മിതം ശീതജലേന സേവേൽ
കുഷ്ഠാന്യഥാഷ്ടാദശവാതരക്താ-
ന്യർശാംസി സർവ്വാണ്യപി ഹന്തി സദ്യഃ
വ്യായാമഘർമ്മാനലതാപജായാ-
ദധ്യമ്ലമാംസാന്യപഹായ നിത്യം
തൈലസ്യ ചാഭ്യംഗമഥോതിനീര-
സ്നാനം പരിത്യജ്യമിഹാമൃതാദ്യേ
പീയൂഷഭല്ലാതകസംജ്ഞയായോ
വൈദ്യൈഃ പ്രദിഷ്ടോ ഽപ്യവലേഹയോഗഃ
സംസേവ്യമാനോ ഽഖില കുഷ്ഠനാശം
കരോത്യതസ്തേന സമോ ന ചാസ്യഃ.

രണ്ടിടങ്ങഴി ചേർക്കുരു രണ്ടായി മുറിച്ചു പതിനാറിടങ്ങഴിവെള്ളത്തിൽ പാകംചെയ്തു നാലൊന്നാക്കി അതും, രണ്ടിടങ്ങഴി അമൃതു നുറുക്കി പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവച്ചു നാലൊന്നാക്കി അതുംകൂടി അരിച്ചു് ഒരു പാത്രത്തിലാക്കി നാലിടങ്ങഴി പശുവിൻനെയ്യും നാലിടങ്ങഴി പശുവിൻപാലും ഇടങ്ങഴി പഞ്ചസാരയും ചേർത്തു മൃദ്വഗ്നികൊണ്ടു പചിച്ചു് പാകമാകുമ്പോൾ വാങ്ങി കുവളത്തിൻവേരു്. കൊട്ടവേലിക്കിഴങ്ങു്, അമൃതിൻതൂറു്, യവം, വിഴാലരി, നെല്ലിക്കാത്തോടു്, മഞ്ഞൾ, കടുക്ക, ചുക്കു്, തിപ്പലി, പർപ്പടകപ്പുല്ലു്, ഇന്തുപ്പു്, പച്ചില, ഞെരിഞ്ഞിൽ, രാമച്ചം, മുത്തങ്ങാക്കിഴങ്ങു്, നല്ലമുളകു്, കർപ്പൂരം, ഉലുവാ, വേപ്പിൻതൈലം, ചന്ദനം, രക്തചന്ദനം, നാഗപ്പൂവു്, കാർകോകിലരി ഇവ അരപ്പലംവീതം പൊടിച്ചിട്ടു് ആറിയാൽ പഞ്ചസാരയിൽ പകുതി തേനുംചേർത്തു സൂക്ഷിച്ചുവച്ചിരുന്നു പ്രഭാതത്തിൽ ഒരുപലംവീതം ശീതജലത്തിൽ സേവിക്കുക. കുഷ്ഠം പതിനെട്ടും, വാതരക്തം, അർശസ്സ് ഇവയുംശമിക്കും. വ്യായാമം, വെയിലേല്ക്കുക, മൈഥുനം, തൈരു്, പുളി, മാംസം, എണ്ണതേച്ചുകുളി, അതിയായ ജലസ്നാനം ഇവ ഉപേക്ഷിക്കണം.

ത്രിഫലാമോദകം.

ദശ പഞ്ചപലാനി ത്രൈഫലം
സുരജോ ജന്തുഹരസ്യ സപ്തവൈ
അപി ലോഹപലദ്വയം തഥാ
ശതഭല്ല്യാസ്തു ദശൈവ വാകുചീ.

Since1923

പലമേവ ശിലാജതോരപി
ദ്വിപലം ചാപി തഥൈവ ഗുല്ഗ്ഗുലോഃ
അഥ പുഷ്കരമൂലജം രജഃ
പലമേകം മരിചം സചിത്രകം.

മഗധൌഷധിമേഘവല്ലലാ-
നപി പത്രേണ സമം ച കുങ്കുമം
അപി കഷ്മിതം സമം സമം
സകലം ചൂർണ്ണമിദം തു ശർക്കരാം.

സമഭാഗമിതാം തു വാച്യവൈ
പലികാം സ്തസ്യ ച മോദകാൻ ഭിഷക്
ഖലു തേഷ്വപി ചൈകമേകമേവ
പ്രയതോ വാതഗദാൻ പ്രഭാതകേ.

അപഹന്ത്യ ശിരോഭഗന്ദരാ-
നഥവാഷ്ടാദശകുഷ്ഠഗുല്മകാൻ
കഫജാനഥ വിംശതിം ഗദാ-
നപി വൈതദ്വിഗുണാംശ്ച പിത്തകാൻ

ഗളതാലുശിരോക്ഷിഭ്രൂഗദാൻ
രസനോദ്ഭ്രമമഥോർദ്ധ്വജത്രുജാൻ
ദ്വിഭവാനപി സന്നിപാതജാ-
നഥ ദോഷൈകഭവാംശ്ച നാശയേൽ.

തനുജാതസമസ്തകാളിമാ-
മഥവാ ലോമവിനാശനാശനഃ
ഊർദ്ധ്വജത്രുജഗദേഷു ച ഭുക്ത്വാ
പ്രാതരേവ പ്രഥമം തനുരോഗേ.

ഔദരേഷു ച തഥാശനമദ്ധ്യേ
ത്രൈഫലം ച ബഹുധാ ഖലു ഖാദേൽ.

ത്രിഫലപലം പതിനഞ്ച്. വിഴാലരിപ്പൊടി പലം ഏഴ്. ഉരുക്കിൻപൊടി പലം രണ്ട്. ശുദ്ധിചെയ്ത ചേർക്കുരു പലം നൂറ്. കാർകോകിലരി പലം പത്ത്. ശുദ്ധിചെയ്ത കന്മദം പലം ഒന്ന്. ശുദ്ധിചെയ്ത ഗുല്ഗുലു പലം രണ്ട്. പുഷ്കരമൂലം പലം ഒന്ന്. നല്ല മുളക്, കൊടുവേലിക്കിഴങ്ങ് (ശുദ്ധി) തിപ്പലി, ചുക്ക, മുത്തങ്ങാക്കിഴങ്ങ്, ഇലവർങ്ഗം, പച്ചില, കുങ്കുമപ്പൂവ് ഇവ മുമ്മൂന്നു കഴഞ്ചുവീതം. ഇവയെല്ലാം സമം പഞ്ചസാര. ഇവ വിധിപോലെ പാകംചെയ്ത് മോദകമാക്കി സേവിക്കുക; എല്ലാ വാതരോഗങ്ങളും, ഭഗന്ദരം, കുഷ്ഠം

പതിനെട്ടും, കഫരോഗങ്ങൾ ഇരുപതും, പിത്തരോഗങ്ങൾ നാല്പതും ശമിക്കും. കൂടാതെ ഗളതാലുജങ്ങളായ രോഗങ്ങളെയും ശമിപ്പിക്കും. കണ്ഠത്തിനമുകളിലുള്ള രോഗത്തിന ഊണു കഴിഞ്ഞശേഷവും, കണ്ഠത്തിന താഴെയുള്ള രോഗത്തിന് അതിരാവിലെയും, ഉദരരോഗങ്ങൾക്ക് ഊണിന്റെ മദ്ധ്യത്തിലും ഈ മോദകം സേവിക്കണം.

ചിത്രകാദി ഗുൾഗ്ഗുലു.

ചിത്രകം ത്രിഫലാം വ്യോഷമജാജീം കാരവീം വചാം
സൈന്ധവാതിവിഷേ കുഷ്ഠം ചവ്യൈലാ യാവശൂകജം
വിഡംഗാന്യജമോദാം ച മുസ്താന്യമരദാരു ച
യാവന്ത്യേതാനി സർവ്വാണി താവന്മാത്രം തു ഗുല്ഗ്ഗുലും.
സംക്ഷുദ്യ സർപ്പിഷാ സാർദ്ധം ഗുഡികാം കാരയേദ് ഭിഷക്
പ്രാതർഭോജനകാലേ വാ ഭക്ഷയേത്തു യഥാബലം
ഹന്ത്യഷ്ടാദശകുഷ്ഠാനി ക്രിമീൻ കുഷ്ഠവ്രണാനി ച
ഗ്രഹണ്യർശോ വികാരാംശ്ച മുഖാമയഗളഗ്രഹാൻ.
ഗൃദ്ധ്റസീമഥ ഭഗ്നം ച ഗുല്മം ചാത്ര നിയച്ഛതി
വ്യാധീൻ കോഷ്ഠഗതാംശ്ചാന്യാൻ ജയേദ്വിഷ്ണുരിവാസുരാൻ.

കൊട്ടവേലിക്കിഴങ്ങ്, ത്രിഫല, ചുക്കു, മുളക്, തിപ്പലി, ജീരകം, കരിഞ്ജീരകം, വയമ്പ്, ഇന്തുപ്പ്, അതിവിടയം, കൊട്ടം, കാട്ടുമുളകിൻവേര്, ഏലത്തരി, ചവക്കാരം, വിഴാലരി, അയമോദകം മുത്തങ്ങാക്കിഴങ്ങ്, ദേവതാരം ഇവയെല്ലാം സമം. എല്ലാററിനും സമം ശുദ്ധിചെയ്ത ഗുൾഗ്ഗുലു. ഇവ ഒന്നിച്ചുചേർത്തു പൊടിച്ചു പശുവിൻനെയ്യും ചേർത്തു ഗുളികചമച്ചു ബലത്തിനതക്കവണ്ണം രാവിലെയോ, ഊണുകഴിക്കുമ്പോഴോ സേവിക്കുക; പതിനെട്ടുപ്രകാരത്തിലുള്ള കുഷ്ഠങ്ങളും, ക്രിമി, കുഷ്ഠവ്രണങ്ങൾ, ഗ്രഹണി, അർശ്ശസ്സ്, മുഖരോഗം, ഗളഗ്രഹം, ഗൃദ്ധ്റസി, ധ്വജഭംഗം, ഗുല്മൻ, കോഷ്ഠഗതവ്യാധി ഇവകൾ മഹാവിഷ്ണുവിനാൽ അസുരന്മാർ എത്രവേഗത്തിലും നിശ്ശേഷവും നശിക്കപ്പെട്ടുവോ അതുപോലെ ഈ ഗുളിക മേൽപ്പറഞ്ഞ രോഗങ്ങളെ നിശ്ശേഷം പെട്ടെന്നു ശമിപ്പിക്കും.

അമൃതാഗുൾഗ്ഗുലു.

അമൃതായാഃ പലശതം ദശമൂല്യാസ്തഥാ ശതം
പാഠാമൂർവ്വാ ബലാ തിക്താ ദാർവ്വീ ഗന്ധർവ്വഹസ്തകഃ
ഏഷാം ദശപലാൻ ഭാഗാൻ വിഭീതക്യാ ശതം ഹരേൽ
ദ്വേ ശതേ ച ഹരീതക്യാ ആമലക്യാ തഥാ ശതം
ജലദ്രോണ ത്രയേ പക്ത്വാ ചാഷ്ടഭാഗാവശേഷിതം
പ്രസ്ഥം ഗുൾഗ്ഗുലുമാഹൃത്യ പ്രസ്ഥാർദ്ധഞ്ച ഘൃതം പചേൽ

Since 1923

പാകസിദ്ധൌ പ്രദാതവ്യാ ഗുഡൂച്യാഃ സത്വമേവ ച.
പലദ്വയം തഥാ ശുണ്ഠ്യാഃ പിപ്പല്യാശ്ച പലദ്വയം.
തതോ മാത്രാം പ്രയുഞ്ജീത ജ്ഞാത്വാ ദോഷബലാബലം.
അഷ്ടാദശസു കുഷ്ഠേഷു വാതരക്തഗദേഷു ച
കാമലാമാമവാതഞ്ച അഗ്നിമാന്ദ്യം ഭഗന്ദരം
പീനസഞ്ച പ്രതിശ്യായം പ്ലീഹാനമുദരം തഥാ
ഏതാൻ രോഗാൻ നിഹന്ത്യാശു ഭാസ്കരസ്തിമിരം തഥാ.

അമൃത നൂറുപലം, ദശമൂലം പലം നൂറു്, പാടത്താളിക്കിഴങ്ങു്, പെരുംകുരുമ്പവേരു്, കുറുന്തോട്ടിവേരു്, ചെറുവഴുതിനവേരു്, മരമഞ്ഞൾത്തൊലി, വെളുത്താവണക്കിൻവേരു് ഇവ പത്തുപലംവീതം. താന്നിക്ക നൂറു്, കടുക്ക ഇരുനൂറു്, നെല്ലിക്ക നൂറു്. ഇവ എല്ലാംകൂടി ചേൎത്തു നാല്പത്തെട്ടിടങ്ങഴിവെള്ളത്തിൽ പചിച്ചു് ആറിടങ്ങഴിയാക്കി പിഴിഞ്ഞരിച്ചു ഗുൽഗുലു പലം ൬൱-ം എട്ടുപലം നെയ്യുംചേൎത്തു പാകമാക്കി അമൃതിൻനൂറു്, തിപ്പലിപ്പൊടി ഇവ ഈരണ്ടുപലവുംകൂടിച്ചേൎത്തു ദോഷകോപമനുസരിച്ചു ഒരു മാത്ര നിശ്ചയിച്ചു സേവിക്കുക. കുഷ്ഠം പതിനെട്ടും, വാതരക്തം, കാമില, ആമവാതം, അഗ്നിമാന്ദ്യം, ഭഗന്ദരം, പീനസം, പ്രതിശ്യായം, പ്ലീഹ, മഹോദരം ഇവ ശമിക്കും.

### കൈശോരകഗുൽഗുലു.

വരമഹിഷലോചനോദരസന്നിഭവൎണ്ണസ്യ ഗുൽഗുലോഃ പ്രസ്ഥം
പ്രക്ഷിപ്യ തോയരാശൌ ത്രിഫലാം ച യഥോക്ത പരിമാണാം.
ദ്വാത്രിംശച്ഛിന്നരുഹാ പലാനി ദേയാനി യത്നേന
വിപചേദപ്രമത്തോ ദൎവ്യാ സംഘട്ടയേന്മുഹുൎയ്യാവൽ
അൎദ്ധക്ഷയിതം തോയം ജാതം ജ്വലനസ്യ സമ്പൎക്കാൽ
അവതാൎയ്യ വസ്ത്രപൂതം പുനരപി സംസാധയേദയഃപാത്രേ
സാന്ദ്രീഭൂതേ തസ്മിൻ അവതാൎയ്യ ഹിമോപലപ്രഖ്യേ
ത്രിഫലാചൂൎണ്ണാൎദ്ധപലം ത്രികടോശ്ചൂൎണ്ണം ഷഡക്ഷപരിമാണം
കൃമിരിപുചൂൎണ്ണാൎദ്ധപലം കൎഷം കൎഷം ത്രിവൃദ്ദന്ത്യോഃ
പലമേകം ച ഗുഡൂച്യാഃ സൎപ്പിഷശ്ച പലാഷ്ടകം ക്ഷിപേദമലം
ഉപയുജ്യ ചാനുപാനം യൂഷം ക്ഷീരം സുഗന്ധിസലിലം ച
ഇച്ഛാഹാരവിഹാരീ ഭേഷജമുപയുജ്യ സൎവ്വകാലമിദം
തനുരോധി വാതശോണിതമേകജമഥ ദ്വന്ദ്വജം ചിരോത്ഥം ച
ജയതി സ്രുതം പരിശുഷ്കം സ്ഫുടിതം ചാജാനുജം ചാപി
വ്രണകാസകുഷ്ഠഗുല്മശ്വയഥൂദരപാണ്ഡുമേഹാംശ്ച
മന്ദാഗ്നിഞ്ച വിബന്ധം പ്രമേഹ പിഡകാംശ്ച നാശയത്യാശു

സതതം നിഷേവ്യമാണഃ കാലവശാദ്ധന്തി സർവ്വഗദാൻ
അഭിഭൂയ ജരാദോഷം കരോതി കൈശോരകം രൂപം
പ്രത്യേകം ത്രിഫലാ പ്രസ്ഥോ ജലം തത്ര ഷഡാഢകം
ഗുഡവൽ ഗുൽഗ്ഗുലോഃ പാകസ്സുഗന്ധിസ്സ്യ വിശേഷതഃ.

പോത്തിൻകണ്ണിന്റെ നിറംപോലെയുള്ള നിറത്തോടുകൂടിയ ഗുൽഗുലു പലം പതിനാറു്. കടുക്ക, നെല്ലിക്ക, താന്നിക്ക, ഇവ പതിനാറുപലംവീതം. ചിററമൃത പലം മുപ്പത്തിരണ്ടു്. വെള്ളം ഇടങ്ങഴി ഇരുപത്തിനാലു്. പന്ത്രണ്ടിടങ്ങഴിയാകുമ്പോൾ മുണ്ടിൽ അരിച്ചു് ഇരുമ്പുപാത്രത്തിലാക്കി കൊഴുത്തു കട്ടിയാകുന്നതുവരെ വീണ്ടും പാകംചെയ്യണം. കടുക്ക, നെല്ലിക്ക, താന്നിക്ക, ഇവയുടെ പൊടി അരപ്പലംവീതം. ചുക്കു, മുളകു, തിപ്പലി ഇവ പൊടിച്ചപൊടി അരപ്പലംവീതം. വിഴാലരിപ്പൊടി പലം അര. ത്രികോല്പക്കൊന്ന, നാഗദന്തിവേരു് ഇവ പൊടിച്ചപൊടി കഴഞ്ചു മുമ്മൂന്നുവീതം. അമൃതിൻനൂറു പലം ഒന്നു്. നെയ്യ് ഇരുന്നാഴി. ഇവചേർത്തു ഗുളികയാക്കി സേവിക്കുക. അനുപാനമായി ചെറുപരിപ്പിൻരസമോ പാലോ ചന്ദനക്കഷായമോ സേവിക്കണം. എന്നാൽ ഏകദോഷജവും ദ്വിദോഷജവും പഴകിയതും വെള്ളം ഒലിച്ചുകൊണ്ടിരിക്കുന്നതും വരണ്ടതും വെടിച്ചുകീറിയതും മുട്ടുവരെ എത്തിയതും ആയ വാതരക്തം, വ്രണം, ചുമ, കുഷ്ഠം, ഗുല്മം, നീരു്, മഹോദരം, പാണ്ഡു, മേഹം, അഗ്നിമാന്ദ്യം, മലബന്ധം, പ്രമേഹക്കുരുക്കൾ ഇവ ശമിക്കും. ദിവസേന സേവിച്ചുകൊണ്ടിരുന്നാൽ ക്രമേണ സകല രോഗങ്ങളും ഇല്ലാതാകും. ജര ഇല്ലാതാക്കി യൌവ്വനത്തെ നിലനിർത്തും. ഗുൽഗുലു ശർക്കരപോലെ പാകംചെയ്തുകൊള്ളണം.

സ്വായംഭുവഗുൽഗുലു.

ശശിലേഖാ ബാണപലാ ഗിരിജം ച താവദേവാത്ര ഗൃഹ്ണീയാൻ
ദശഗുൽഗുലോശ്ച ഭാഗാൻ പലാനി ത്രീണി ഭസ്മാസ്ത്വപ്യസ്യ.
ഭാഗദ്വിതയം ലോഹം ശ്രാവണികാ താവദേവ സംയോജ്യാ
ത്രിഫലാ താവന്മാനാ ധനദസ്യാപി പത്രാണി താവന്തി.
ഖദിരഗുഡൂചീ ദന്തീ രജനീ വിഡംഗചിത്രധനസംപാകാ
കുടജത്വഗ്ഘനനിംബാൻ പലദ്വയാംശ്ച പൃഥക് പൃഥക് പിഷ്ട്വാ
ഗുഡികാ മധുനാ രചിതാ സാഘൃതാപ്യശിതാ പ്രാതർഗവാം മൂത്രേണ
കുഷ്ഠാനസൃക് സമീരം ചിത്രാണ്യുദരാണി പ്രമേഹഗുല്മാനി
സ്വായംഭുവൻ സമശ്നൻ ഗുൽഗുലുമേകം ഭജേച്ച ഗോമൂത്രൈഃ
അശിതഃ പാണ്ഡുഗദാനപഹന്തി ച വലീപലിതാൻ സദ്യഃ

കാർകോകിലരി പലം അഞ്ചു്. കന്മദം പലാ അഞ്ചു്. ഗുൽ

ഗ്ഗുലു പലം പത്തു്. മാക്കിരക്കല്ലിൻഭസ്മം പലം മൂന്നു്. ഇരുമ്പിൻഭസ്മം ഭാഗം രണ്ടു്. സ്രാവണിക ഭാഗം രണ്ടു്. കടുക്ക, നെല്ലിക്ക, താന്നിക്ക, പുങ്കില ഇവ ഈരണ്ടു ഭാഗംവീതം. കരിങ്ങാലിക്കാതൽ, അമൃതു്, നാഗദന്തി, മഞ്ഞൾ, വിഴാലരിക്കാമ്പു്, കൊട്ടുവേലിക്കിഴങ്ങു, കൊന്നത്തൊലി, കുടകപ്പാലത്തൊലി, മുത്തങ്ങാക്കിഴങ്ങു, വേപ്പിൻതൊലി ഇവ ഈരണ്ടുപലംവീതം. എല്ലാംകൂടി അരച്ചു ഗുളികയാക്കി തേനും നെയ്യുംചേർത്തു സേവിക്കുക; ഗുൾഗുലുമാത്രം ഗോമൂത്രത്തിൽ അതിരാവിലെ സേവിക്കുക. എന്നാൽ കുഷ്ഠം, രക്തവാതം, മഹോദരം, പ്രമേഹം, ഗുല്മം എന്നീ രോഗങ്ങൾ ശമിക്കും.

വടികാ.

ശുദ്ധസൂതവിഷഗന്ധകമുസ്താ ത്രൈഫലത്രികടുകാമൃതചൂർണ്ണം
വേദഭാഗമിത ജീർണ്ണഗുഡേന ഹന്തി മാസമശനാൽ ഗജചർമ്മഃ.

ശുദ്ധിചെയ്ത രസം, വത്സനാഭി, ഗന്ധകം, മുത്തങ്ങാക്കിഴങ്ങു, ത്രിഫലത്തോട്ടു്, ചുക്കു, മുളകു, തിപ്പലി, അമൃതു് ഇവ സമമായെടുത്തു പൊടിച്ച പൊടിയുടെ നാലിരട്ടി പഴകിയ ശർക്കരയുംചേർത്തു വടകമാക്കി ഒരുമാസം സേവിച്ചാൽ ഗജചർമ്മം എന്ന കുഷ്ഠം ശമിക്കും.

കാകണഹന്ത്രിവടിക.

ലോഹഭസ്മകടുകാനലതുല്യം ത്ര്യൂഷണം ച പരിഭാവ്യ കഷായൈഃ
നിംബബീജഖദിരാമൃതപത്ഥ്യാ വത്സകാദി ശരദ്രവ്യഗണസ്യ.
മാഷമാത്രവടികാ മധുനാപി ഭക്ഷിതാ ഹരതി കാകണകുഷ്ഠം
ഇന്ദ്രവാരുണി ജടാ ത്രിഫലാഗ്നി നിംബവഹ്നിമിസികൈരൌഷധിചൂർണ്ണം
വാകുചീഭവരജഃ പരിയുക്തം ചാനുപാനമിഹ ഗോജലമിശ്രം
ഹന്തികാകണഗദം വടികേയം നാമതോഽപി ഖലു കാകണഹന്ത്രീ.

ലോഹഭസ്മം, കടുകുരോഹിണി, കൊട്ടുവേലിക്കിഴങ്ങു്, ചുക്കു, മുളകു, തിപ്പലി ഇവ പൊടിച്ചു വേപ്പരി, കരിങ്ങാലിക്കാതൽ, അമൃതു് കടുക്കാത്തോടു, കുടകപ്പാലയരി ഇവയുടെ കഷായത്തിൽ ഭാവനചെയ്തു് ഉഴുന്നിൻപ്രമാണം ഗുളികയുരുട്ടി തേനിൽ സേവിക്കുക; അനുപാനമായി കാട്ടുവെള്ളരിവേരു്, ത്രിഫല, കൊട്ടുവേലിക്കിഴങ്ങു, വേപ്പിൻതൊലി, വട്ടകപ്പുളിന്നാരകം, മാഞ്ചി, കാർകോകിലരി ഇവ പൊടിച്ചു സേവിക്കുക. കാകണകുഷ്ഠം ശമിക്കും.

രുദ്രവടിക.

ശുദ്ധപാരദകൃശാനുമരീചൈഃ പാരദാൽ ദ്വിഗുണഗന്ധകമത്ര
വന്യസംഭവമുദുംബരദുഗ്ധം വാകുചീഭവകഷായ ച ഭൈർവ്വാ
സംവിഭാവ്യ പരിപേഷ്യ ദിനൈകം അക്ഷമാനവടകാഃ പരികല്പ്യ
മാക്ഷികൈസ്സമശിതാഖിലപാമാം ഹന്തിരുദ്രവടികാഖ്യരസോഽയം.

ശുദ്ധിചെയ്ത രസം, കൊട്ടവേലിക്കിഴങ്ങ, മുളക് ഇവ തുല്യം രസത്തിൻെറ ഇരട്ടി ഗന്ധകം. ഇവയെല്ലാംകൂടി നല്ലപോലെ പൊടിച്ച അത്തിപ്പാലിലോ കാർകോകിലരിയുടെ കഷായത്തിലോ ഒരു ദിവസം ഭാവനചെയ്ത്, അരച്ച യോജിപ്പിച്ച താന്നിക്കാപ്രമാണം ഗുളികയുണ്ടാക്കി തേനിൽ ചാലിച്ച സേവിക്കുക. പാമാകുഷ്ഠം ശമിക്കും.

## ത്രിഫലാദിഗുളിക.

ത്രിഫലാരുഷ്കരലോഹൈഃ സാവല്ഗുജ ഭൃങ്ഗലാംഗലീ വ്യോഷൈഃ
സഗുളൈർവ്വരാഹകന്ദൈഃ പലികൈരേകത്ര സമ്മിശ്രൈഃ

ഗുളികാം പ്രകല്പ്യ ഖാദേദേകൈകാമക്ഷസമ്മിതാം പ്രാതഃ
കുഷ്ഠം ദദ്രു കിലാസം ജിത്വാ വർഷേണ സർവഥാ പലിതം

ജീവതിവർഷശതം വൈ ദീപ്തഹുതാശോയുവേവ സോത്സാഹഃ.

കടുക്കാ, നെല്ലിക്കാ, താന്നിക്കാ, ചേർക്കുരു, ഉരുക്കുപൊടി, കാർകോകിലരി, കയ്യോന്നി, മേത്തോന്നിക്കിഴങ്ങ്, ചുക്കു, മുളക്, തിപ്പലി, ശർക്കര, പന്നിക്കിഴങ്ങ് (കാട്ടുകാച്ചിൽ) ഇവ പൊടിയ്ക്കേണ്ടതു പൊടിച്ച് എല്ലാംകൂടി കൂട്ടി ശർക്കരയും ചേർത്തരച്ച് താന്നിക്കാപ്രമാണം ഗുളികയുരുട്ടി ദിവസേന രാവിലെ ഓരോ ഗുളിക സേവിക്കുക. ഇങ്ങനെ ഒരു കൊല്ലം മുടങ്ങാതെ സേവിച്ചാൽ കുഷ്ഠം, ദദ്രു, കിലാസം എന്നിതുകൾ നശിക്കുകയും നര ഇല്ലാതാകുകയും ജഠരാഗ്നിക്കു ശക്തി വർദ്ധിക്കുകയും ഉത്സാഹയുക്തനായി നൂറുവത്സരം ജീവിച്ചിരിക്കുകയും ചെയ്യും.

## സർവ്വാംഗസുന്ദരി.

ഭല്ലാതകസഹസ്രൈകം ത്രിഫലാ വാരിണി ക്ഷിപേൽ
ദ്രോണമാത്രേ പചേത്താവദ്യാവൽ പാദാവശേഷിതം.

ശർക്കരായാ ദശപലാന്യേകം വാകുചികാപലം
തഥൈവാത്രൈവ ദേയാനി പലാനി ദശഗുൽഗ്ഗുലോഃ.

ഖദിരാരിഷ്ടമഞ്ജിഷ്ഠാ ബീജകഞ്ചേന്ദ്രവാരുണീ
ചിത്രകം ദേ ഹരിദ്രേ ച ദേവദാരു ഹരീതകീ.

ഭാർഗ്ഗീവചേതി സർവ്വേഷാം പ്രത്യേകഞ്ച പലാർദ്ധകം
പ്രക്ഷിപ്യ ഗുളികാകാര്യ്യം നാമ്നാ സർവ്വാംഗസുന്ദരീ.

പ്രത്യഹം ഭക്ഷയേൽ കുഷ്ഠീ തേ താംബദരമാത്രയാ
സർവ്വാണ്യേവോഗ്രകുഷ്ഠാനി ശീഘ്രമേവ വ്യപോഹതി.

വിധിപ്രകാരം കടുക്ക, താന്നിക്ക, നെല്ലിക്ക ഇവ ചേർത്തുണ്ടാക്കിയ പതിനാറിടങ്ങഴി കഷായനീരിൽ ആയിരം ചേർക്കുരു ഇട്ടുകുറുക്കി നാലിലൊന്നു ശേഷിക്കുമ്പോൾ പിഴിഞ്ഞരിച്ച് പത്തുപലം പ

ഖസാരവും ഒരുപലം കാർകോകിലരിയും പത്തുപലം ശുദ്ധിചെയ്തു ഗുല്ഗുലുവുംകൂടി അതിൽ ചേർത്തു് അടുപ്പേററി പാവുമുറുകുമ്പോൾ അതിൽ കരിങ്ങാലിക്കാതൽ, വേപ്പിൻതൊലി, മഞ്ചട്ടിപ്പൊടി, വേങ്ങക്കാതൽ, കാട്ടുവെള്ളരി, കൊടുവേലിക്കിഴങ്ങു്, വരട്ടുമഞ്ഞൾ, മരമഞ്ഞൾത്തൊലി, ദേവതാരം, കടുക്ക, ചെറുതേക്കിൻവേരു്, വയമ്പു് ഇവ ആറുകഴഞ്ചുവീതം എടുത്തു നല്ലപോലെ പൊടിച്ചപൊടിയും ചേർത്തിളക്കി ലന്തക്കുരു പ്രമാണത്തിൽ ഗുളികയുണ്ടാക്കി സേവിക്കണം. ഈ ഗുളിക (ഒരുയോഗം ഗുളിക) പതിവായി സേവിച്ചുകൊണ്ടിരുന്നാൽ എത്ര വർദ്ധിച്ചതായ കുഷ്ഠവും ക്ഷണത്തിൽ ശമിക്കും.

കുഷ്ഠഹരഗണം.

മാംസീചന്ദനസമ്പാകകരഞ്ജാരിഷ്ടസർഷപം
ശടീകുടജദാർവ്യബ്ദം ഹന്തി കുഷ്ഠമയം ഗണഃ

ജടാമാഞ്ചി, ചന്ദനം, കൊന്നത്തൊലി, പുങ്കിൻഅരി, വേപ്പില, കടുക്കു്, കച്ചോലം, കുടകപ്പാല, മരമഞ്ഞൾ, മുത്തങ്ങ ഇവ കുഷ്ഠത്തെ ശമിപ്പിക്കുന്നതാകുന്നു.

ഖദിരപ്രയോഗം.

പ്രലേപോദ്വർത്തനസ്നാനപാനഭോജനകർമ്മണി
ശീലിതം ഖാദിരം വാരി സർവ്വത്വഗ്ദോഷനാശനം.

ലേപനം, ഉദ്വർത്തനം, സ്നാനം, പാനം, ഭോജനം ഇവയ്ക്കു് കരിങ്ങാലിവെള്ളം ഉപയോഗിച്ചാൽ ത്വഗ്ദോഷങ്ങളെല്ലാം ശമിക്കും.

പഥ്യാപഥ്യങ്ങൾ.

യോഷിന്മാംസസുരാത്യാഗഃ ശാലിമുദ്ഗ യവാദയഃ
പുരാണസ്തിക്തശാകം ച ജാംഗലം കുഷ്ഠിനം ഹിതം.

സ്ത്രീഗമനം, മാംസം, മദ്യം ഇവ വർജ്ജിക്കുക. പഴകിയ ചെന്നെല്ലു്, ചെറുപയറു്, യവം, കയ്പ്പുള്ള ഇലക്കറി, ജാംഗലമാംസരസം ഇവ ഉപയോഗിക്കുക. ഇവയെല്ലാം കുഷ്ഠരോഗികൾക്കു് ഇഷ്ടങ്ങളാകുന്നു.

അന്നപാനം ഹിതം കുഷ്ഠേ നത്വമ്ലലവണോഷണം
ദധിദുഗ്ധഗുളാനൂപ തിലമാഷാം സ്ത്യജേത്തരാം.

അന്നപാനദ്രവ്യങ്ങളിൽ പുളി, ഉപ്പു്, എരിവു് എന്നീ രസാത്മകദ്രവ്യങ്ങൾ ചേർത്തു ശീലിക്കരുതു്. തൈരു്, പാലു്, ശർക്കര, ആനൂപമാംസം, എള്ളു്, ഉഴുന്നു് ഇവ നിശ്ശേഷം വർജ്ജിക്കയും വേണം.

Since 1923

ശുഭം.

# കുഷ്ഠരോഗചികിത്സാദർപ്പണം

(അനുഭവചികിത്സാഗ്രന്ഥം.)

4014

1701

The Mathrubhumi Ptg. & Pbg. Co. Ltd.
CALICUT

കെ. വി. കൃഷ്ണൻവൈദ്യർ.